# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 15 | ലക്കം 5 | മെയ് 2025


"അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ
ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു
അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു." റോമർ 8:29

# വിശുദ്ധി





# ആമുഖം ...

## നിങ്ങളുടെ പരവതാനിക്കു കീഴിൽ എന്താണുള്ളത്?

ഒരു ക്രിസ്ത്യാനിയുടെ ആത്യന്തിക ലക്ഷ്യം വിശുദ്ധജീവിതം നയിച്ചു കൊണ്ട് ഓരോ ദിവസം ക്രിസ്തുവിനെ പോലെ ആകുക എന്നതാകുന്നു. ഹൊറേഷ്യസ് ബോണാർ വിശുദ്ധിയെ വിശദീകരിച്ചത് ഇപ്രകാരമാകുന്നു, "നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നതും, നമ്മുടെ ആസ്തിത്വത്തെ നിറയ്ക്കുന്നതും, നമ്മുടെ ജീവിതം മുഴുവൻ വ്യാപരിക്കുന്നതും, നാം ആയിരിക്കുന്ന, ചെയ്യുന്ന, ചിന്തിക്കുന്ന, സംസാരിക്കുന്ന, ആസൂത്രണം ചെയ്യുന്ന ചെറുതോ വലുതോ ആയ എല്ലാറ്റിനെയും സ്വാധീനിക്കുന്നതുമാണ് വിശുദ്ധി. ആന്തരീകമോ ബാഹ്യമാമോ നിഷേധാത്മകമായതോ പോസിറ്റിവായതോ ആയ നമ്മുടെ സ്നേഹം, വെറുപ്പ്, സങ്കടം, സന്തോഷം, വിനോദങ്ങൾ, ബിസിനസ്സ്, സൗഹൃദങ്ങൾ, ബന്ധങ്ങൾ, നിശ്ശബ്ദത, സംസാരങ്ങൾ, വായന, എഴുത്ത്, നമ്മുടെ പോക്കിലും വരവിലും അങ്ങനെ നമ്മുടെ മുഴു മനുഷ്യമായ ശരീരാത്മദേഹിയിൽ ഓരോ നിമിഷത്തിലും സ്വാധീനിക്കുന്നതാണ് വിശുദ്ധി.

ഒരു കാലത്ത് ശക്തമായിരുന്ന വൻമരം അപ്രതീക്ഷിതിമായി വീണതിനു കാരണം അതിന്റെ ഉള്ളിലെ കാമ്പുകൾ ചിതലുകൾ തിന്നതാണ്. പുറമേക്കു അതു ബലമുള്ളതായി തോന്നിയെങ്കിലും കാലക്രമേണ അതു പൊള്ളയായി പോയി. ഇത് നമ്മുടെ ആത്മീക ജീവിതത്തിനു ശക്തമായ ഒരു രൂപകാലങ്കാരം ആകുന്നു. പുറമെ നാം ആത്മീയമായി ശക്തരായി കാണപ്പെട്ടേക്കാം എന്നാൽ മറഞ്ഞിരിക്കുന്ന പാപങ്ങൾ - ആത്മീയ പരാന്നങ്ങളെ പോലെ - നമ്മെ സാവധാനത്തിൽ ബലഹീനപ്പെടുത്തിയേക്കാം.

ദൈവമക്കളായ നമ്മെ ദൈവീകോദ്ദേശങ്ങൾക്കായി വിശുദ്ധരായിരിക്കുന്നതിനായി (വേർപെട്ടവരായിരിക്കുന്നതിനായി) വിളിക്കപ്പെട്ടിരിക്കുന്നതിനാൽ പഴയ സ്വത്വത്തിൽ നിന്നും ചിലതു നാം വേർപെടുത്തിയെങ്കിലും നമ്മെ ആത്മീകമായി കൊല്ലുമെന്നറിഞ്ഞിട്ടും അവയിൽ പലതിനോടും നാം ഇപ്പോഴും പറ്റി നിൽക്കുന്നു. പലപ്പോഴും നമ്മുടെ പഴയ ജീവിതത്തിന്റെ ശേഷിപ്പുകളെ മുറുകെ പിടിച്ച് നമ്മുടെ വിശ്വാസത്തെ വിഭാഗീകരിക്കുന്നു. നാം ദൈവത്തോടു പറയുന്നു, എന്റെ ജീവിതത്തിന്റെ മിക്കവാറും എല്ലാ ഭാഗവും തന്നിരിക്കുന്നു എന്നാൽ ഈ ചെറിയ ഒരു കാര്യം മാത്രം ഞാൻ സൂക്ഷിക്കുന്നു. നമുക്കതിനെ അവഗണിക്കുവാൻ കഴികയില്ല, നാം അവയെ വെളിപ്പെടുത്തി ക്രിസ്തുവിന്റെ വെളിച്ചത്തിൽ സമർപ്പിക്കാത്തിടത്തോളം അത് നമ്മെ വിട്ടു പോകയില്ല. ജീവനോടെ നമ്മെ തിന്നു നമ്മുടെ ജീവിതത്തെ മുഴുവൻ വിഴുങ്ങി കളയുന്ന നമ്മുടെ വിധിയെ നാം മുദ്ര വെക്കുന്നതായ അവയുടെ സാന്നിധ്യം നാം അവഗണിക്കുന്നത്. നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിനു ഇനിയും പ്രവർത്തിക്കുവാനുണ്ട്. പഴയ ജീവിതത്തിന്റെ ചെറിയ ഭാഗങ്ങൾ ഇപ്പോഴും പ്രതിരോധ ശേഷിയുള്ളതായി പ്രകടമായി നമ്മിൽ നിലനിൽക്കുന്നുണ്ട്. മറ്റാർക്കും ഇത് അറിയത്തില്ല. പുറമേക്ക് നമ്മൾ ആരോഗ്യമുള്ളവരായി കാണപ്പെടുന്നു എന്നാൽ ആന്തരികമായി നാം ജീവൻ നിലനിർത്തുവാൻ പാടുപെടുകയാണ്. അവയെല്ലാം നാം പരവതാനിക്കടിയിലേക്കു തൂത്തുകയറ്റി ഒളിപ്പിച്ചു വെച്ചിരിക്കുന്നു. എന്നിരുന്നാലും വിശുദ്ധിക്ക് സമ്പൂർണ്ണമായ സമർപ്പണം ആവശ്യമാണ്. ഈ മറഞ്ഞിരിക്കുന്ന ആത്മീയ പോരാട്ടത്തെ നാം അവഗണിക്കുന്നത് നമ്മെ ആത്മീയ തകർച്ചയിലേക്കു നയിക്കും.

ഇതിനെ പ്രതിരോധിക്കുവാൻ രണ്ടു കാര്യങ്ങൾ ചെയ്തിരിക്കണം.

**1. പാപം തുറന്നു കാട്ടണം** - ദൈവസന്നിധിയിൽ നാം ഇതു സമ്മതിക്കണം. ഇതിനെ മറെച്ചു വെക്കുന്നതിനു പകരം ദൈവീക പ്രകാശത്തിലേക്കു കൊണ്ടുവരണം. നമ്മുടെ ഏറ്റവും ആഴമേറിയ പാപത്തെ നാം സമ്മതിക്കണം. ദൈവസന്നിധിയിൽ ഏറ്റു പറയണം അപ്പോഴാണ് യഥാർത്ഥ ആത്മീയ പക്വത ആരംഭിക്കുന്നത്.

പേജ് 7 ൽ തുടരുന്നു →→→

"പ്രീയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതു കൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചു കൊൾക."

– 2 കൊരിന്ത്യർ. 7:1

"ദൈവത്തിന്റെ വിശുദ്ധി നാം മനസ്സിലാക്കുമ്പോൾ മാത്രമേ നമ്മുടെ പാപത്തിന്റെ ആഴം നമുക്കു മനസ്സിലാകൂ."

– ബില്ലി ഗ്രഹാം

"എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല."

– എബ്രായർ 12:14

"വിശുദ്ധി എന്നാൽ ദൈവത്തെ സ്നേഹിക്കുകയും നാം ആഗ്രഹിക്കുന്നതു പ്രവർത്തിക്കുകയും ചെയ്യുന്നതല്ല. വിശുദ്ധി എന്നാൽ ദൈവത്തെ സ്നേഹിക്കുകയും ദൈവം ആഗ്രഹിക്കുന്നതു പ്രവർത്തിക്കുകയും ചെയ്യുന്നതാണ്."

– സി. വാഗ്നർ

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്രസമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in



**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



പ്രിയപ്പെട്ട പ്രാർത്ഥന സഹകാരികളെ,

വ്യക്തിപരമായ നോമ്പുകാല ധ്യാനത്തിൽ ലൂക്കോസ് 19:31 ലെ ചെറിയ ഒരു പ്രസ്താവന എന്നെ വളരെയധികം സ്പർശിച്ചു, "**കർത്താവിനു ഇതിനെക്കൊണ്ടു ആവശ്യം ഉണ്ടു**". ചെറിയ ഒരു നിർദ്ദേശമാണെങ്കിലും അതിന്റെ അർത്ഥം ആഴങ്ങളിലേക്കു കടന്നു ചെല്ലുന്നതാണ്. ഗ്രാമത്തിലേക്കു പോകുക, അവിടെ ഒരു കഴുതക്കുട്ടിയെ കാണും, അതിനെ അഴിച്ചു കൊണ്ടു വരിക, അതിനെ അഴിക്കുന്നത് എന്തു എന്നു ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ ഈ നാലു വാക്കുകൾ അവരോടു പറയുക. എന്നാൽ ഈ വാക്കുകൾ തുടർച്ചയായി എന്റെ ഹൃദയത്തിൽ പ്രതിധ്വനിച്ചു കൊണ്ടിരുന്നു. കർത്താവിനു ഇതിനെ ആവശ്യം ഉണ്ട്. ചില തിരുവചന വാക്യങ്ങൾ ശക്തമായ ഇടിമുഴക്കം പോലെ പറയുമ്പോൾ മറ്റുള്ളവ വളരെ ശാന്തമായി പതിഞ്ഞ സ്വരത്തിൽ പറയുന്നു. എന്നാൽ ഇതു രണ്ടും നാം അനുവദിച്ചാൽ നമ്മിൽ മാറ്റങ്ങൾ വരുത്തും. ബലപ്രയോഗത്തിലൂടെയോ ഗാംഭീര്യത്തിലൂടെയോ അല്ല മറിച്ച് നാം മനസ്സോടെ സമർപ്പിച്ചു കൊടുക്കുമ്പോഴാണ് ദൈവം നമ്മെ പ്രവർത്തിക്കുന്നതിനായി തിരഞ്ഞെടുക്കുന്നത്. പ്രപഞ്ചത്തിന്റെ സൃഷ്ടി കർത്താവ് നമ്മെ- സാധാരണ വിഭവങ്ങളുള്ള സാധാരണക്കാരായ നമ്മെ - തന്റെ അസാധാരണ ദൗത്യത്തിനായി വിളിക്കുന്നു എന്നത് എത്ര വിനീതമായ സംഗതിയാകുന്നു. തന്റെ അഭാവം കൊണ്ടല്ല അവനു നമ്മെ വേണ്ടത് പിന്നെ നമ്മുടെ പങ്കാളിത്തം അവൻ ആഗ്രഹിക്കുന്നു. ഒന്നു ആവശ്യമില്ലാത്തവനു നമ്മെ ആവശ്യമാകുന്നു എന്നതു എത്ര ദിവ്യമായ പദവിയാകുന്നു. സാധാരണ കഴിവുകളുള്ള സാധാരണക്കാരായ നമ്മെ അവന്റെ അസാധാരണ ദൗത്യത്തിനു പങ്കാളികളാക്കുന്നതിനു തിരഞ്ഞെടുത്തു.

**ലഭ്യതയുടെ ശക്തി:** യേശുവിനെ ചുമന്നു കൊണ്ടു യരുശേലമിലേക്കു വന്ന കഴുതയെ തിരഞ്ഞെടുത്തത് അതിന്റെ ശക്തി കാരണമല്ല. അതിനായി അതിനെ ഒരുക്കുകയോ ശുദ്ധീകരിക്കുകയോ ചെയ്തില്ല. ഇതിനു മുമ്പ് ഇങ്ങനെ യാത്ര ചെയ്തതിന്റെ അനുഭവ സമ്പത്തുമില്ല. അതു അവിടെ ലഭ്യമായിരുന്നു എന്നതു മാത്രമാണ് കാരണം. അത് രാജാധിരാജാവിനെ ചുമന്നു കൊണ്ട് യരുശലേമിലേക്കു വന്നു, നൂറ്റാണ്ടുകൾക്കു മുമ്പുള്ള പ്രവചനം നിവൃത്തിയായി (സെഖര്യാവ് 9:9). നമ്മുടെ വീണ്ടെടുപ്പിനായുള്ള ദൈവീക പദ്ധതിയുടെ അവസാന അദ്ധ്യായത്തിനു തുടക്കം കുറിച്ചു. പേരു വെളിപ്പെടുത്താത്ത ഉടമ അതിനെ അർപ്പിക്കുവാൻ തയ്യാറായി. പ്രവചനം നിറവേറ്റുന്നതിനും തന്റെ വീണ്ടെടുപ്പിൻ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിനുമായി ആ ലളിതമായ അനുസരണ പ്രവൃത്തി ദൈവം ഉപയോഗിച്ചു.

**ഇത് ദൗത്യത്തിന്റെ കാതൽ ആകുന്നു:** സാധാരണക്കാരായ ആളുകൾ തങ്ങൾക്കുള്ളത് സമർപ്പിക്കുന്നു ദൈവം അസാധാരണമായ പ്രവൃത്തി ചെയ്യുന്നു. ചരിത്രത്തിലുടനീളം മിഷനറിമാരും മിഷന്റെ പങ്കാളികളും ഇതേ പാഠം പ്രതിധ്വനിപ്പിച്ചിട്ടുണ്ട്. പൂർണതക്കു

വേണ്ടി ദൈവം കാത്തിരിക്കുന്നില്ല കീഴടങ്ങുവാൻ ദൈവം ആവശ്യപ്പെടുന്നു. അവൻ സജ്ജരെ വിളിക്കുന്നില്ല; വിളിക്കപ്പെട്ടവരെ അവൻ സജ്ജരാക്കുന്നു. അപ്പോൾ നിങ്ങളുടെ "കഴുതക്കുട്ടി" എന്താകുന്നു? നിങ്ങളുടെ സമയം, താലന്ത്, വിളി അല്ലെങ്കിൽ ലളിതമായ നിങ്ങളുടെ ലഭ്യത? അത് എന്തു തന്നെയായിരുന്നാലും അവന്റെ സൗമ്യമായ വിളി കേൾക്കുക ''കർത്താവിനു ഇതിനെ ആവശ്യം ഉണ്ട്."

**ആഴമായ സമർപ്പണത്തിനുള്ള വിളിയാകുന്നു:** ''കർത്താവിനു നിങ്ങളുടെ ശക്തി ആവശ്യമില്ല. അവനു സ്വന്ത ശക്തി തന്നെ ആവശ്യത്തിലധികം ഉണ്ട്. അവൻ നിങ്ങളുടെ ബലഹീനതയാണ് ചോദിക്കുന്നത്, അവന് അത് ഒട്ടും ഇല്ല" - ചാൾസ് സ്പർജൻ. ദൈവം ഏറ്റവും കഴിവുള്ളവരെ, ഏറ്റവും വിദ്യാഭ്യാസമുള്ളവരെ, അല്ലെങ്കിൽ ഏറ്റവും സമ്പന്നരെ അല്ല അന്വേഷിക്കുന്നത് പകരം ഏറ്റവും സമർപ്പണമുള്ളവരെയാണ് തേടുന്നത് - കർത്താവേ ഞാൻ എനിക്കുള്ളത് നിനക്ക് തരുന്നത് കടപ്പാടു കൊണ്ടല്ല നിന്നോടുള്ള സ്നേഹം കൊണ്ടാണ് എന്നു പറയുന്നവരെയാണ് കർത്താവിനു വേണ്ടത്.

ഇന്നു ഇന്ത്യയിലും അതിനു അപ്പുറവുമുള്ള മിഷൻ പ്രവർത്തനത്തിനു അത്തരം കീഴടങ്ങിയ ഹൃദയങ്ങളെയാണ് ആവശ്യം. തന്ത്രങ്ങളും വിഭവങ്ങളും പ്രാധാന്യമാണ് എന്നാൽ അത് അനുസരണത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം. തന്റെ സമർപ്പണം തലമുറകൾ സ്മരിക്കപ്പെടുമെന്നു കഴുതയുടെ ഉടമസ്ഥന് അറിയില്ലായിരുന്നു. എന്നാൽ സ്വർഗ്ഗം അതു രേഖപ്പെടുത്തിവെച്ചു. നിങ്ങളുടെ കാണിക്ക (വഴിപാട്) - എത്ര ചെറുതാണെന്നു തോന്നിയാലും - ക്രിസ്തുവിന്റെ സാന്നിധ്യം ഒരിക്കലും പരാമർശിക്കപ്പെടാത്ത സ്ഥലങ്ങളിലേക്കു കൊണ്ടു പോകുന്നതിനു അതിനു സാധിക്കുമോ? നമുക്കു ഒന്നും പിടിച്ചു വെക്കാതെ കൂടുതൽ പ്രാർത്ഥിക്കാം കൂടുതൽ നൽകാം കൂടുതൽ സേവനം ചെയ്യാം. ദൈവം നിങ്ങളുടെ കരങ്ങളിൽ തരുന്നത് എന്തു തന്നെയായാലും അതിനെ സൗജന്യമായി സമർപ്പിക്കുക. കർത്താവിന് അത് ആവശ്യമാകുന്നു. അതിന്റെ അനന്തരഫലം നിത്യത വെളിപ്പെടുത്തും.

**ഒരു പവിത്രമായ നാഴികക്കല്ല്: കൃപയുടെ ഒരു നിമിഷം:** ദൈവകൃപയാൽ FMPB യുടെ പുതിയ ജനറൽ സെക്രട്ടറിയുടെ സ്ഥാനാരോഹണ ശുശ്രൂഷ ചെന്നയിൽ വെപ്പറിയിലുള്ള ഇമ്മാനുവേൽ മെഥഡിസ്റ്റ് ചർച്ചിൽ വെച്ചു 2025 ഏപ്രിൽ ഒന്നിന് നടത്തി. ഇത് ഒരു ചടങ്ങ് എന്നതിലുപരി ആത്മീയമായി സമ്പന്നമായ ഐക്യവും ലക്ഷ്യബോധവും കൊണ്ടു അടയാളപ്പെടുത്തിയ ചരിത്രപരമായ ഒരു നിമിഷമായിരുന്നു. സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ എത്തിക്കുക എന്ന ദൗത്യത്തിന്റെ പങ്കാളികളാണെന്നു സ്ഥിരീകരിച്ചു കൊണ്ട് ഇന്ത്യയിലുട നീളമുള്ള നേതാക്കന്മാരും സഹകാരികളും മിഷനറിമാരും പ്രാർത്ഥന പോരാളികളും സന്നിഹിതരായിരുന്നു. സീനിയർ സഭാ നേതാക്കന്മാർ, മിഷൻ സംഘടനകളുടെ നേതാക്കന്മാർ, പങ്കാളികൾ, വിവിധ സഭാവിഭാഗങ്ങളുടെ പ്രതിനിധികൾ എന്നിവർ തങ്ങളുടെ സാന്നിധ്യത്താൽ ഞങ്ങളെ ആദരിച്ചു. പ്രാർത്ഥനയിലൂടെയും സാന്നിധ്യത്തിലൂടെയും പങ്കാളിത്തത്തിലൂടെയും ഞങ്ങളെ പിന്തുണച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. ഇമ്മാനുവേൽ മെഥഡിസ്റ്റ് ചർച്ച് നൽകിയ ഊഷ്മളമായ ആതിഥ്യമര്യാദകൾക്കു പ്രത്യേകം നന്ദി പറയുന്നു.

**ആത്മാവിനാൽ നയിച്ച നിയോഗം:** പ്രവാചക പ്രാർത്ഥനകളും ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ചുള്ള ആഴമായ ബോധവും ആ ആരാധനയുടെ പ്രത്യേകതയായിരുന്നു. നേതൃത്വത്തിന്റെ മേലങ്കി എനിക്കു ലഭിച്ചപ്പോൾ ഒരു കാര്യം എന്നെ ഓർമ്മപ്പെടുത്തി, "കിഴക്കു നിന്നല്ല, പടിഞ്ഞാറു നിന്നല്ല, തെക്കു നിന്നുമല്ല ഉയർച്ച വരുന്നത്. ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു" (സങ്കീ. 75:6,7). നിയമിക്കുന്നതും സജ്ജീകരിക്കുന്നതും നിലനിർത്തുന്നതും ദൈവത്തിന്റെ കരങ്ങളാണ്. ഇത് അവസാനമല്ല പുതിയ ഒരു ആരംഭമാണ്. അഴമായ വിശ്വാസത്തോടും ശക്തമായ പങ്കാളിത്തത്തോടും ദർശനം പങ്കുവെച്ചു സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിലേക്കു സുവിശേഷവുമായി മുന്നേറാം. കൊയ്ത്തു വളരെയുണ്ട്. നമ്മുടെ സകലത്തിനും മതിയായവനായ ദൈവത്തിന്റെ ശക്തിയിൽ ആശ്രിയിച്ച് അവന്റെ നാമ മഹത്വത്തിനായി നമുക്കു യാത്ര തുടരാം.

**കോതമ്പു മണി:** നമ്മുടെ പ്രീയപ്പെട്ട മിഷനറി ശ്രീമതി ജയന്തി കാർത്തികേയന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനുള്ള പാവനവും ഹൃദയ ഭേദകവുമായ അവസരം എനിക്കു ലഭിച്ചു. ഹരിയാനയിൽ മോട്ടർ സൈക്കിളിൽ നിന്നു വീണു തലക്ക് പരുക്കേറ്റ് ദാരുണമായി മരണമടഞ്ഞ നമ്മുടെ പ്രീയപ്പെട്ട മിഷനറി ശ്രീമതി. ജയന്തി കാർത്തികേയന്റെ (42) വിയോഗത്തിൽ ഞങ്ങൾക്കുള്ള അഗാധമായ ദുഃഖം പങ്കുവെക്കുന്നു. ദൈവത്തിന്റെ സമർപ്പിത ദാസിയായിരുന്ന അവരുടെ കാരുണ്യപൂർണ്ണമായ പ്രവൃത്തി അനേകരുടെ ജീവിതങ്ങളെ സ്പർശിക്കുകയും FMPB കുടുംബത്തിൽ മായാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തു. സംസ്കാര ശുശ്രൂഷ 2025 ഏപ്രിൽ 16 ന് റത്തിയ സഭയിൽ വെച്ചു നടത്തി. തുടർന്നു ഫത്തെബാദിലുള്ള ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. അവരുടെ പൈതൃകത്തെ ആദരിച്ചു കൊണ്ട് ധാരാളം വിശ്വാസികളും മിഷനറിമാരും പാസ്റ്ററന്മാരും സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളോട് – ഭർത്താവ് കാർത്തീകേയൻ, പെൺ മക്കളായ ഇവാൻജലിൻ (21), ജാസ്മിൻ (19) എന്നിവരോടു – ഞങ്ങളുടെ അഗാധമായ വേദനയും പ്രത്യാശ നിർഭരമായ അനുശോചനവും അറിയിക്കുന്നു. ദൈവത്തിന്റെ സമാധാനം അവരോടു കൂടെയിരുന്നു ആശ്വസിപ്പിക്കട്ടെ. വെല്ലുവിളികൾ നിറഞ്ഞ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്ന നമ്മുടെ മിഷനറിമാരുടെ സുരക്ഷിതത്വത്തിനും ബലത്തിനുമായി പ്രാർത്ഥിക്കുവാൻ ഞങ്ങൾ നിങ്ങളോടു അഭ്യർത്ഥിക്കുന്നു. ശ്രീമതി. ജയന്തിയുടെ പൈതൃകത്തെ ആദരിക്കുന്നതിനൊപ്പം എല്ലാ സഹകാരികളോടുമുള്ള ഞങ്ങളുടെ അപേക്ഷ – ദയവായി വെല്ലുവിളികൾ നിറഞ്ഞ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്ന മിഷനറിമാരുടെ ക്ഷേമത്തിനും സുരക്ഷിതത്തിനും ബലത്തിനുമായി പ്രാർത്ഥിക്കുക.

**പുതിയ ഭാരവാഹികളുടെ പരിചപ്പെടൽ – ആത്മ പ്രചോദിതമായ കൂട്ടായ്മ:** 2025 ഏപ്രിൽ ആറാം തീയതി പാളയംകോട്ടയിലുള്ള സ്നേഹാലയത്തിൽ വെച്ചു FMPB യുടെ പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തുന്ന ശുശ്രൂഷ അനുഗ്രഹകരമായി നടത്തി. തമിഴ്നാടിന്റെ തെക്കൻ

മേഖലയിൽ നിന്നുള്ള 300 ലധികം നേതാക്കന്മാരും സഹകാരികളും പ്രാർത്ഥന പങ്കാളികളും ഒരുമിച്ചു കൂടി ആത്മാവിന്റെ ഐക്യത്തിൽ ദൈവത്തെ ആരാധിക്കുകയും ദർശനം പങ്കുവെക്കുകയും ചെയ്തു. മികച്ച രീതിയിൽ ആസൂത്രണം ചെയ്ത് പ്രോഗ്രാം വിജയകരമാക്കിയ സമർപ്പണമുള്ള നേതാക്കന്മാരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. അർത്ഥപൂർണ്ണമായ കൂട്ടായ്മക്കും പ്രാർത്ഥനക്കും സമയം വേർതിരിച്ചിരുന്നു. നമ്മുടെ പ്രസിഡണ്ട് ശ്രീ. ജോൺ ശമുവേൽ, വൈസ് പ്രസിഡണ്ട് ശ്രീ. സാം പൊന്നയ്യ, ട്രഷറാർ CA നെൽസൺ എന്നിവരും ജനറൽ സെക്രട്ടറിയായ ഞാനും FMPB യുടെ പുതുക്കപ്പെട്ട ദർശനത്തെ – ആഴമായ വിശ്വാസം, വിശാലമായ അനുകമ്പ, സുവിശേഷം ശ്രവിക്കാത്തവരെ നേടുന്നതിനുള്ള സമർപ്പണം എന്നിവ പങ്കുവെച്ചു. പ്രോത്സാഹനത്തിന്റെയും ദൈവവിളിയാലുള്ള സമർപ്പണം പുതുക്കുന്നതിന്റെയും സമയമായിരുന്നു.

**സഭയും മിഷനും തമ്മിലുള്ള ബന്ധവും പങ്കാളിത്വവും:** 2025 ഏപ്രിൽ അഞ്ചിന് തിരുനെൽവേലി സി എസ് ഐ മഹായിടവക ബിഷപ്പ് റൈറ്റ്. റവ. ബർന്നബാസ് ഞങ്ങൾക്കു ഊഷ്മളമായ സ്വാഗതം നൽകി. നമ്മുടെ നേതാക്കന്മാരോടു ചേർന്നുള്ള അർത്ഥവത്തായ ഈ കൂട്ടായ്മ പരസ്പരമുള്ള ബന്ധം പുതുക്കുന്നതിനുള്ള സുവർണ്ണ നിമിഷങ്ങളായിരുന്നു. കർത്താവിന്റെ മഹാനിയോഗത്തോടുള്ള അനുസരണത്തിൽ എങ്ങനെ സഭക്കും FMPB യെ പോലെയുള്ള സംഘടനക്കും ചേർന്നു പോകുവാൻ കഴിയുമെന്നതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയായിരുന്നു.

സഭ എല്ലായ്പോഴും മിഷനുകളുടെ ഗർഭപാത്രമാകുന്നു. വിശ്വസ്തരെ പരിപോഷിപ്പിച്ചു കൊയ്ത്തുള്ള വയലിലേക്കു നിയോഗിച്ചു അയക്കുന്നു. സഭകളും മിഷൻ സംഘടനകളും ദൈവരാജ്യ മഹത്വത്തിനായി കൂടുതൽ യോജിച്ചു പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ അവബോധം, സംയുക്ത പ്രാർത്ഥനകൾ, യുവജന സമ്മേളനങ്ങൾ, നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പുതിയ വഴികളെ കുറിച്ചു ഞങ്ങൾ പര്യവേഷണം ചെയ്തു. ഓരോ വിശ്വാസിയും ആരാധനക്കൂട്ടങ്ങളും കർത്താവിന്റെ വീണ്ടെടുപ്പ് ദൗത്യത്തിൽ പങ്കാളികളാകുന്നു എന്നതു ഉറപ്പാക്കുന്നതിനായുള്ള ഞങ്ങളുടെ പ്രതിബദ്ധത പുതുക്കി. ഈ പുതുക്കപ്പെട്ട സംരംഭങ്ങളുമായി മുന്നോട്ടു പോകുമ്പോൾ ദയവായി പ്രാർത്ഥിക്കുന്നതു തുടരുക. ഈ പുതുക്കപ്പെട്ട പങ്കാളിത്തം ദൈവനാമ മഹത്വത്തിനായി നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കുമാറാകട്ടെ.

**മിഷനറിമാർ എഴുന്നൽക്കുന്നതിനായി കാഹളം മുഴക്കണം:** പട്ടണങ്ങൾ മുതൽ ഗ്രാമങ്ങൾ വരെ ഇന്ത്യയുടെ ആവശ്യം അടിയന്തിരമാണ്. ഇത് ഒരു മാറ്റത്തിനു വേണ്ടി മാത്രമല്ല ക്രിസ്തുവിന്റെ വെളിച്ചത്തിനു വേണ്ടിയുള്ളതാണ്. മിഷനുള്ള ആഹ്വാനം വ്യക്തമാണ്. ദൈവത്തിന്റെ സ്നേഹവും സത്യവും ആർ വഹിക്കും? ദൗത്യ നിർവഹണത്തിനുള്ള ആഹ്വാനം അകലങ്ങളിൽ നിന്നുള്ള ഒരു പ്രതിധ്വനിയല്ല ഈ നാടിന്റെ ഹൃദയത്തിൽ നിന്നുള്ള ഒരു ദിവ്യ ആഹ്വാനമാണ്. സൗകര്യത്തെക്കാൾ അനുസരണവും സുരക്ഷിതത്തെക്കാൾ ത്യാഗവും തിരഞ്ഞെടുക്കുന്ന ഉവ്വ് എന്നു പറയുവാൻ മനസ്സുള്ള ഒരു തലമുറകളെ കർത്താവ് എഴുന്നേൽപ്പിക്കുന്നു. സുവിശേഷം ഏറ്റവും അത്യാവശ്യമുള്ളിടത്തു ജീവിക്കുവാൻ മനസ്സുള്ള അദ്ധ്യാപകരെ,

സുവിശേഷകരെ, നേഴ്സുമാരെ, പാസ്റ്ററന്മാരെ, മദ്ധ്യസ്ഥരെ, സുവിശേഷത്തിനായി ദൈനം ദിനം ജീവിക്കുന്ന വിശ്വാസികളെ നമുക്ക് ആവശ്യമുണ്ട്. നിങ്ങൾ പോകുമോ? നിങ്ങളുടെ കുടുംബത്തിൽ നിന്ന്, സഭയിൽ നിന്ന്, നിങ്ങളുടെ തെരുവിൽ നിന്ന്, നിങ്ങളുടെ ഗ്രാമത്തിൽ നിന്ന് ഒരാളെ അയക്കുമോ?

**അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നതിനുള്ള ആഹ്വാനം:** ഗോത്രവർഗ്ഗക്കാരുടെ ഗ്രാമമായ ജാവ്ടയിലും (ഗുജറാത്ത്), പന്ഥേനിയിലും (ജാർഖണ്ഡ്) ഉള്ള മിഷൻ സ്കൂളുകൾ കുട്ടികൾക്കു വിദ്യാഭ്യാസം നൽകി അവരിൽ പ്രതീക്ഷ വളർത്തുന്നു. ഈ സ്കൂളുകൾ അവർക്കു വിദ്യാഭ്യാസം നൽകുന്നതിലുപരി സാമൂഹ്യവും സാമ്പത്തീകവുമായി കടുത്ത ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഈ കുട്ടികൾക്ക് അന്തസ്സും സ്വപ്നങ്ങളും ഭാവിയും വാഗ്ദാനം നൽകുന്നു. എന്നാൽ ഈ യുവ ജീവിതങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്നതിനു ആളുകളെ ആവശ്യമാണ് – അവരെ പഠിപ്പിക്കുന്നതിനു മാത്രമല്ല അവരുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിനു മനോഭാവമുള്ള ക്രിസ്തീയ അദ്ധ്യാപകരെയാണ് വേണ്ടത്. ഇത് ഒരു ജോലി എന്നതിലുപരി കുട്ടികളുടെ കഴിവുകളിൽ വിശ്വാസിച്ച് അവരെ പ്രോത്സാഹിപ്പിച്ച് ഉയർത്തി കൊണ്ടുവരുന്നതിനുള്ള ഒരു ആഹ്വാനമാണ്. ഇത് അടിയന്തിര ആവശ്യമാണ്. ഈ ആഹ്വാനത്തിനു നിങ്ങൾ ഉത്തരം നൽകുമോ?

**പ്രാർത്ഥനക്കുള്ള ആഹ്വാനം: ഉടനെ നടത്തുന്ന മിഷൻ സമ്മേളനങ്ങൾ:** തമിഴ്നാട്ടിലും ആന്ധ്രായിലും സംസ്ഥാന തലത്തിൽ മിഷൻ കൺവൻഷനുകൾ നടത്തുന്നതിനു നാം തയ്യാറെടുക്കുന്നു. സുവിശേഷത്തിനായി ഒരു സുപ്രധാന കാലഘട്ടത്തിന്റെ പടിവാതിൽക്കൽ നാം നിൽക്കുകയാണ്.

ഈ സമ്മേളനങ്ങൾ വെറുമോരു കൂടിവരവ് മാത്രമല്ല – ആത്മാവിനാൽ നയിക്കപ്പെടുന്ന ദർശനത്തിന്റെയും ആരാധനയുടെയും വിഭവ സമാഹരണത്തിന്റെയും നിമിഷങ്ങളാകുന്നു. ജീവിതങ്ങളിൽ രൂപാന്തരം കാണണം. മിഷനറിമാർ എഴുന്നേൽക്കണം, നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന ആവശ്യമാണ്. ഈ സമ്മേളനം പ്രാർത്ഥനയാൽ നിറയ്ക്കാം. ദൈവത്തിന്റെ ശക്തമായ പ്രവൃത്തി ഉണ്ടാകും എന്നു വിശ്വസിക്കാം.

**മനേജ്മെന്റ് കമ്മറ്റിയോഗം:** ആസൂത്രണം ചെയ്യുന്നതിനും സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി 2025 മെയ് 3,4 തീയതികളിൽ നടത്തുവാനുദ്ദേശിക്കുന്ന മാനേജ്മെന്റ് കമ്മറ്റി യോഗത്തിന്റെ അനുഗ്രഹത്തിനായി നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ തുടർച്ചയായ സഹകരണത്തിനു ഞങ്ങൾ നന്ദിയറിക്കുന്നു. ദൈവരാജ്യത്തിന്റെ മഹത്വത്തിനായി ഞങ്ങൾ ചെയ്യുന്ന ശുശ്രൂഷയെ നിങ്ങളുടെ പ്രാർത്ഥനയും സഹായവും ശക്തീകരിക്കുന്നു. നമ്മുടെ മുമ്പെ പോകുന്ന ദൈവത്തിൽ ആശ്രയിച്ചും ഏറ്റവും നല്ലതു വരാനിരിക്കുന്നതേയുള്ളു എന്നു വിശ്വസിച്ചും കൊണ്ട് നമുക്കു ഒരുമിച്ചു മുന്നോട്ടു പോകാം.

താഴ്മയോടെ കർത്താവിന്റെ
ശുശ്രൂഷയിൽ



റവ. വിജയ് പ്രസന്ന ഐസക്
ജനറൽ സെക്രട്ടറി.



# കൂടുതൽ വിശുദ്ധി

*" ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ "*
*- 1 പത്രോസ് 1:16.*

എർമിൻ എന്ന ചെറിയ മൃഗം 4 മുതൽ 7 വർഷം വരെ ജീവിക്കയുള്ളു. 13 മുതൽ 29 സെന്റിമീറ്റർ നീളവും ഏകദ്ദേശം 300 ഗ്രാം ഭാരവുമുള്ള ഈ വെളുത്ത ജീവിയെ അതിന്റെ രോമങ്ങൾക്കു വേണ്ടി വേട്ടയാടുന്നു. പുരാതന കാലത്ത് എർമിനെ വിശുദ്ധിയുടെ അടയാളമായി കരുതപ്പെട്ടിരുന്നു. വേട്ടക്കാർ അതിനെ പിടിക്കുവാൻ ശ്രമിക്കുമ്പോൾ അതിന്റെ ഗുഹയുടെ പരിസരങ്ങളിൽ അഴുക്കു വിതറും. രക്ഷപ്പെട്ടു ഓടുന്ന എർമിൻ ഗുഹയുടെ പരിസരത്തു വരുമ്പോൾ അഴുക്കുകളിലൂടെ കടന്നാലെ രക്ഷപ്പെടുവാൻ കഴികയുള്ളു എന്ന അവസ്ഥ വരും. വെളുത്ത രോമങ്ങളിൽ അഴുക്കു പറ്റുന്നതിനെക്കാൾ ചാകുവാൻ അതു തയ്യാറാകും. വിശുദ്ധിയെ കുറിച്ചു നാം ധ്യാനിക്കുമ്പോൾ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട നാം എങ്ങനെ വിശുദ്ധ ജീവിതം നയിക്കണമെന്നതു പരിഗണിക്കുവാൻ ഇതു ശക്തമായ ഓർപ്പെടുത്തലാകുന്നു.

## എന്താണ് വിശുദ്ധി?

വിശുദ്ധി അർത്ഥമാക്കുന്നത് വേർപാട് - പാപ പങ്കിലമായ ലോകത്തിന്റെ പ്രവൃത്തിയിൽ നിന്നു വേർപെട്ട ജീവിതം നയിക്കുക. നിയമപെട്ടകത്തിൽ സൂക്ഷിച്ച എല്ലാ വസ്തുക്കളും സാധാരണ രീതിയിലാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അതിനെ വേർപെടുത്തി പെട്ടകത്തിന്റെ ഉള്ളിൽ വെച്ചപ്പോൾ അതു പാവനവും പരിശുദ്ധവും ആയി തീർന്നു (എബ്രാ.9: 2-4). വിശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല എന്നു എബ്രായർ 12:14 നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശുദ്ധി ദൈവത്തിന്റെ സ്വഭാവഗുണമാണ്. യേശുക്രിസ്തുവിന്റെ വാക്കുകളിലൂടെ ദൈവം അത് നമുക്കു വെളിപ്പെടുത്തി. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും നമ്മുടെ പാപത്തെ ദൈവസന്നിധിയിൽ ഏറ്റു പറയുന്നതിലൂടെയും യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുന്ന

---

➔➔➔ കവർ പേജ് 2 ന്റെ തുടർച്ച

**2. സമ്പൂർണ്ണമായ സമർപ്പണം.** ഒരിക്കൽ തുറന്നു സമ്മതിച്ചാൽ അതു ക്രിസ്തുവിനു വിട്ടു കൊടുക്കണം. നാം ദൈവത്തിങ്കൽ പൂർണ്ണമായി സമർപ്പിക്കുമ്പോൾ മാത്രമേ വളർച്ചയും പുതുക്കവും സംഭവിക്കുകയുള്ളു.

ആ വൃക്ഷം നശിച്ചു പോകേണ്ടതില്ലായിരുന്നു. നമ്മുടെ ആത്മീയ ജീവിതവും നശിക്കേണ്ടതില്ല. നമ്മുടെ ഉള്ളിൽ രഹസ്യമാക്കിവെച്ചിരിക്കുന്ന ആത്മീയ പോരാട്ടത്തെ നാം ദൈവസന്നിധിയിൽ വെളിപ്പെടുത്തുകയും സമർപ്പിക്കുകയും ചെയ്യുമ്പോൾ നമ്മിൽ സൗഖ്യ പ്രക്രിയ ആരംഭിക്കുന്നു. ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കു വളരുന്നതിനു നമ്മെ അനുവദിക്കുന്നു. 'സ്വകാര്യ വിജയമില്ലെങ്കിൽ പൊതു വിജയവുമില്ല'- ശ്രീ. ജോൺ ശമുവേൽ, FMPB പ്രസിഡണ്ട്. നമ്മുടെ സ്വകാര്യ ജീവിതത്തിൽ വിജയികളാകാം മറ്റുള്ളവരെ വിജയത്തിലേക്കു നയിക്കാം!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

തിലൂടെയും ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെട്ടിട്ടു ഈ ലോകത്തിൽ അവന്റെ വിശുദ്ധിക്കു സാക്ഷിയാകുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

## എന്തുകൊണ്ട് വിശുദ്ധി ആവശ്യമായിരിക്കുന്നു?

വിശുദ്ധി നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാഗത്തെയും സ്പർശിക്കണം – നമ്മുടെ വസ്ത്രധാരണം (പുറ.40:13-15), കണ്ണുകൾ (ഇയ്യോബ്. 31:1, മത്തായി. 5:28), വാക്കുകളും ചിന്തകളും (സങ്കീ.66:18), ശരീരം (1 കൊരി.3:17,6:19; 1 പത്രോസ് 1:14; റോമർ 6:19,12:1). എല്ലാ വിഷയത്തിലും വിശുദ്ധ ജീവിതം നയിക്കുന്നതിന്റെ മാതൃകയായിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. യോഹന്നാൻ 8:16 ൽ യേശുക്രിസ്തു പറയുന്നതു പോലെ "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും.'' ദൈവത്തിന്റെ കൃപയാൽ നമ്മെ പാപത്തിൽ നിന്നും സ്വതന്ത്രരാക്കി വിശുദ്ധ ജീവിതം നയിക്കുവാൻ വിശുദ്ധീകരിച്ചിരിക്കുന്നു.

## എങ്ങനെ വിശുദ്ധിയിൽ വളരാം:

വില്യം ഷാ പറഞ്ഞു, "പ്രാർത്ഥിക്കുവാൻ പഠിച്ച ഒരാൾക്കു വിശുദ്ധ ജീവിതത്തിന്റെ രഹസ്യം അറിയുവാനും അനുഭവിക്കുവാനും കഴിയും." എല്ലാ ചുറ്റുപാടുകളിലും പ്രാർത്ഥിക്കുന്നതിന്റെ മാതൃക യേശുക്രിസ്തുവാകുന്നു – ഏകനായി (മർക്കൊസ്.1:35), മറ്റുള്ളവരുമായി ചേർന്നു (ലൂക്കോ.21:36), ലാസറിന്റെ കല്ലറയ്ക്കൽ (യോഹ.11:41-44).

പ്രാർത്ഥന വ്യക്തിഗതമോ കുടുംബത്തോടൊപ്പമോ കൂട്ടമായിട്ടോ എങ്ങനെയും ആകട്ടെ പ്രാർത്ഥന വിശുദ്ധ ജീവിതത്തിന്റെ കാതലാകുന്നു. പ്രാർത്ഥന ദൈവമക്കളുടെ ജീവശ്വാസമാകുന്നു. അത് വിശുദ്ധിയുടെ ആഴത്തിലേക്കു നമ്മെ നയിക്കുകയും ദൈവത്തിന്റെ ഹൃദയത്തെ ചലിപ്പിക്കുകയും ചെയ്യുന്നു. ജോൺ ബനിയൻ പറഞ്ഞു, "ഇടവിടാതെ പ്രാർത്ഥിക്കുക, പ്രാർത്ഥന ആത്മാവിനു ഒരു പരിചയും ദൈവത്തിനു ഒരു യാഗവും പിശാചിനു ഒരു ശിക്ഷയും ആകുന്നു." വേദപുസ്തകത്തിലെ വീര നായകരായ മോശെ, നെഹമ്യാവ്, എസ്ഥേർ എന്നിവരെ പോലെ നമുക്കും പ്രാർത്ഥനയാൽ സകലത്തെയും ജയിക്കുവാൻ സാധിക്കും. രാജസ്ഥാനിലെ വികാസ് ഹൃദയത്തിലും കരളിലും വീക്കം വന്നു മാസങ്ങളോളം കഷ്ടപ്പെട്ടു. വിശ്വാസിയായ അവന്റെ ഭാര്യ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. വികാസ് പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവളുടെ പ്രാർത്ഥന ദൈവത്തെ സ്പർശിച്ചു. ജോൺ വാൻസിന്റെ വാക്കുകൾ ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു "കണ്ണുകളിൽ കണ്ണുനീർ ഉണ്ടാകുന്നില്ല എങ്കിൽ ആത്മാവിൽ മഴവില്ല് ഉണ്ടാകുകയില്ല."

നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബത്തിലും രാവിലെയും വൈകിട്ടും പ്രാർത്ഥിക്കുന്ന സമയം വർദ്ധിപ്പിക്കാം അങ്ങനെ നമുക്കു വിജയം അനുഭവമാക്കാം.

## ദൈവവചനത്തിൽ വസിച്ച് വിശുദ്ധിയിൽ വളരാം:

"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും'' (യോഹ.15:7). കാര്യങ്ങൾ ഗ്രഹിക്കുന്നതിനും (ലൂക്കോ.2:46), പ്രലോഭനങ്ങളോടു എതിർത്തു നിൽക്കുന്നതിനും (മത്തായി 4:4,7,10) യേശുകർത്താവ് തിരുവചനത്തെ ആശ്രയിച്ചു. ഇതു പോലെ സങ്കീർത്തനം 119:7-11 ഉത്സാഹിപ്പിക്കുന്നതു പോലെ നാം വേദപുസ്തകം വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും ചെയ്യണം.

സങ്കടകരമെന്നു പറയട്ടെ അനേകർ ദൈവവചനത്തിന്റെ ശക്തിയെ അവഗണിക്കുന്നു. തിരുവചനം ജീവിതങ്ങളെ രൂപാന്തിരപ്പെടുത്തുന്നു. ഞാൻ ഭക്തിയുള്ള ഒരു ഹൈന്ദവ കുടുംബത്തിലാണ് ജനിച്ചത്. 1984 ൽ എന്റെ പതിനെട്ടാമത്തെ വയസ്സിൽ പിതാവിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പുതിയ നിയമം വായിക്കുവാൻ തുടങ്ങി. മൂന്നു മാസത്തിനുള്ളിൽ ആറു പ്രാവശ്യം ഞാൻ വായിച്ചു. ദൈവവചനത്തിലൂടെ ദൈവം എന്നോടു സംസാരിച്ചു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിലേക്കും സ്നാനപ്പെടുന്നതിലേക്കും ക്രിസ്തുവിനെ അനുഗമിക്കുന്നതിലേക്കും അത് എന്നെ നയിച്ചു. കഴിഞ്ഞ 41 വർഷം ഞാൻ ഒരു ദൈവപൈതലായി ജീവിക്കുന്നു. 33 വർഷമായി FMPB യിൽ മിഷനറിയായി പ്രവർത്തിക്കുന്നു.

ഡി എൽ മൂഡി പറഞ്ഞു, “വേദപുസ്തകം നൽകിയിരിക്കുന്നത് നമ്മുടെ അറിവ് വർദ്ധിപ്പിക്കുന്നതിനല്ല, ജീവിതത്തെ മാറ്റുന്നതിനായിട്ടാണ്.”

### ദൈവമക്കളുമായുള്ള കൂട്ടായ്മയിൽ വളരണം:

യോഹന്നാൻ 15:12 പറയുന്നു, ത്യാഗപൂർവ്വം, നിരുപാധികം യേശു നമ്മെ സ്നേഹിച്ചതു പോലെ നാം മറ്റുള്ളവരെ സ്നേഹിക്കുന്നതിനായി യേശു നമ്മെ വിളിച്ചിരിക്കുന്നു. ഗുജറാത്തിൽ അമ്പബാനി ഗ്രാമത്തിലെ പുതിയ വിശ്വാസികൾ പീഡനത്തെ അഭിമുഖീകരിച്ചു. ഗ്രാമത്തലവൻ പൊതു കിണർ ഉപയോഗിക്കുവാൻ അവരെ അനുവദിച്ചില്ല. എന്നാൽ ദൈവം നൽകിയ ആലോചന പ്രകാരം വിശ്വാസിയായ രജ്ജിത്ത് അവന്റെ വസ്തുവിൽ ഒരു കിണർ കുഴിച്ചു. അതിലെ വെള്ളം അവനും ഭാര്യയും അവരെ ഉപദ്രവിച്ചവർ ഉൾപ്പടെ എല്ലാവർക്കു സൗജന്യമായി നൽകി. ഈ സ്നേഹത്തിന്റെ പ്രവർത്തി അനേകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. ഇതു നിമിത്തം ആ ഗ്രാമത്തിലെ 40 കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ പ്രവർത്തിയിലൂടെ ദൈവസ്നേഹം പ്രകടമാക്കുന്നതിനു ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

### ഫലം കായ്ക്കുന്നതിനുള്ള സ്ഥിരോത്സാഹത്തിലൂടെ വിശുദ്ധിയിൽ വളരാം:

നിലനിൽക്കുന്ന ഫലം കായ്ക്കുന്നതിനായി യേശു നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു (യോഹ.15:16), ആത്മാവിന്റെ ഫലം കായ്ക്കണം (ഗലാത്യർ 5:22-23). ഈ വിശുദ്ധി ജീവിതത്തിലുട നീളം പ്രകടമാക്കിയതിനു ഉദാത്തമായ ഉദാഹരണമാകുന്നു യോസഫിന്റെ ജീവിതം. (ഉല്പ.37-50).

ഫലം കായ്ക്കുവാൻ നാം മുന്തിരിവള്ളിയായ ക്രിസ്തുവിനോടു പറ്റിച്ചേർന്നു വസിക്കണം. ദൈവനാമമഹത്വത്തിനായി ജീവിക്കുന്നതിനു നമ്മെ ചെത്തി വെടിപ്പാക്കുവാൻ അനുവദിക്കണം. ഇതു അർത്ഥമാക്കുന്നത് യേശുക്രിസ്തുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുക, പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിച്ച് FMPB യുടെ ശുശ്രൂഷ പങ്കുവെക്കുക, രോഗികളെ സന്ദർശിക്കുക, നമ്മുടെ സമൂഹത്തിലും പ്രവർത്തന മണ്ഡലങ്ങളിലും കർത്താവിന്റെ സ്നേഹം പ്രചരിപ്പിക്കുക.

നാം വിശുദ്ധിയിൽ വളരുന്നതിലൂടെ നമ്മുടെ ജീവിതം മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു നയിക്കുമാറാകട്ടെ. ദൈവത്തിന്റെ കൃപ നമ്മോടു കൂടെയിരിക്കുമാറാകട്ടെ. ആമേൻ.

**റവ. മണിമാരൻ**
സെക്രട്ടറി, മൊബലൈസേഷൻ
- സെന്റർ റീജിയൻ, ട്രിച്ചി.

# പ്രസിഡണ്ടിന്റെ കത്ത്...



കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

''ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു. ക്രിസ്ത്യാനികളായ നിങ്ങൾ അനേകരും ക്രിസ്തുവിനെ പോലെയല്ല എന്നതാണ് സത്യം. വേദപുസ്തകത്തിൽ കാണുന്ന ക്രിസ്തുവിന്റെ ഉപദേശം പോലെ ക്രിസ്ത്യാനികൾ ജീവിച്ചിരുന്നെങ്കിൽ ഇന്ത്യയിലുള്ള എല്ലാവരും ക്രിസ്ത്യാനികളാകുമായിരുന്നു.'' യേശു പഠിപ്പിച്ചതു പോലെ നാം ജീവിക്കണമെന്നതിന്റെ ആവശ്യകതയെ ഓർമ്മപ്പെടുത്തലാണ് മഹാത്മ ഗാന്ധി, സ്റ്റാൻലി ജോൺസണോടു പറഞ്ഞ ഈ ഗഹനമായ പ്രസ്താവന. ക്രിസ്ത്യാനികൾ വേദപുസ്തക മൂല്യങ്ങളും തത്വങ്ങളും അനുശാസിക്കുന്നതു പോലെ ജീവിതം നയിക്കുകയാണെങ്കിൽ നമുക്ക് ലോകത്തെ സ്വാധീനിക്കുവാൻ സാധിക്കും.

## "നിങ്ങളുടെ ഇടയിൽ അങ്ങനെയായിരിക്കയില്ല" - നിങ്ങളുടെ കാര്യത്തിൽ അങ്ങനെ അരുത്

ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ എല്ലായ്പോഴും ഈ ലോകത്തിന്റെ മൂല്യങ്ങൾക്കു വിരുദ്ധമായിരിക്കും. പലപ്പോഴും ഈ ദിവ്യമായ വിരോധാഭാസം മനസ്സിലാക്കുവാൻ നമ്മൾ പാടുപെടുന്നു, ക്രിസ്തുവിന്റെ മനസ്സ് മനസ്സിലാക്കി അതിനെ സ്വീകരിക്കുവാനും അതിൻപ്രകാരം പ്രവർത്തിക്കുന്നതിനും നാം ബുദ്ധിമുട്ടുന്നു. അതുകൊണ്ടാണ് യേശു വ്യക്തിഗതമായി ശിഷ്യന്മാരോടു സംസാരിക്കുകയും മത്തായി. 20:25-26 ൽ കാണുന്നതു പോലെ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്തത്. ഈ ലോക ഭരണാധികരികൾ അഹങ്കാരത്തോടും ആധിപത്യ മനോഭാവത്തോടും കൂടിയാണ് അധികാരം നടത്തുന്നതെങ്കിലും ക്രിസ്തീയ നേതൃത്വത്തിലേക്കു വിളിക്കപ്പെട്ടവരായ നിങ്ങളുടെ ഇടയിൽ അങ്ങനെയായിരിക്കരുതെന്നു യേശു വിശദീകരിച്ചു.

പകരം യേശു പറഞ്ഞു "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം." പ്രശസ്തരായ ആളുകളെയല്ല ദൈവം തേടുന്നത് പകരം ദാസ്യ നേതൃത്വത്തെയാണ്. കാരണം ദൈവരാജ്യത്തിൽ മഹത്വം ദാസന്മാർക്കുള്ളതാണ്. ക്രിസ്ത്യാനികളെന്ന നിലയിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിനയത്തിന്റെയും സത്യസന്ധതയുടെയും ഒരു സംസ്കാരം നാം കൊണ്ടു വരണമെന്നതാണ് എന്റെ ആഗ്രഹം. ഈ പുതിയ സംസ്കാരം നമ്മുടെ ജീവിത ശൈലിയിൽ ചില മാറ്റങ്ങൾ ആവശ്യപ്പെടുന്നു.

**1. കഴുതയുടെ വേല ചെയ്യുക. (മത്തായി.21:2):** ശിഷ്യന്മാർ സുവിശേഷം പ്രസംഗിക്കുകയും സൗഖ്യമാക്കുകയും ചെയ്തിട്ടു തിരികെ വരുമ്പോൾ യേശു അവരിൽ രണ്ടു പേർക്കും തീരെ പ്രതീക്ഷിക്കാത്ത ഒരു ദൗത്യം നൽകുന്നു - കഴുതയെ അഴിച്ചു കൊണ്ടു വരിക. അതു ഹീനമെന്നു തോന്നിയെങ്കിലും അവർ പിറുപിറുക്കാതെ അനുസരിച്ചു. അതിനെയാണ് ഞാൻ കഴുത പണി എന്നു വിളിക്കുന്നത്. മിഷനു വേണ്ടി ഏറ്റവും ലളിതമായ വേല ചെയ്യുവാനുള്ള മനസ്സ്. നമ്മെ ഭരമേല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ എന്തുതന്നെയായിരുന്നാലും

അതു കഴുതയുടെ പണിയായാലും നാം അതു ചെയ്യുമെന്നു ദൈവം നമ്മിൽ വിശ്വസിക്കുമോ?

അനേക വർഷങ്ങൾക്കു മുമ്പ് തിരുനെൽവേലിയിലുള്ള കോളജു കുട്ടികൾക്കായി ഒരു വലിയ വിദ്യാർത്ഥി ക്യാമ്പ് പാപനാശത്തു ഞങ്ങൾ നടത്തുകയുണ്ടായി. ഈ ക്യാമ്പിനു ആവശ്യമായ പച്ചക്കറികളും പലചരക്കു സാധനങ്ങളും വാങ്ങി തിരുനെൽ വേലിയിൽ നിന്നും പാപനാശത്തേക്കു വരുന്ന ബസിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സെന്റ് സേവ്യേഴ്സ് കോളജ് പ്രൊഫസർ രാജദൂരൈ ഏറ്റെടുത്തതു ഞാൻ ഓർക്കുന്നു. ഈ ക്യാമ്പ് അനേകർക്കു അനുഗ്രഹമാകുന്നതിനായി ഒരു കോളജ് പ്രൊഫസർ ഈ ചെറിയ ജോലി ചെയ്തു കാണുന്നത് അവിശ്വസനീയമാണ്. ദൈവരാജ്യത്തിനായി അദ്ദേഹം ഈ കഴുത പണി ചെയ്യുവാൻ തയ്യാറായി.

കുടുംബങ്ങൾ സന്ദർശിക്കുകയും അവരോടു കൂടെ വചനം പഠിക്കുന്നതിനും അവരോടു ചേർന്നു പ്രാർത്ഥിക്കുന്നതിനും ദാതാക്കളിൽ നിന്നും മിഷൻ പ്രവർത്തനത്തിനായി സംഭാവനകൾ സ്വരൂപിക്കുന്നതിനു FMPB യിലെ അനേക നേതാക്കൾ ദീർഘ ദൂരം നടക്കുകയും സൈക്കിളിൽ സഞ്ചരിക്കുകയും ചെയ്യുന്നു എന്ന് എനിക്കറിയാം. ഇതു പ്രയാസകരമാണ് എന്നാൽ ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി ഈ കഴുത പണി ചെയ്യുവാൻ അവർ തയ്യാറാകുന്നു. ചിലർ ഇതിനെ ഒരു തരംതാണ ജോലിയായി കരുതിയേക്കാം എന്നാൽ ദൈവരാജ്യത്തിൽ ഇതു വിലയേറിയതാണ്. കർത്താവിന്റെ സന്ദേശ വാഹകരായി പോകുന്ന ഇത്തരത്തിലുള്ള സമർപ്പിതരായ സ്ത്രീ പുരുഷന്മാരെ കർത്താവ് തീർച്ചയായും അനുഗ്രഹിക്കും. എല്ലാ ഗ്രാമത്തിലും എല്ലാ പട്ടണത്തിലും ഇവ്വിധം കർത്താവിനായി കഴുത പണി ചെയ്യുവാൻ സന്നദ്ധരായ ആളുകളെ നമുക്ക് ആവശ്യമുണ്ട്.

**2. നേതാവ് ദാസനാകുന്നു; ദാസൻ നേതാവാകുന്നു:** യേശുവിന്റെ പഠിപ്പിക്കലുകൾ തലകീഴായിട്ടുള്ളതാണ്. നേതാവ് ദാസനാകുന്നു, ദാസൻ നേതാവാകുന്നു. ശുശ്രൂഷയിലെ ഒരു പുതിയ സംസ്കാരത്തെ ഇതു പ്രതിനിധീകരിക്കുന്നു. ജനറൽ സെക്രട്ടറി മുതൽ മിഷനറി വരെ, പ്രസിഡണ്ട് മുതൽ പ്രാർത്ഥക്കൂട്ട നേതാവ് വരെ എല്ലാ വ്യക്തികളെയും സ്നേഹത്തോടു കൂടെ സേവനം ചെയ്യുവാനായി വിളിച്ചിരിക്കുന്നു അല്ലാതെ ആധിപത്യ മനോഭാവത്തോടെ അധികാരം നടത്തുവാനല്ല. FMPB യിലെ നേതൃത്വം ക്രിസ്തുവിന്റെ വിനയവും കരുണയും കരുതലും പ്രതിഫലിപ്പിക്കുന്നതായിരിക്കണം. നിസ്വാർത്ഥ സേവനം ക്രിസ്ത്യാനിത്വത്തിന്റെ മുഖമുദ്രയാകുന്നു.

ദൈവത്താൽ പ്രചോദിതമായ പ്രസ്ഥാനം എന്ന നിലയിൽ രാജ്യത്തെ സേവിപ്പാനും രാഷ്ട്രത്തെ കെട്ടിപ്പെടുക്കാനും ആഗ്രഹിക്കുന്നതിനാൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള അടിച്ചമർത്തപ്പെട്ടവരുടെയും ദരിദ്രരുടെയും സമഗ്ര വികസനത്തിനായി FMPB തുടർന്നും പ്രവർത്തിക്കും. ദൗത്യ നിർവഹണത്തിന്റെ ഭാഗമായി വയോജന വിദ്യാഭ്യാസ പദ്ധതികൾ, ആരോഗ്യ പരിപാലന പദ്ധതികൾ, കുട്ടികളുടെ വികസന പദ്ധതികൾ, ഗോത്ര വികസന പദ്ധതികൾ, സ്ത്രീകളുടെ വികസന പദ്ധതികൾ, ദൈവാലയ വികസന പദ്ധതികൾ, ആത്മീക വികസന പദ്ധതികൾ തുടങ്ങിയവയിൽ ഞങ്ങൾ നിക്ഷേപം നടത്തുന്നു. ഈ മേഖലകളിലേക്കു ഞങ്ങൾ കടക്കുമ്പോൾ നിങ്ങളുടെ പ്രാർത്ഥനയും പങ്കാളിത്തവും ഞങ്ങൾ തേടുന്നു.

അടുത്തിടെ ഞാൻ സഹോദരൻ ജയിംസ് ധർമ്മബാലനോടൊപ്പം ഡോണാവൂർ ഫെലോഷിപ്പും സന്തോഷ വിദ്യാലയവും സന്ദർശിച്ചു. അവിടെ പഠിക്കുന്ന മിഷനറിമാരുടെ മക്കളോടും സ്കൂൾ പ്രിൻസിപ്പാളിനോടും സ്കൂൾ ബോർഡ്

ചെയർമാനോടും കൂടെ പകുതി ദിവസം ചിലവഴിച്ചത് സന്തോഷകരമായിരുന്നു. FMPB, NSM മിഷനറിമാരുടെ 300 ലധികം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. ഞാൻ അവരെ കണ്ടപ്പോൾ അവരുടെ കണ്ണുകളിലെ തിളക്കവും അവരുടെ മനോഭാവത്തിലെ ആവേശവും എനിക്കു കാണുവാൻ കഴിഞ്ഞു.

നമ്മുടെ രാജ്യത്തിന്റെ ഭാവി നേതാക്കന്മാരെ ഞാൻ അവരിൽ കാണുന്നു നമ്മുടെ സമൂഹത്തിൽ നിർണ്ണായകരമായ മാറ്റങ്ങൾ കൊണ്ടു വരുവാൻ കഴിയുന്ന മിഷനറി ഡോക്ടറന്മാർ, മിഷനറി എഞ്ചിനിയറന്മാർ, മിഷനറി സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ, മിഷനറി ശാസ്ത്രജ്ഞന്മാർ, മിഷനറി ന്യായാധിപന്മാർ, മിഷനറി അദ്ധ്യാപകർ, പൂർണ്ണ സമയ മിഷനറിമാർ, മിഷനറി രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവരെ ഞാൻ അവരിൽ കാണുന്നു. ഇതിന് ആവശ്യമുള്ളത് ഈ ഇളം മനസ്സുകളിൽ നിക്ഷേപിക്കുന്നതിനുള്ള നമ്മുടെ മനസ്സാണ്. സ്കൂൾ വിദ്യാഭ്യാസം മാത്രമല്ല സ്കൂൾ വിദ്യാഭ്യാസത്തേക്കാൾ കൂടുതൽ അവരുടെ സർവ്വകലാശാല വിദ്യാഭ്യാസത്തിലും, തൊഴിൽ വികസന മേഖലയിലും സ്വഭാവ രൂപീകരണത്തിലും മിഷനറി ആഹ്വാനത്തിലും നാം നിക്ഷേപിക്കുവാൻ തയ്യാറാകണം. നാം മിഷൻ വയൽ സന്ദർശിക്കുന്നതു പോലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളെയും സന്ദർശിച്ച് സ്കൂൾ പ്രിൻസിപ്പലുമായി ആലോചിച്ചു അവരെ ഉത്സാഹിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യണം.

ഞാൻ ഡോണാവൂർ ഫെലോഷിപ്പ് സന്ദർശിച്ച വേളയിൽ ഐർലണ്ടിൽ നിന്നു വന്ന എമി കാർ മൈക്കിൾ ആരംഭിച്ച ഈ മികച്ച പ്രവർത്തനങ്ങൾ എന്നിൽ വളരെയധികം സ്വാധീനം ഉരുവാക്കി. 1901 ൽ എമി കാർ മൈക്കിൾ (സ്നേഹപൂർവ്വം വിളിക്കുന്ന അമ്മ) രക്ഷപ്പെടുത്തിയ കുട്ടികൾക്കുള്ള ഒരു ഭവനമായി സ്ഥാപിച്ചതാണ് ഡോണാവൂർ ഫെലോഷിപ്പ്. നിസ്വാർത്ഥ സേവനത്തിന്റെ ഉദാത്തമായ ഉദാഹരണമാകുന്നു. വൃദ്ധർക്കും ദരിദ്രർക്കും ഡോണാവൂർ ഫെലോഷിപ്പ് നൽകുന്ന കരുതലും കാരുണ്യവും എന്നെ സ്പർശിച്ചു. അടുത്ത ദിവസം തിരുനെൽവേലി ജില്ല കളക്ടറെ ഞാൻ സന്ധിച്ചപ്പോൾ ക്രിസ്തീയ നേതാക്കന്മാരുടെ സമർപ്പണവും വിളിയും മനസ്സിലാക്കുവാൻ ഡോണാവൂർ ഫെലോഷിപ്പും സന്തോഷ വിദ്യാലയവും സന്ദർശിക്കുവാൻ ഞാൻ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചതിൽ ഒട്ടും അതിശയോക്തിയില്ല.

സേവക നേതൃത്വം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് തകർന്നവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സേവിക്കുവാൻ തുനിഞ്ഞിറങ്ങുക എന്നതാകുന്നു. സേവന നേതൃത്വം അർത്ഥമാക്കുന്നത് പോകുക അല്ലെങ്കിൽ അയയ്ക്കുക. ഇതാകുന്നു ക്രിസ്തീയ സേവനം.

**3. ഒരു തൂവാല കൊണ്ടു നയിക്കുക:** ഒരിക്കലും രാഷ്ട്രീയ പദവികൾ അലങ്കരിച്ചിട്ടില്ലാത്ത, ഒരു കമ്പനിയും സ്ഥാപിച്ചിട്ടില്ലാത്ത, ഒരു സൈന്യത്തെയും നയിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ തികെച്ചും വ്യത്യസ്തമായ ഒരു നേതൃത്വത്തെ അവതരിപ്പിച്ചു. അത് സംഭവിച്ചത് ഒരു മാളിക മുറിയിലാണ്. അല്ലാതെ ഉന്നത വ്യക്തികളുടെ ആലോചന മുറിയിൽ അല്ല.

അന്ത്യ അത്താഴ വിരുന്നിൽ തന്റെ അധികാരത്തെയും വിധിയെയും കുറിച്ചു വ്യക്തമായി അറിയാമായിരുന്ന യേശു മേശയിൽ നിന്നു എഴുന്നേറ്റ് ഒരു തൂവാലയെടുത്തു മുട്ടുകുത്തി ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ തുടങ്ങി. തന്നെ ഒറ്റിക്കൊടുക്കുന്നവന്റെ കാലുകൾ പോലും യേശു കഴുകി. ആ നിമിഷത്തിൽ, സ്നേഹം, നേതൃത്വം, പൈതൃകം എന്നിവ എന്താണെന്നു വരും തലമുറക്കു

യേശു പുനർനിർവചിച്ചു നൽകി. ലോകത്തിന്മേൽ പരമമായ അധികാരവും ശക്തിയുമുള്ളവൻ അധികാരത്തോടെ അല്ല മറിച്ച് ഒരു തുവാല എടുത്തു അരയ്ക്കു ചുറ്റി ഒരു അടിമയെന്ന പോലെ നയിച്ചു. ദൈവരാജ്യമൂല്യം യേശു പ്രകടമാക്കി.

ഞാൻ വ്യക്തമാക്കട്ടെ നേതൃത്വം ആരംഭിക്കുന്നത് സേവനത്തിലൂടെയാണ്. വിബി എസിലോ സണ്ടേസ്കൂളിലോ പ്രാർത്ഥനക്കൂട്ടത്തിലോ സഹായിക്കുന്നതായാലും അല്ലെങ്കിൽ ഒരു മിഷനറിയായി ഉൾപ്രദേശങ്ങളിൽ സേവനം ചെയ്യുന്നതായാലും, ശ്രേഷ്ഠ നേതാക്കൾ മറ്റുള്ളവരെ ഉയർത്തുവാനായി സ്വയം കുനിയുന്നു. സ്ഥാന പ്പേരുകൾ അല്ല. തൂവാലകൾ കൊണ്ടു നയിക്കുന്ന ഒരു സംസ്കാരം എല്ലാവരിലും ഉണ്ടാകട്ടെ.

കാൽ കഴുകുന്നവരുടെ കൂട്ടായ്മ തുവാല കൊണ്ടു നയിക്കുന്നതിലൂടെ ഉത്ഘാടനം ചെയ്യുന്നു. അധികാരത്തിനു വേണ്ടി മുറവിളി കൂട്ടുന്നവരുടെയും ഉയരത്തിലെത്തുവാൻ മറ്റുള്ളവരെ ചവിട്ടിത്താഴ്ത്തുന്നവരുടെയും പ്രതി ച്ഛായ ഉല്ലാതാക്കുന്നു. നേതാക്കന്മാർ തൂവാല കൊണ്ടു നയിക്കുമ്പോൾ ലോകമെമ്പാടുമുള്ള എല്ലാ സംസ്കാരങ്ങളിലെയും കുടുംബങ്ങളും സംഘടന കളും സമൂഹങ്ങളും പുരോഗമനവും സമൃദ്ധിയും പ്രാപിക്കും.

നിങ്ങളുടെ ഇടയിൽ അങ്ങനെയരുത് – ക്രിസ്തീയ കുടുംബത്തിൽ ഭർത്താവ് ഭാര്യയുടെമേലും ഭാര്യ ഭർത്താവിന്റെമേലും ആധിപത്യം സ്ഥാപിക്കയില്ല. ഇരുവരും പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ഉയർത്തുകയും ചെയ്യുന്നു.

**4. നിങ്ങളുടെതായ ലാംബറീനെ സ്വന്തമാക്കുക:** ആൽബർട്ട് ഷീറ്റ്സറിനെ ജർമ്മനിയിൽ നിന്നുള്ള ഒരു ഡോക്ടറായി എല്ലാവരും അംഗീകരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതം അസാധാരണമായിരുന്നു. അദ്ദേഹം തത്ത്വചിന്തയിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടി. അദ്ദേഹം മികച്ച സംഗീതജ്ഞനും തത്ത്വചിന്തകനും ആയിരുന്നു.

ശ്രദ്ധേയമായ ഈ നേട്ടങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും ദൈവം അവനെ വിളിച്ചപ്പോൾ ഒരു ദാസനാകുവാൻ സ്വയം വിനയപ്പെടുത്തി. അദ്ദേഹം മെഡിക്കൽ ബിരുദം സമ്പാദിച്ചു 1914 ൽ നേഴ്സായ തന്റെ ഭാര്യയോടൊപ്പം ആഫ്രീക്കയിലെ ഗാബോണിലേക്കു ഒരു മെഡിക്കൽ മിഷനറിയായി പോയി. അദ്ദേഹത്തിനു ലഭിച്ച ദൈവവിളി ആഫ്രീക്കയിലെ കാടുകളിലേക്കു പോകുവാനുള്ളതായിരുന്നു. അവിടെ അദ്ദേഹം അനേകരെ സൗഖ്യമാക്കി. ലേകമെമ്പാടുമുള്ള ദശലക്ഷ കണക്കിനു ആളുകളുടെ ജീവിതങ്ങളെ സ്പർശിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ അക്ഷീണമായ മാനുഷിക പ്രവർത്തനങ്ങൾക്ക് 1952 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ലോകത്തിലെ ഏറ്റവും മഹാ നായ മനുഷ്യൻ എന്ന തലവാചകത്തോടെ ടൈം മാസിക അദ്ദേഹത്തിന്റെ ചിത്രം കവർ പേജിൽ പ്രസിദ്ധീകരിച്ചു. ഷീറ്റ്സർ ഒരിക്കൽ പറഞ്ഞു, “ഞാൻ ഒരിക്കലും ഒരു സാധാരണ മനുഷ്യനായിരിക്കുവാൻ ആഗ്രഹിച്ചില്ല; ഒരു ആഗോള മിഷന റിയാകുവാൻ ആഗ്രഹിച്ചു.” അദ്ദേഹത്തെ പോലെ എളിമയോടെ എന്നാൽ ദീർഘ വീക്ഷണമുള്ള ഒരു നേതാവായിരിക്കുവാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. ആരോഗ്യ സംരക്ഷണ സൗകര്യമില്ലാത്തവരെ സേവിക്കുന്നതിനായി ഷീറ്റ്സർ ഗാബോണിലെ ലാംബറിനിൽ ഒരു വലിയ ആശുപത്രി സ്ഥാപിച്ചു. നാം ഓരോരുത്തരും നമ്മുടെ സ്വന്തമായ ലാബറിൻ കണ്ടെത്തുകയും – നമ്മുടെ ദൈവം നൽകിയ വിളി – മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുകയും ചെയ്യണം.

ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലും പോസ്റ്റ് ബോർഡ് അംഗവുമായി ഞാൻ വിരമിച്ചപ്പോൾ എന്റെ ലാംബറിൻ ഞാൻ കണ്ടെത്തി. പ്രതിജ്ഞാബദ്ധരായ യുവതീയുവാക്കളെ ഇന്ത്യയിലെ സിവിൽ സർവ്വീസിൽ ചേരുവാൻ സൗജന്യ മായി സജ്ജരാക്കുന്നതിനു തയ്യാറായി. ഷീറ്റ്സറിനെ പോലെ സേവനത്തിന്റെ പാത യിലൂടെ സഞ്ചരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷം മണിപ്പൂരിൽ നിന്നുള്ള കരോലിൻ എന്ന യുവതി IAS ഓഫീസർ ആകുക എന്ന തന്റെ സ്വപ്നം സാക്ഷാൽക്കരിച്ചു. ഞങ്ങൾ അവളെ പരിശീലിപ്പിച്ചു, ഇന്ന് അവളുടെ സമുദായത്തിൽ നിന്നുള്ള ആദ്യത്തെ വനിത IAS ഓഫീസർ അവളാകുന്നു. ഒരാൾ തന്റെ ലാംബറിൻ കണ്ടെത്തിയതിന്റെ ഫലമാകുന്നിത്.

നിങ്ങളുടെ ലാംബറിൻ എന്താകുന്നു? അതു കണ്ടെത്തുക. അതിനെ പിന്തുടരുക...

**5. മഹത്തായ ധർമ്മസംഹിത പിന്തുടരുക:** ശക്തി, സ്ഥാനം, അന്തസ്സ്, അധികാരം എന്നിവയെ കുറിച്ചുള്ള നമ്മുടെ മുഴുവൻ ആശയങ്ങളെയും യേശുവിന്റെ മാതൃക വെല്ലുവിളിക്കുന്നു. ആരാണ് വലിയവൻ എന്നതിനെ കുറിച്ചു ശിഷ്യന്മാർ തർക്കിച്ചപ്പോൾ യേശു അതു വ്യക്തമാക്കി "നിങ്ങളിൽ വലിയവനാകു വാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനാകണം; ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവർക്കും അടിമയാകണം..." ചുരുക്കിപ്പറഞ്ഞാൻ സ്വാധീന മുള്ളവനായിരിക്കുക, അതെ സമയം എളിമയുള്ളവനായിരിക്കുക.

ഒരു വിളിക്കകത്തു നിന്ന് മറ്റൊരു വിളി അവരുടെ ജീവിതത്തിൽ ലഭിച്ചു എന്ന് മദർ തെരസ പറയുന്നു. 1946 ൽ കൽക്കട്ടയിൽ നിന്നു ഡാർജലിംഗിലേക്കു യാത്ര ചെയ്യുന്ന വേളയിൽ അവൾ ദൈവശബ്ദം കേട്ടു. ക്രിസ്തുവിനെ അനുഗമിച്ച് ചേരികളിലേക്കു പോയി ദിരിദ്രരിൽ ദരിദ്രരായവരുടെ ഇടയിൽ കർത്താവിനെ സേവിക്കുക എന്ന ആഹ്വാനമാണ് മദർ തെരസ കേട്ടത്. തുടർന്നു മാസങ്ങളുടെ തയ്യാറെടുപ്പിനു ശേഷം അവർ കൽക്കട്ടയിലേക്കു തിരികെ വന്നു ചേരികളിൽ താമസിച്ച് മിഷനറീസ് ഓഫ് ചാരിറ്റി എന്ന പ്രസ്ഥാനത്തിനു ആരംഭം കുറിച്ചു. സാമാധാനത്തിനുള്ള നോബൽ സമ്മാനം, ഭാരത രത്ന, ടെമ്പിൾട്ടൺ പ്രൈസ് തുടങ്ങി നിരവധി അവാർഡുകൾ അവർക്കു ലഭിച്ചു എന്നതിൽ അതിശയിക്കുവാൻ ഒന്നുമില്ല.

മദർ തെരസ പറഞ്ഞു, "മറ്റുള്ളവർക്കു വേണ്ടി ജീവിക്കാത്ത ജീവിതം ജീവിതമേ അല്ല." നിങ്ങൾക്കു വേണ്ടിയല്ല മറ്റുള്ളവർക്കു വേണ്ടി ജീവിക്കുക. നമ്മുടെ രാജ്യത്തിനു രൂപാന്തരം വരുത്തുവാൻ നമുക്കു ധാരാളം മദർ തെരസമാരെ, സാം കമലേശന്മാരെ, പാട്രിക് യോശുവമാരെ വേണം.

സ്വാധീനമുള്ളവരായിരിക്കുക അതെ സമയം വിനയമുള്ളവരായിരിക്കുക. ദൈവരാജ്യം ലോകത്തിന്റെ മൂല്യങ്ങളെ തലകീഴായി മറിക്കുന്നു.

● ധിക്കാരിയാകാതെ താഴ്മയുള്ളവരായിരിക്കുക. ● പരുഷമായി പെരുമാറാതെ സൗമ്യത പുലർത്തുക. ● മര്യാദകേടു കാണിക്കാതെ മാന്യത പുലർത്തുക. ● കള്ളം പറയാതെ സത്യസന്ധനായിരിക്കുക. ● ദയയില്ലാത്തവരാകാതെ ദയയുള്ളവരായിരിക്കുക ● വെറുക്കാതെ സ്നേഹിക്കുക. ● സ്വാർത്ഥരാകാതെ ഉദാരമനസ്കത പുലർത്തുക.

"നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്." ദൈവത്തിന്റെ ദൃഷ്ടിയിൽ മഹത്വം ആരംഭിക്കുന്നത് മറ്റുള്ളവരെ സേവിക്കുന്നതിലൂടെയാണ്.

**ശ്രീ. ജോൺ സമുവേൽ,** പ്രസിഡണ്ട് – FMPB

# സ്ഥാനാരോഹണ ശുശ്രൂഷ
# റവ. വിജയ് പി ഐസക്ക്

## ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ പതിനൊന്നാമത് ജനറൽ സെക്രട്ടറി



**ചെ**ന്നയിൽ വെപ്പറിയിലുള്ള ഇമ്മാനുവേൽ മെഥഡിസ്റ്റ് പള്ളിയിൽ വെച്ചു 2025 ഏപ്രിൽ ഒന്നിന് നടത്തിയ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ 11 -ാമത് ജനറൽ സെക്രട്ടറിയായ റവ. വിജയ് പി ഐസക്കിന്റെ സ്ഥാനരോഹണ ശുശ്രൂഷ ഗൗരവത്തോടും ആദരവോടും ദൈവത്തോടുള്ള ആഴമായ കൃതജ്ഞതയോടും കൂടെ നടത്തി. കർത്താവിന്റെ കൃപയാലും മാർഗ്ഗനിർദ്ദേശത്താലും നടത്തപ്പെട്ട ഈ നേതൃത്വ കൈമാറ്റ പ്രക്രീയ FMPB യുടെ ദൗത്യ പൂർത്തീകരണ യാത്രയിലെ ഒരു സുപ്രധാന നിമിഷമായി ചരിത്രത്തിൽ രേഖപ്പെടുത്തി.

### ശുശ്രൂഷയുടെ ആരംഭം:

FMPB യുടെ യുവജന വിഭാഗം നേതൃത്വം നൽകിയ സ്തോത്ര ആരാധനയോടു കൂടെയാണ് ശുശ്രൂഷ ആരംഭിച്ചത്, സന്തോഷകരമായ ഭക്തിയുടെ അന്തരീക്ഷം സൃഷ്ടിച്ചു. മിഷന്റെ സഹകാരികൾ, പ്രവർത്തകർ, സീനിയർ നേതാക്കന്മാർ, രാജ്യത്തുടനീളമുള്ള അഭ്യുദയകാംഷികൾ വിശുദ്ധമായ ചടങ്ങിനു സാക്ഷ്യം വഹിച്ചു. ആറു പതിറ്റാണ്ടായി FMPB യുടെ യാത്രയെ എടുത്തു കാണിക്കുന്ന ഒരു ഹ്യസ്വ വീഡിയോ പ്രദർശിപ്പിച്ചു.

### സ്വാഗതവും അദ്ധ്യക്ഷ പ്രസംഗവും:

FMPB യുടെ പ്രസിഡണ്ട് ശ്രീ. ജോൺ ശമുവേൽ യോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും സന്നിഹിതരായ എല്ലാവരെയും ഊഷ്മളമായി സ്വാഗതം ചെയ്യുകയും ചെയ്തു. വിശിഷ്ട വ്യക്തികളുടെയും സഭാ നേതാക്കളുടെയും മിഷൻ നേതാക്കളുടെയും പേരെടുത്തു പറഞ്ഞ് അവരുടെ സാന്നിധ്യത്തെ ആദരിച്ചു. അദ്ദേഹം തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ദൗത്യ നിർവഹണ പശ്ചാത്തലത്തിൽ ഒരു ആത്മീക നേതാവിന്റെ വിളിയെയും ഉത്തരവാദിത്വത്തെയും എടുത്തു പറഞ്ഞു. വേദപുസ്തക ഉദാഹരണങ്ങളിൽ നിന്നും FMPB യുടെ



മുൻഗാമികളുടെ പാരമ്പര്യത്തിൽ നിന്നും വരച്ചു കാണിച്ചു കൊണ്ട് സേവക നേതൃത്വം, ദർശനം, വിശ്വസ്ത കാര്യവിചാരകത്വം എന്നിവയ്ക്കു അദ്ദേഹം ഊന്നൽ നൽകി പ്രസംഗിച്ചു. സ്ഥാനം ഒഴിയുന്ന ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ പുതിയതായി നിയമിതനായ ജനറൽ സെക്രട്ടറി റവ. വിജയ് പി ഐസക്കിനെ പരിചയപ്പെടുത്തി.

**സ്ഥാനാരോഹണ ശുശ്രൂഷയും പ്രസംഗവും:**

തിരുനെൽവേലി സി എസ് ഐ ബിഷപ്പ് റൈറ്റ് റവ. A R G S T ബർന്നബാസ് പ്രതിഷ്ഠാ ശുശ്രൂഷക്കു നേതൃത്വം നൽകി. റവ. വിജയ് പി ഐസക്കിനെ മുന്നോട്ടു ക്ഷണിച്ചു. അദ്ദേഹം സഭയുടെ സാന്നിധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്തു ചുമതല ഏറ്റെടുത്തു. തുടർന്നു വിശിഷ്ട വ്യക്തികളും പട്ടക്കാരും മിഷൻ നേതാക്കന്മാരും അദ്ദേഹത്തിന്റെ മേൽ കരം വെച്ചു ദൈവകൃപക്കായും നടത്തിപ്പിനുമായി സമർപ്പിച്ചു പ്രാർത്ഥിച്ചു. FMPB യുടെ നവോദയ സംഘം പ്രത്യേകം തയ്യാറാക്കിയ സമർപ്പണ ഗീതം ആലപിച്ചു. ബിഷപ്പ് ബർന്നബാസ് വചന ശുശ്രൂഷ നിർവഹിച്ചു. വിശുദ്ധ വേദപുസ്തകത്തിൽ നിന്നുള്ള സമയോചിതമായ സന്ദേശം നൽകി പുതിയ ജനറൽ സെക്രട്ടറിയെയും വന്നു കൂടിയവരെയും പ്രോത്സാഹിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തു.

**റവ. വിജയ് പി ഐസക്കിന്റെ സ്വീകാര്യതാ സന്ദേശം:**

റവ. വിജയ് പി ഐസക്ക് വിനയപൂർവ്വം ജനറൽ സെക്രട്ടറി എന്ന പദവി സ്വീകരിക്കുകയും ഹൃദയംഗമായി പ്രതികരിക്കുകയും ചെയ്തു. ദൈവത്തിനു നന്ദിയർപ്പിച്ചതിനൊപ്പം എക്സിക്യൂട്ടിവ് കമ്മറ്റിക്കും മുൻഗാമികൾക്കും തന്റെ കുടുംബത്തിനും ഇതുവരെ നൽകിയ അചഞ്ചലമായ പിന്തുണക്കു ഹൃദയംഗമായ നന്ദി അർപ്പിച്ചു.

പ്രാർത്ഥന ജീവിതം കൂടുതൽ ആഴമുള്ളതാക്കുക, മിഷനറി പരിചരണം ശക്തിപ്പെടുത്തുക, മിഷൻ വയൽ പ്രവർത്തനം വികസിപ്പിക്കുക, അടുത്ത തലമുറയുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങി സംഘടനയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം പങ്കുവെച്ചു.

**അദ്ദേഹത്തിന്റെ പ്രസ്താവന:**

“എന്നെ വിളിച്ച ദൈവത്തോടുള്ള ആദരവോടു കൂടെ വിശ്വസ്തരായ മുൻഗാമികളുടെ കാൽച്ചുവടുകളിൽ സഞ്ചരിച്ചു എളിമയോടെ നടന്നു ത്യാഗപൂർവ്വം സേവനം ചെയ്യുന്നതിനും പ്രാർത്ഥനാപൂർവ്വം നയിക്കുന്നതിനും ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. ദൈവനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ.”

**ആശംസകൾ, പ്രത്യേക പ്രാർത്ഥനകൾ, ആശീർവാദം:**

പാസ്റ്റർ മോഹൻ (ന്യൂ ലൈഫ് അസംബ്ലി ഓഫ് ഗോഡ് ചെന്നൈ), ബിഷപ്പ്. റൈറ്റ്. റവ. കതിരൊളി മാണിക്യൻ (ഇ സി ഐ ചെന്നൈ), റവ. പ്രേം കുമാർ (മെഥഡിസ്റ്റ് ചർച്ച്, പുതൂർ), റവ. ക്രിസ്റ്റോഫർ ശമുവേൽ ( സി എസ് ഐ കർണ്ണാടക സെൻ്റർ മഹായിടവക അസിസ്റ്റന്റ് സെക്രട്ടറി), സഹോ. ജി പി എസ് റോബിൻസൺ (ജീസസ് മീറ്റ് മിനിസ്ട്രി), ഡോ. ഐസക് രാജ (IMA ജനറൽ സെക്രട്ടറി), റവ. ഗഞ്ചിഭായ് (സി എൻ ഐ ഗുജറാത്ത് മഹായിടവക), ശ്രീ. കെ. പി. കനകരാജ് (പ്രാർത്ഥന ഗ്രൂപ്പ് നേതാവും എക്സിക്യൂട്ടീവ് കമ്മറ്റിയംഗവും) എന്നിവർ ആശംസ പ്രസംഗം നടത്തി.

# വജുവാല
# മിഷൻ വയൽ





**രാജസ്ഥാൻ** ഭൂപ്രദേശം കൊണ്ടു ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനകുന്നു. 1800 ൽ ജോർജ് തോമസ് രജപുത്താന എന്നു വിളിച്ചിരുന്ന ഇതിനെ പിന്നീട് ചരിത്രകാരനായ ജയിംസ് ടോഡ് രാജസ്ഥാൻ എന്നു നാമകരണം ചെയ്തു. “രാജക്കന്മാരുടെ നാട്” എന്ന അറിയപ്പെട്ടിരുന്ന ഈ പ്രദേശം ചരിത്രപരമായി രാജക്കന്മാരാൽ സംരക്ഷിക്കപ്പെട്ടിരുന്നു. ഈ സംസ്ഥാനം പാകിസ്ഥാനുമായി 1070 കിലോമിറ്റർ അതിർത്തി പങ്കിടുന്നു. ഇത് റെഡ് ക്ലിഫ് ലൈൻ എന്നറിയപ്പെടുന്നു. ഈ സംസ്ഥാനത്തിന്റെ തലസ്ഥാനം ജയ്പൂർ ആകുന്നു. ഭൂമി ശാസ്ത്രപരമായി ഇവിടെ താർ മരുഭൂമി, വടക്കു ഭാഗത്തുള്ള ഘഗ്ഗർ നദി എന്നിവ ഉണ്ട്. അബു പർവ്വതമുൾപ്പടെയുള്ള പുരാതനമായ ആരവല്ലി പർവ്വതനിരകൾ ആണ് ഇതിന്റെ ഏക മലമ്പ്രദേശം. രാജസ്ഥാനിൽ 41 ജില്ലകളുണ്ട്. രാജസ്ഥാനിൽ മധ്യകാലഘട്ടത്തിൽ രജപുത്ര വംശജർ അധികാരത്തിൽ വരുന്നതു വരെ ഇവിടെ ഗോത്ര വർഗ്ഗ

FMPB യുടെ മുൻ വൈസ് പ്രസിഡണ്ട് ഡോ. ചന്ദ്ര ശേഖർ പുതിയ ജനറൽ സെക്രട്ടറിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും FMPB യുടെ ഭാവി ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹത്തോടു ചേർന്നു സീനിയർ നേതാക്കന്മാരും മിഷന്റെ മൂപ്പന്മാരും പ്രാർത്ഥിച്ചു. ബിഷപ്പിന്റെ ആശീർവാദത്തോടു കൂടി യോഗം സമാപിച്ചു. തുടർന്നു നടത്തിയ സ്നേഹ സത്കാരത്തിനു ആസ്ഥാന മന്ദിര സെക്രട്ടറി റവ. ഡോ. ജെ ജെ ഹാരീസ് എല്ലാവരെയും ക്ഷണിച്ചു.

ദൈവഭക്തരായ നേതാക്കന്മാരെ ദൈവത്തിന്റെ ദൗത്യ നിർവഹണത്തിനായി പരിപോഷിപ്പിക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയുടെ നേർ സാക്ഷ്യമാകുന്നു റവ. വിജയ് പി ഐസക്കിന്റെ സ്ഥാനാരോഹണ ശുശ്രൂഷ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഒരു പുതിയ കാലഘട്ടത്തിലേക്കു ചുവടു വെക്കുന്നു. ഇന്ത്യയിൽ സുവിശേഷം എത്തിയിട്ടില്ലാത്ത മേഖലകളിലുള്ളവരെ സുവിശേഷത്താൽ നേടുന്നതിനായി ഒരുമിച്ചു നിന്നു പ്രാർത്ഥനയോടു കൂടി പ്രവർത്തിക്കാമെന്ന പ്രതിബദ്ധതയോടെ സദസ്സ് പിരിഞ്ഞു.

**റവ. ഡോ. ജെ ജെ ഹാരീസ്**, സെക്രട്ടറി, FMPB ആസ്ഥാന മന്ദിരം

സമൂഹമാണ് ഭരണം നടത്തിയിരുന്നത്. മുമ്പ് ബരിയവാലി എന്നറിയപ്പെട്ടിരുന്ന ഖജുവാല രാജസ്ഥാനിലെ ബിക്കനെർ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്തോ പാക് അതിർത്തിയിൽ നിന്നും 23 കിലോമീറ്റർ അകലത്തിലാണ് ഈ പട്ടണം ഉള്ളത്. 58 ഗ്രാമങ്ങളുടെ ഭരണം നിർവഹിക്കുന്ന ഒരു ഇടത്തരം പഞ്ചായത്താണിത്. ഈ പ്രദേശത്തു വരണ്ട കാലവസ്ഥയാണ്. കഠിനമായ ചൂട് അനുഭവപ്പെടുന്ന ഇവിടെ ജലത്തിനു വളരെ ബുദ്ധിമുട്ടാണ്. ഇതു കാരണം ഇവിടെ നിന്നും ധാരാളം പേർ കുടിയേറിപ്പോകുന്നു. ഈ വെല്ലുവിളികളുടെ നടുവിൽ കനാൽ മാർഗ്ഗം ജലം എത്തിച്ച് പരുത്തിയും കോതമ്പും കൃഷി ചെയ്യുന്നു. കടുകെണ്ണ മില്ലുകൾ, കോട്ടൺ നെയ്ത്തു ശാലകൾ, ഇഷ്ടിക ചൂളകൾ, ചുണ്ണാമ്പു പാടങ്ങൾ തുടുങ്ങിയവും ഈ പ്രദേശത്തുണ്ട്. വിവിധ സിക്കു സമുദായങ്ങൾ, മെഗവൽ, ബഗാരി, പ്രോഹിത്, ചൗദരി, ജാട്, ഭിൽ നായക്, മുസ്ലീം, ബിഷ്ണോയ് തുടങ്ങിയ ജാതി സമൂഹങ്ങൾ ഇവിടെ പാർക്കുന്നു. ഹിന്ദി, ബാഗാരി, പഞ്ചാബി എന്നീ ഭാഷകൾ ഇവർ സംസാരിക്കുന്നു.



**ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ്** 2021 ൽ ഇവിടെ പ്രവർത്തിക്കുന്നതിനുള്ള സാധ്യതാ പഠനം ശ്രി. വി കുമാറിന്റെയും ശ്രീ. ബോടാർ അമൃതിന്റെയും നേതൃത്വത്തിൽ നടത്തി. 4/4/2022 ൽ ശ്രീ. വി കുമാറും ശ്രീമതി പാട്രിഷ്യ കുമാറും ഇവിടുത്തെ പ്രാരംഭ മിഷനറിമാരായി പ്രവർത്തനം ആരംഭിച്ചു. ഭിൽ നായക്, മെഗവൽ, ബഗാരി എന്നീ ജാതി സമൂഹങ്ങളിൽ ഇവർ പ്രവർത്തനം കേന്ദ്രീകരിച്ചു. ഈ മേഖലകളിൽ മുസ്ലിം പള്ളികളും ഗുരുദ്വാരകളും ഉണ്ട്. ഈദ്, രാംദേവ് മേള, കുളുപീർ തുടങ്ങിയ ഉത്സവങ്ങളും ഇവർ ആഘോഷിക്കുന്നു. ഇവരിൽ അധികം പേരും കൃഷിക്കാരോ കൂലി വേലക്കാരോ ആണ്. എല്ലാ ഗ്രാമങ്ങളിലും സ്കൂളുകളുണ്ട്. കുട്ടികൾ പതിവായി സ്കൂളിൽ പോകുന്നുണ്ടെങ്കിലും ഇവരുടെ സാക്ഷരത നിലവാരം പുരുഷന്മാരുടെത് 33.84% സ്ത്രീകളുടെത് 28.83% ആകുന്നു.

ഇതിനു മുമ്പ് സംഘടനകൾക്കു ഇവിടെ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ലെങ്കിലും ഇപ്പോൾ ചില സ്വതന്ത്ര ദൈവവേലക്കാർ ഈ പ്രദേശം സന്ദർശിക്കുന്നുണ്ട്. ഭജൻ, സത്സാംഗ്, വ്യക്തിഗത സുവിശേഷ വേല, ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ എന്നിവയാണ് ഇവിടെ നടത്തുന്ന പ്രയോജനകരമായ ശുശ്രൂഷകൾ. മജ്ബി, പൗറി, കുമാർ സിഖ് എന്നീ സമുദായങ്ങളിൽ നിന്നാണ് വിശ്വാസികൾ എഴുന്നേറ്റു വരുന്നത്.

ഇവിടെ ജനങ്ങൾ യേശുവിനെ സ്വീകരിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധങ്ങൾ ഗുരു പ്രസ്ഥാനങ്ങളും മസ്ജിദുകളും, മന്ദിരങ്ങളും ആകുന്നു. ക്രിസ്ത്യാനിത്വം ഒരു വിദേശ മതമാണെന്ന ചിന്ത ഇവരിൽ ആഴമായി പതിഞ്ഞിരിക്കുന്നു. ക്രിസ്തീയ പ്രവർത്തകർ പണം നേടുന്നതിനായിട്ടാണ് ആളുകളെ മതംമാറ്റുന്നത് എന്നുള്ള വിശ്വാസവും ഇവരുടെ ഇടയിൽ ഉണ്ട്. ബന്ധുക്കളെയും സമൂഹത്തെയും ഭയന്നാണ് അനേകർ യേശുവിലുള്ള വിശ്വാസം ഏറ്റുപറയാതിരിക്കുന്നത്. പഞ്ചാബിൽ നിന്നുള്ള ധന മോഹികളായ ചില സ്വതന്ത്ര പാസ്റ്ററന്മാർ ദുരുപദേശങ്ങളും ഇവരുടെ ഇടയിൽ പടർത്തുവാൻ ശ്രമിക്കുന്നു

ഖജുവാല മിഷൻ വയലിലെ ആദ്യ വിശ്വാസിയാണ് റാവ്‌ല ഗ്രാമത്തിലെ **ശ്രീമതി മാൻദീവ് കൗർ**. നുക്കേറ ഗ്രാമത്തിലെ (സങ്കരിയ മിഷൻ വയൽ) പരംജീത് കൗർ എന്ന ബന്ധുവിലൂടെ 2022 ൽ അവളുടെ കുടുംബം സുവിശേഷം ശ്രവിച്ചു. അന്നു രാത്രി ഏഴു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവരിൽ അഞ്ചു പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. അവരെ വേദപുസ്തകത്തിലെ അടിസ്ഥാന സത്യങ്ങളും പ്രാർത്ഥനയും പഠിപ്പിച്ചു. മാൻദീപ് ആസ്മ രോഗത്താൽ ഏറെ കഷ്ടപ്പെടുകയും ഗുരുതര രോഗം ബാധിച്ചു മരിച്ചു. എന്നാൽ അത്ഭുതം സംഭവിച്ചു. അവളുടെ മരുമകളുടെ ഹൃദയ നുറുക്കത്തോടു കൂടിയ പ്രാർത്ഥനയും ശ്രീ. കുൽവിന്ദർ കൗറിന്റെയും ഭർത്താവിന്റെ പ്രാർത്ഥന കേട്ടു സർവ്വശക്തനായ ദൈവത്തിന്റെ കരുണയാൽ അവൾ ജീവൻ പ്രാപിച്ചു എഴുന്നേറ്റു. ആ കുടുംബം വിശ്വാസ ജീവിതത്തിൽ നിലനിൽക്കുന്നു. അവരുടെ ഗ്രാമങ്ങളിൽ കർത്താവിനെ സജീവമായി സാക്ഷിക്കുന്നു. റാവ്‌ല ഗ്രാമത്തിൽ പതിവായി ഞായറാഴ്ച ആരാധന നടത്തുന്നു. ഈ കുടുംബത്തെ നിങ്ങളുടെ വിലയറിയ പ്രാർത്ഥനയിൽ ഓർക്കുക.

### പ്രാർത്ഥനക്കായി...

1. ഇവരുടെ സ്വന്ത സമൂഹത്തിൽ നിന്നു ഒരു സുവിശേഷകനെ ലഭിക്കേണ്ടതിനായി ...
2. അങ്കരാജ് കൗർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി ...
3. 29 Kyr ഗ്രാമത്തിലുള്ള സുക്പ്രീത് കൗർ മാനസിക ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി ...
4. രാവ്‌ല ഗ്രാമത്തിലെ കുൽവിന്ദർ കൗർ മസ്തികത്തിലുണ്ടായ ട്യൂമറിൽ നിന്നും വിടുതൽ പ്രാപിക്കേണതിനായി ...
5. 2 Kjd ധാനി ഗ്രാമത്തിലുള്ള സെർവാൻ സിങിന്റെ ഇടത്തു കരം തളർന്നു പോയി സൗഖ്യത്തിനായി ...
6. സന്ദീപ് സിങും അദ്ദേഹത്തിന്റെ മുഴുവൻ കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനുമായി ...
7. ഈ പ്രദേശത്തു സുവിശേഷം പ്രചരിപ്പിക്കുന്നതിനു തടസ്സമായി നിൽക്കുന്ന സുരേഷ് ചൗദരി, രമേഷ് ചൗദരി, പ്രൊഹിത് ചൗദരി എന്നിവരുടെ മാന സാന്തരത്തിനായി ...
8. ആരാധനക്കൂട്ടങ്ങൾ സഭകളായി വളരേണ്ടതിനായി ...
9. ഇവിടെയുള്ള ദൈവജനം ദൈവവചനത്തിൽ പരിപോഷിപ്പിക്കപ്പെടേണ്ടതിനും അവർ കർത്താവിൽ ശക്തരായി വളരേണ്ടതിനുമായി ...
10. നമ്മുടെ മിഷനറി ശ്രീ. വി കുമാർ, ഭാര്യ ശ്രീമതി പാട്രിഷ്യ തമിഴ്സെൽവി, മക്കളായ മാർസിയ, ഗ്രേസിയ എന്നിവർക്കായി പ്രാർത്ഥിക്കുക.



# കോതമ്പു മണിയായി വീണു!



## മിഷൻ വയലിലെ നഷ്ടപ്പെട്ട രത്നം

തമിഴ്നാട്ടിലെ ദരംമ്പൂർ ജില്ലയിലുള്ള പാലകോട് താലൂക്കിൽ 01/06/1982 ൽ ശ്രീമതി ജയന്തി ജനിച്ചു. ഇതര മത വിശ്വാസിയായിരുന്ന കുടുംബത്തെ മിഷനറിമാർ ദൈവ വിശ്വാസത്തിലേക്കു വഴി നടത്തി. അവളുടെ മുത്തച്ഛൻ ശ്രീ. ഐയ്യസ്വാമി FMPB യുടെ സ്വദ്ദേശ സുവിശേഷകനായി സതേൺ സോണിലുള്ള മല്ലൻപൂർ മിഷൻ വയലിൽ പ്രവർത്തിച്ചിരുന്നു. അവൾക്കു അഞ്ചു വയസ്സുള്ളപ്പോൾ അവളുടെ പിതാവ് മരിച്ചു. ആ കുടുംബം സാമ്പത്തിക പ്രതിസന്ധിയിലായി. സമാധാനത്തിനും സ്നേഹത്തിനുമായി അവൾ തേങ്ങിയെങ്കിലും എങ്ങും ലഭിച്ചില്ല. അവളുടെ സ്നേഹിതരിൽ ഒരാൾ അവൾക്കു യേശുവിനെ പരിചയപ്പെടുത്തി. ആദ്യം മടിച്ചെങ്കിലും ക്രമേണ അവളുടെ മനസ്സ് മാറി. വേദപുസ്തകം വായിക്കുവാൻ തുടങ്ങി, യേശുവിന്റെ സ്നേഹം ഗ്രഹിച്ച അവൾ പാപത്തെ ഏറ്റു പറഞ്ഞ് യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

അവളുടെ കുടുംബം അംഗീകരിച്ചില്ലെങ്കിലും അവൾ വിശ്വാസത്തിൽ ഉറെച്ചു നിന്നു. കർത്താവിന്റെ വേലക്കായി സ്വയം സമർപ്പിച്ചു. രണ്ടു വർഷം ചെന്നയിൽ സെക്യൂരിറ്റിയായി ജോലി ചെയ്തു. അവൾ FMPB യിലെ മാർട്ടിൻ സഹോദരനെ പരിചയപ്പെടുകയും അദ്ദേഹം FMPB യിലെ ശുശ്രൂഷക്കായി അവളെ ക്ഷണിച്ചു. FMPB യിൽ പ്രാദേശിക സുവിശേഷകയായി നല്ലംപള്ളി മിഷൻ ഫീൽഡിൽ രണ്ടു വർഷവും ദരംപുരി ഫീൽഡിൽ ഒരു വർഷവും പ്രവർത്തിച്ചു.

15/12/1999 ൽ ശ്രീ. കാർത്തികേയൻ അവളെ വിവാഹം കഴിച്ചു. അവർ ഒരുമിച്ചു 2004 ൽ ഉത്തർപ്രദേശിലുള്ള കച്ചുവായിൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. 2005 ഫെബ്രുവരി മുതൽ അവർ മിഷനറി പ്രവർത്തനം ആരംഭിച്ചു. ദൈവം അവർക്കു രണ്ടു മക്കളെ നൽകി. മൂത്ത മകൾ ഇവാൻജലിൻ B.Sc ഫിസിഷ്യൻ അസിസ്റ്റന്റ് കോഴ്സ് പഠനം പൂർത്തീകരിച്ചു. ഇളയ മകൾ ജാസ്മിൻ സന്തോഷ വിദ്യാലയത്തിൽ +2 പഠനം പൂർത്തീകരിച്ചു.

ചെറു പ്രായത്തിൽ തന്നെ ജയന്തി ദൈവ വേലക്കായി തന്നെ സമർപ്പിച്ചിരുന്നു. തന്റെ ഭർത്താവിന്റെ കൂടെ ഉത്തരേന്ത്യയിലെ വിവിധ മേഖലകളിൽ അവൾ പ്രവർത്തിച്ചു. രാജസ്ഥാനിലെ സങ്കരിയ, ഹനുമാൻഘട്ട്, സിക്കർ; ഹരിയാനയിലെ ബർവാല, പെഹോവ എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. അവസാനം പ്രവർത്തിച്ചത് ഹരിയാനയിലെ രത്തിയായിലാണ്.

മിഷൻ വയലിൽ അവൾ വേഗത്തിൽ പ്രദേശിക സംസ്കാരത്തോടു ഇണങ്ങുമായിരുന്നു. പ്രവർത്തിക്കുന്ന സമൂഹത്തിന്റെ ഭാഗമായി മാറുമായിരുന്നു. സ്ത്രീകൾക്കും യൗവ്വനക്കാർക്കുമായി ധാരാളം യോഗങ്ങൾ നടത്തിയിരുന്നു. വലിയ ജനക്കൂട്ടത്തോടെ ധൈര്യമായി സുവിശേഷം പ്രഘോഷിക്കുമായിരുന്നു. എല്ലായ്പോഴും താഴ്മയുള്ളവളായി വിശ്വാസികളെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. എല്ലാവിധത്തിലും അവൾ വിശ്വാസികളെ സഹായിച്ചിരുന്നു. മിഷൻ വയലിലെ വിശ്വാസികളെ സ്വന്തം ഉറ്റവരായി അവൾ കണക്കാക്കി.

22 വർഷം കർത്താവിനു വേണ്ടി സ്തുത്യർഹമായ സേവനം ചെയ്തു 4/04/2025 ൽ അവൾ നിത്യതയിൽ പ്രവേശിച്ചു. മിഷൻ വയലിലുണ്ടായ ഒരപകടത്തിൽ അവളുടെ ജീവൻ നഷ്ടപ്പെട്ടു. അവസാന ശ്വാസം വരെ അവൾ ആത്മാർത്ഥമായി വേല ചെയ്തു. കഠിനാദ്ധ്വാനത്തിലൂടെ അവൾ ശേഷിപ്പിച്ചിട്ടു പോയ വെളിച്ചം എന്നും നിലനിൽക്കും. അനേകരുടെ ഹൃദയങ്ങളിൽ അവളുടെ ഓർമ്മകൾ ജീവിക്കുന്നു. നമ്മുടെ പ്രീയപ്പെട്ട മിഷനറി ജയന്തിയുടെ അനുഗ്രഹിക്കപ്പെട്ട ജീവിതത്തിനായി നമുക്കു ദൈവത്തെ സ്തുതിക്കാം. ഭർത്താവിനെയും മക്കളെയും കുടുംബത്തെയും ദൈവം ആശ്വസിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

# കോതമ്പു മണിയായി വീണു!



## വിശ്വാസത്തിലുള്ള ഒരു യാത്രയുടെ അവസാനം

കന്യാകുമാരി ജില്ലയിലുള്ള നെയ്യൂരിൽ 1952 ആഗസ്റ്റ് ആറിന് ശ്രീമതി. എസ്ഥേർ ബേബി നഥാനി യേൽ ജനിച്ചു. നേഴ്സിംഗ് പഠനം പൂർത്തീകരിച്ച എസ്ഥേറിനെ 1981 ൽ ഉത്തരേന്ത്യയിലെ വിവിധ പ്രദേശത്തു ഊർജ്ജസ്വലതയോടെ പ്രവർത്തി ച്ചിരുന്ന FMPB മിഷനറി നഥാനിയേൽ ലേഗരാജ് വിവാഹം കഴിച്ചു. 1982 ൽ ദൈവം അവർക്കു ഒരു മകനെ (ശ്രീ. ജോയ് ശാലോം) നൽകി അനുഗ്രഹിച്ചു.

ഒരിക്കൽ എസ്ഥേറിന്റെ പട്ടണത്തിൽ നമ്മുടെ സീനിയർ മിഷനറിമരിൽ ഒരാൾ രാജ്യത്ത് സുവിശേഷം പ്രഘോഷിക്കുന്നതിനു ആളെ വേണമെന്നു പങ്കുവെച്ചപ്പോൾ ശ്രീമതി എസ്ഥേറിനു ദൈവം തന്നെ വിളിക്കുന്നതായി തോന്നി. സ്വന്ത സഹോദരി തീപൊള്ളലേറ്റു ഡോക്ടറന്മാർ കൈവെടിഞ്ഞപ്പോൾ സഹോ ദരിക്കു സൗഖ്യം നൽകിയാൽ ദൈവവേല ചെയ്യാമെന്നു സ്വയം സമർപ്പിച്ചു ദൈവ സന്നിധിയിൽ പ്രാർത്ഥിച്ചു. ഈ രണ്ടു സംഭവങ്ങൾ കർത്താവിന്റെ വേലക്കായി പോകുവാൻ എസ്ഥേറിനെ പ്രേരിപ്പിച്ചു. കുടുംബത്തിലെ എതിർപ്പിനെ അവഗണിച്ച് 28 -ാമത്തെ വയസ്സിൽ FMPB മിഷനറിയായി ചേർന്നു.

എസ്ഥേർ FMPB യിൽ ചേർന്നതിനെ തുടർന്നു നോർത്ത് വെസ്റ്റേൺ റീജിയനിൽ മിഷനറി പ്രവർത്തനം ആരംഭിച്ചു. ഭർത്താവിനോടു ചേർന്നു മഹാരാഷ്ട്രയിലെ അക്കൽകുവ മിഷൻ ഫീൽഡിലും ഗുജറാത്തിലെ സെളംമ്പ, കേവടി, അങ്കലേശ്വർ, രാജ്പിപ്പില എന്നീ മിഷൻ വയലുകളിലും ഉത്തർപ്രദേശിലെ ഝാൻസിയിലും തെലുങ്കാനയിലെ പിപ്പൽവാടയിലും പ്രവർത്തിച്ചു. ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും സേവനം ചെയ്തു. പിന്നീട് അവർ ആരവല്ലി റീജിയൻ, സഹയാത്രി റീജിയൻ, ഭോപ്പാൽ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 32 വർഷത്തെ സേവനത്തിനു ഒടുവിൽ 2012 ജൂണിൽ എസ്ഥേർ സജീവ സേവനത്തിൽ നിന്നും വിരമിച്ചു.

അവസാന നാളുകളിൽ ശ്രീമതി എസ്ഥേർ ചില ആരോഗ്യ പ്രശ്നങ്ങളാൽ കഷ്ടപ്പെട്ടു. കാൻസർ രോഗത്തോടു അവൾ പോരാടി. ചികിത്സക്കായി ഭർത്താവ് ചെന്നയിലേക്കു താമസം മാറ്റി. അവർ ഇരുവരും ആസ്ഥാന മന്ദിരത്തിലെ മാനവ വികസന വിഭാഗത്തിൽ വേല ചെയ്തു. പിന്നീട് താമ്പരത്തു മൊബലൈസേഷൻ മേഖലയിൽ പ്രവർത്തിച്ചു. 2023 ൽ ഭർത്താവ് നിത്യതയിൽ പ്രവേശിച്ചതിനെ തുടർന്നു എസ്ഥേർ വളരെ ക്ഷീണിതയായി. 2025 ഏപ്രിൽ എട്ടിനു അവൾ ഓട്ടം തികെച്ചു നിത്യതയിൽ പ്രവേശിച്ചു.

ശ്രീമതി എസ്ഥേർ എല്ലായ്പോഴും എല്ലാരോടും ദയയും ആതിഥ്യമര്യാദയും കാണിച്ചിരുന്നു. ഏറെ സമർപ്പണത്തോടെ കർത്താവിന്റെ വേല ചെയ്ത സഹോദരിയുടെ ജീവിതം ഇന്നു അനേ കർക്കു സാക്ഷ്യമായി വർത്തിക്കുന്നു. ജന ഹൃദയങ്ങളിൽ മാറ്റം വരുത്തുന്നതിനും അവർ യേശുവിനെ രക്ഷിതതാവായി സ്വീകരിക്കുന്നതിന നുമായി സഹോദരി എസ്ഥേർ ആത്മാർത്ഥമായി പ്രവർത്തിച്ചു. 2 തിമൊ. 4: 7 ൽ പൗലൊസ് പ റഞ്ഞതു പോലെ, 'ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു'. ശ്രീമതി. എസ്ഥേർ വിശ്വസ്തയായി സാക്ഷ്യമുള്ള ജീവിതം നയിച്ചു. കുടുംബാംഗങ്ങളുടെ ആശ്വാസത്തി നായി പ്രാർത്ഥിക്കാം.




## ജന്മദിനാശംസകൾ

സിഷോര ബീറോ, ബാബു ബഞ്ചമിൻ,
പ്രോസോൺസിത മാലി, മനോജ് പി.ജെ,
കോക്കാനി സുമിത്ര ബൻ ക്രിസ്റ്റ്യൻ,
ജോൺ പെനിൻ ജെ,
കിങ്സ്ലി ലിവിങ്സ്റ്റൺ

# ജമ്മു കാശ്മീർ

### രാംഘട്ട്

### ജോൺ എസങ് & ലിബേനി എസങ്

തൊണ്ടക്കുണ്ടായ കാൻസറിൽ നിന്നു റാംനഗറിലെ ബിട്ടു വിടുതൽ പ്രാപിച്ചു. ഉദര വേദനയിൽ നിന്നു ഗീത, റാത്തലാലൈ, സഞ്ചെജ യുടെ മകൻ എന്നിവർ സൗഖ്യം പ്രാപിച്ചു. കഴിഞ്ഞ സാമ്പത്തീക വർഷം നാലു ആരാധനക്കൂട്ടങ്ങൾ ആരംഭിക്കുവാൻ ദൈവം കൃപ നൽകി. ദൈവകൃപയാൽ പുതിയ ഗ്രാമങ്ങളിൽ വേദപഠനക്കൂട്ടങ്ങൾ ആരംഭിച്ചു.

പുരമണ്ഡൽ, സിമിലിയാൽ, ശവങ്ക എന്നീ ഗ്രാമങ്ങളിലുള്ള ജനങ്ങൾ അന്ധവിശ്വാസങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ചു ജീവനുള്ള ദൈവ ത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. സുവിശേഷ പ്രവർത്തന ത്തെ ശക്തമായി എതിർക്കുന്ന കൂട്ടങ്ങൾ ദൈവിക മഹത്വം അറിയേണ്ട തിനും യേശുവിനെ കർത്താവും രക്ഷിതാ വുമായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിത സാക്ഷ്യത്തിലൂടെ മറ്റുള്ളവർക്കു ക്രിസ്തുവിനെ കാണിച്ചു കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജമ്മു

### ബിദ്യുത് കുമാർ സിങ്

നാലു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവ സരം ലഭിച്ചു. കേശവ കുമാർ സുവി ശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കുന്നു. 15 സ്ഥലത്തു രാത്രി യോഗങ്ങളും 12 ഗ്രാമങ്ങളിൽ സത്സാംഗ് യോഗങ്ങളും തടസ്സങ്ങളില്ലാതെ ന ടത്തി. ബിസ്ന ഗ്രാമത്തിലെ ആരതി ദേവി, കുവാൽ ഗ്രാമത്തിലെ ആരതി എന്നിവർക്കു സുഖ പ്രസവം നൽ കി ദൈവം അനുഗ്രഹിച്ചു. വിഷാദ രോഗത്താൽ വലയുന്ന റിഷവ് കുമാറിനെ ആത്മാർത്ഥമായ പ്രാർത്ഥന യാൽ ദൈവം സൗഖ്യമാക്കി.

അപകടത്തെ തുടർന്നു കാലിൽ പൊട്ടലുണ്ടായ സീമ സരലിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവീൺ ദേവിക്കു നല്ലൊരു ജോലി ലഭിക്കേണ്ടതിനാ യി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ബൊസന്ദരയും കുടുംബവും വിടുതൽ പ്രാപിക്കേണ്ട തിനായി പ്രാർത്ഥിക്കുക. ബജൽദ, കരംധാന എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. പിന്മാറ്റ ജീവിതം നയി ക്കുന്ന അനിത ദേവി, ഗീത ദേവി, പ്ര വീൺ ദേവി, പസിഗാല, ദീപക് കുമാർ എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സെബാനി കുമാരി, കുഷി കുമാരി, വിശ്വജിത് കുമാർ എന്നിവർക്കു ക്രസ്തീയ വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. ഇഷ്ടിക ചൂളയിൽ പണിയെടു ക്കുന്ന കരൺ കുമാറിനു കൂലി കൊടു ക്കാതെ എജന്റന്മാർ കബളിപ്പിക്കുന്നു. ദൈവം ഇടപെട്ടു ചൂഷണത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**2**
**വെള്ളി**

## ജന്മദിനാശംസകൾ

ലിസ അരുളാന്ദം, ഗോഡ്‌വിൻ കൃപാകരൻ,
സുനിൽ കുമാർ, സുശീൽ ഹെബ്രം
ലതഭായ് കാവപവ്റ

**റീയാസി : അയ്യനാർ ഡേവിഡ് & മാൻപ്രീത് കൗർ**

ദൈവകൃപയാൽ ബൗനി, കേരൽ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തൽവാർ ഗ്രാമത്തിലുള്ള ഗുജ്ജാർ സമുദായം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

നമ്മുടെ മിഷനറി ഡേവിഡിന്റെ മാതാവിനു മാറിടത്തിൽ കാൻസർ ബാധിച്ചതിനാൽ ശസ്ത്രക്രീയ ചെയ്തു. ഇപ്പോൾ കീമോതെറാപ്പി ചെയ്യുന്നു. അവളുടെ പരിപൂർണ്ണ സൗഖ്യത്തിനായി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ മിഷനറി മാൻപ്രീത് കൗർ മൈഗ്രെയ്ൻ തലവേദനയാലും നട്ടെല്ലു സംബന്ധമായ രോഗത്താലും കഷ്ടപ്പെടുന്നു. സുവിശേഷ പ്രവർത്തനത്തിനെതിരെയുള്ള ശക്തികൾ പരാജയപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങളുടെ ഉള്ളിലുള്ള അന്ധകാരം മാറി ദൈവീക വെളിച്ചം അവരുടെ ഉള്ളിൽ പ്രകാശിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നൗഷേര**

**സൈക് സുബാനി & എമി ഭാക്കിയ**

തരിയാല ഗ്രാമത്തിലെ മദ്യാസക്തനായ കലാറാമിനെ മാനസിക വിഭ്രാന്തിയാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി മദ്യപാനത്തിൽ മുക്തനായി സൗഖ്യം പ്രാപിച്ചു. ഇപ്പോൾ അവൻ തന്റെ കുടുംബത്തോടൊപ്പം സന്തോഷവനായി ജീവിക്കുന്നു. പിങ്കി ദേവിയുടെ നഷ്ടപ്പെട്ടുപോയ സ്വർണ്ണ കമ്മൽ അവളുടെ വിശ്വസത്തോടു കൂടിയ പ്രാർത്ഥനയാൽ തിരികെ ലഭിച്ചു.

തങ്കിരി ഗ്രാമത്തിലെ സാനി, സജ്ജീവ് എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനും അവരുടെ കുടുംബത്തിന്റെ സമാധാനത്തിനുമായി പ്രാർത്ഥിക്കുക. അപകടത്തിൽ 80% പൊള്ളലേറ്റ ബോസായിയെ ദൈവം അത്ഭുതകരമായി വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടൽ സംബന്ധമായ പ്രശ്നത്താലും കഷ്ടപ്പെടുന്നു. കായ് ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനുള്ള വസ്തുവിന്റെ പ്രമാണം രജിസ്ട്രർ ചെയ്യേണ്ടതിനായും സ്തോത്രകാഴ്ച പണം നിക്ഷേപിക്കുന്നതിനായി തടസ്സമില്ലാതെ ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### കൃപ കൃപ ഒന്നു മാത്രം

മഹാരാഷ്ട്രയിൽ ബോറാടി മിഷൻ വയലിലുള്ള അമ്പാടു ഗ്രാമത്തിലെ അസറാംഭായ് വയലിൽ കൃഷിപണിയിൽ ഏർപ്പെടുന്ന വേളയിൽ സമീപത്തു മറ്റൊരു ടാക്ടർ ഉപയോഗിച്ചു വയൽ ഉഴതു മറിക്കുകയായിരുന്നു. പെട്ടെന്നു ട്രാക്ടറുടെ എഞ്ചിനിലെ വെള്ളത്തിന്റെ പൈപ്പ് പൊട്ടി ചൂടു വെള്ളം ആയാളുടെ ദേഹത്തേക്കു തെറിച്ചു. ദൈവകൃപയാൽ ചൂടുവെള്ളം മുഖത്തു വീണില്ല ദേഹത്തു വീണു അല്പം പൊള്ളിയെങ്കിലും കൂടുതൽ ദോഷം വരാതെ ദൈവം കാത്തു പരിപാലിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!




### ജന്മദിനാശംസകൾ

വിക്ടർ ജയശീലൻ സി, ഷീല ഷൺമുഖം, ജപരാജ് ശമുവേൽ വി.പി., സരൾ ജാൻസി റാണി ജസ്റ്റിൻ, വിനു എം, ആനന്ദി ശങ്കർ

## ഹിമാചൽ

### രാമ്പൂർ : ദൗ ജപൗ ഗുയിതെ & ഫ്ളോറൻസ് ലാമുവങ്

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം സഹായിച്ചു. ജഗദീഷിനെ അലട്ടിയിരുന്ന കുടുംബ പ്രശ്നത്തിൽ നിന്നും ദൈവം അവനെ വിടുവിച്ചു. നോയമ്പു കാല ഉപവാസ പ്രാർത്ഥനയിൽ വിശ്വാസികൾ ആവേശ പൂർവ്വം പങ്കെടുത്തു ദൈവ നാമം മഹത്വപ്പെടുത്തി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ നേരിടുന്ന എല്ലാ എതിർപ്പുകളെയും അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ രുൺജ ആരാധനയിൽ സംബന്ധിക്കുന്നതിനെ തടയുന്ന മക്കൾ ദൈവസ്നേഹം രുചിച്ചിറിയേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ കഠിനമായ വേദനയനുഭവിക്കുന്ന സങ്കി ദേവിയെ കർത്താവ് സൗഖ്യമാക്കി. പ്രീയപ്പെട്ട ഭാര്യയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന നോരുറാമിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പോലീസ് സേനയിൽ ചേരുന്നതിനു ആഗ്രഹിക്കുന്ന ലക്കി, സൂരജ് എന്നിവരുടെ അഭിലാഷത്തെ ദൈവം സഫലീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വിമല വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

തിയുനി ഗ്രാമത്തിൽ ആരാധന യോഗം നടത്തുന്നതിനു സ്ഥലം ലഭിച്ചു. പെട്ടെന്നുണ്ടായ നെഞ്ചു വേദനയിൽ നിന്നും മാതൃദേവിയെ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥനയുടെ ഫലമായി ഉദരത്തിലുണ്ടായിരുന്ന മുഴ അപ്രത്യക്ഷമായി. ഗ്യാസ് സിലണ്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ പാപ്ലുവിനെയും അവളുടെ കുടുംബാംഗങ്ങളെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു. പൗലാട്, കൗനി എന്നീ ഗ്രാമങ്ങളിൽ മുഴു രാത്രി പ്രാർത്ഥന സംഘടിപ്പിക്കുവാൻ ദൈവം സഹായിച്ചു. തെവ്‌ലി മേഖലയിലെ ആരാധന യോഗത്തിൽ മൂന്നു കുടുംബങ്ങൾ ഇപ്പോൾ സംബന്ധിക്കുന്നു.

അനിത, അഞ്ജലി, സുനിത എന്നിവർക്കു സുഖ പ്രസവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ കാൻസർ ബാധിച്ച ന്യാരുരുമക്കിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റോമ മേഖലയിൽ ആരാധന യോഗം നടത്തുന്നതിനു ഉചിതമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂരത്തിനു അനുയോജ്യമായ ക്രിസ്തീയ വിശ്വാസമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും നിർമ്മല വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വർഷത്തോളമായി ത്വക്കിലുണ്ടായ അലർജിയാൽ ഭാരപ്പെടുന്ന മിഷനറി സന്ദീപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മെയ്**
# 4
**ഞായർ**

## ജന്മദിനാശംസകൾ

ഹേബ്സിബ സൈറസ്, ലീഗൾ മേരി ഗോൾഡൻ, സീത ഐസക്ക്, ജപകുമാർ പി, റൗട്ട് യശോദബൻ വഗോര പ്രമോദ്കുമാർ, ജപശീലി ദാനിയേൽ, എയിഞ്ചലീൻ വിഘ്നേശ്വർ, അനിൽകുമാർ, നിരഞ്ജൻ കുമാർ

## പഞ്ചാബ്

### അഹമ്മദ്ഘട് മാന്ദി

**കൃപ രക്ഷണ ബറെ & ഷെക്കീന**

രക്താർബുദം ബാധിച്ച അവിയെ ചികിത്സിച്ച ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ടു. ദൈവം അത്ഭുതം പ്രവർത്തിക്കും എന്ന വിശ്വാസത്തിൽ വിശ്വാസികൾ ഒരുമിച്ചു കൂടി അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. ഇപ്പോൾ അവൻ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ബുധാർക്കെര, കുക്രാന എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസിയുടെ മകളുടെ വിവാഹം തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ നൽകി.

മിഷനറിയുടെ മാതാവിനെ രക്താർബുദത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാജന്റെ ഭാര്യ അവനെ ഉപേക്ഷിച്ചിട്ടു പോയി. അവൾ അനുതപിച്ച് തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സാമൂഹ്യ ഭയം നിമിത്തം യേശുവിലുള്ള വിശ്വാസം ഏറ്റുപറയുവാൻ മടിക്കുന്നവർക്കു കർത്താവ് ധൈര്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. റായ്ഗാട്ട് ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീക വളർച്ചക്കായ് പ്രാർത്ഥിക്കുക. മിഷനറിയുടെ ഇളയ മകളുടെ മുഖത്തു വരുന്ന വെള്ളപാണ്ട് സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബർത്ത വിശ്വാസ് & മന്ന സിങ്**

രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. നൊയമ്പു കാലഘട്ടത്തിൽ 42 കുടുംബങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവവകൃപയാൽ നമ്മുടെ കുട്ടികളെല്ലാവരും വാർഷീക പരീക്ഷയിൽ വിജയം കൈവരിച്ചു. പൈശാചിക ബന്ധനത്തിലായിരുന്ന സരൺജിത്തിന്റെ വിടുതലിനായി വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവനു സമ്പൂർണ്ണ വിടുതൽ നൽകി. അവന്റെ കുടുംബം മുഴുവൻ യേശുവിനെ കർത്താവും രക്ഷിതതാവുമായി സ്വീകരിച്ചു. അനേക നാളുകളായി വിവാഹത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന മാൻസക്കു നല്ലൊരു ജീവിത പങ്കാളിയെ നൽകി ദൈവം അനുഗ്രഹിച്ചു.

ജാണുഗെ, ജീനീർ, കൈ എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച സത്സാംഗ് പ്രോഗ്രാമിനു നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീസസ് ഫിലിം ദർശിച്ച മൺട്രോ, ഷർക്ക, ഹോഹാർ, ബോഹ എന്നീ ഗ്രാമങ്ങളിലുള്ളവർ തങ്ങളുടെ ജീവിതത്തിൽ യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു മാൻപ്രീതിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ അമ്മയെ ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**5**
**തിങ്കൾ**

### ജന്മദിനാശംസകൾ

സ്റ്റീഫൻ ജയശീലൻ, ജെസി ജീവ പ്രഭ, മേബൽ ബാബുരാജ്, പുഷ്പരാജ് ആർ, ഭരണിധരൻ എസ്

**അമൃസർ : ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി**

ഈ മിഷൻ വയലിൽ മൂന്നു സ്നേഹിതരെ ലഭിച്ചു. കാല ഗ്രാമത്തിലെ നിമോ കൗർ അനേക വർഷങ്ങളായി ഭാരപ്പെടുത്തിയിരുന്ന തലവേദനയിൽ നിന്നും അത്ഭുത സൗഖ്യം പ്രാപിച്ചു. ദൈവാലയ ത്തിലേക്കു വരുന്ന വഴിയിൽ അപ കടത്തിൽ പെട്ട പരംജിത് കൗറിനെ കർത്താവ് തന്റെ ചിറകടിയിൽ പരി പാലിച്ചു. നിലവിലുള്ള പല വെല്ലു വിളികളുടെ നടുവിൽ സുവിശേഷം പങ്കുവെക്കുന്നതിനു ദൈവം അവസരം നൽകി. ഹോശിയാർ നഗർ മേഖലയിൽ ജാസ്പാൽ സിങ് സമർപ്പണത്തോടെ സുവിശേഷ വേല ചെയ്യുന്നു.

പുതുതായി കണ്ടെത്തിയ സ്നേഹി തരായ നരേന്ദ്ര സിങ്, റോഷൻ സിങ്, ബോല സിങ്, സോനു സിങ് എന്നി വർ 20 വർഷത്തിലധികം പഴക്കമുള്ള മദ്യപാന സ്വഭാവം ഉപേക്ഷിക്കേണ്ടതി നായി പ്രാർത്ഥിക്കുക. ഹെർണിയ നി മിത്തം കഷ്ടപ്പെടുന്ന റാണി കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചിന്ന ഗ്രാമത്തിൽ ആരാധനക്കൂട്ടം ഉരു വാക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാപനം നടത്തുന്നതിനു തയ്യാറെടുക്കുന്നവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. കാസ മേഖലയിൽ പ്രവർ ത്തിക്കുവാൻ സമർപ്പണമുള്ള ദൈവ വേലക്കാർ എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ സാൻസി, മുല്ലുങ്ക ഗാൾ എന്നീ സഭകളുടെ ആത്മീക ഉണർ വ്വിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### മാൽധാചൗർ

**ശിശുപാൽ & അനിത**

തനോരി, നബൈപുര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെക്കുവാൻ ദൈവം കൃപ ചെയ്തു. മോഹൻ നഗർ ഗ്രാമത്തിൽ സ്ത്രീകളുടെ യോഗം അനുഗ്രഹകരമായി നടത്തി. പൈശാചിക ബന്ധനത്തിൽ നിന്നും അജയ്, കുൽവന്ദ് സിങ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

കരളിലുണ്ടായ അണുബാധയാൽ മിഷനറിയുടെ ഭാര്യ അനിത കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക. പരുമദാർ, പാംനഗർ എന്നീ റീജനുകളിലേക്കു നമ്മുടെ പ്രവർത്തനം വ്യാപിപ്പിച്ചു. പ്രതാപൂർ, ബാഗപൂർ, ദാരി, ഹൽത്തുവ എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ നൽകി ദൈവം അനുഗ്രഹിച്ചു. ഉടനെ നടത്തുന്ന കുട്ടികളുടെയും യുവജനങ്ങളുടെയും യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർ ത്ഥിക്കുക. മീനാക്ഷി, ദർമ്മേന്ദർ, അനു രാധ, ഷേർസിങ് എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരി ക്കേണതിനായി പ്രാർത്ഥിക്കുക. സുവി ശേഷ വേലയെ എതിർക്കുന്ന അനിൽ രാജ്, ഗോപാൽ, മൽഗിതി സിങ്, പ്രതാപ് സിങ് എന്നിവർ ദൈവസ്നേഹം രുചി ച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ക്രിസ്റ്റി രാജൻ ഇ, ശമുവേൽ രാജേന്ദ്രൻ, സന്ധ്യാനായക്, വിമല ഡെയ്സി, സാമ്രാജ് ഡി, മേഴ്സ നെമ്മിലിയാൻമാവി

## ഹരിയാന

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക**

പ്രമേഹ രോഗം ബാധിച്ച് ഗുരുതരാവസ്ഥയിലായ കിരൺ കൗറിനെ കർത്താവ് സൗഖ്യമാക്കി. ലാമ്പി, അപ്പുശേഖർ, ഷെർക്കാർഗ് ദേബാലി എന്നീ ഗ്രാമങ്ങളിൽ ആയിരം മണിക്കൂർ ചങ്ങല പ്രാർത്ഥന അനുഗ്രഹകരമായി നടത്തി. ലോഗാർ ഗ്രാമത്തിലെ രാമന്റെ ആത്മാർത്ഥമായ പ്രാർത്ഥന കേട്ടു സ്വന്തമായി ഒരു ട്രാക്ടർ വാങ്ങുവാൻ ദൈവം സഹായിച്ചു. ഈ പ്രദേശത്തു പടരുന്ന വൈറൽ പനിയിൽ നിന്നു മിഷനറിയുടെയും പ്രാദേശിക സുവിശേഷകന്റെയും കുടുംബത്തെ ദൈവം സുരക്ഷിതമായി പരിപാലിച്ചു.

വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീവൻനഗർ മിഷൻ വയലിൽ ഇടത്താവളം തുറക്കുന്നതിനായി എടുത്ത ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന സത്സാംഗ്, വേദപഠനക്ലാസ്സ് പ്രാർത്ഥനക്കൂട്ടം, ജീസസ് ഫിലിം പ്രദർശനം എന്നിവ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകൻ യഹോയാക്കിം മൂലക്കുരു രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മേഖലയിലുള്ള 22 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഇവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഹിനുമാൻഘട്ട് : **മുധവാത്തു രാജു & ബുക്കിയ ജാൻസി**

സുനിതയുടെ പ്രാർത്ഥന കേട്ടു കർത്താവ് അവളുടെ സഹോദരനു പുതു ജീവൻ നൽകി. ഡെങ്കു പനിയാൽ കഷ്ടപ്പെടുന്ന ജാക്സെർസിങ്, കഠിന ജ്വരത്താൽ വലയുന്ന കിരൺ കൗർ എന്നിവർ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. അമിത രക്തസമ്മർദ്ദത്തിലും പ്രമേഹ രോഗത്തിലും മരണശയ്യയിലായ പരംസിങ്ങിനെ പ്രാർത്ഥന കേട്ടു ദൈവം അത്ഭുത സൗഖ്യം നൽകി വിടുവിച്ചു.

മിഷനറിയുടെ പ്രവർത്തനത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗർഭിണിയായ പ്രഗാഷിനി ശരീരത്തിൽ വളരെ ക്ഷീണിതയാണ്. അവളെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായിരുന്ന ബോലറാമിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ സമാധാനത്തിനും ആശ്വാസത്തിനുമായി പ്രാർത്ഥിക്കുക. സാമൂഹ്യ നീയന്ത്രണം നിമിത്തം ക്രിസ്തീയ വിശ്വാസത്തിൽ നിന്നും പിന്മാറുന്നവർക്കായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ ക്രിസ്തു യേശുവിൽ വേരൂന്നി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രീയയ്ക്കു വിധേയ ആയ സോമയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രജ്ജിത്തിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ഫ്ളോറൻസ് സുധാകരൻ, സമരേന്ദ്ര സിങ്, ദാനിയേൽ അരുൾമണി, കുമാരവേൽ എസ്, നഗോമി രാജം, മേനക ഗോപീകൃഷ്ണൻ

### തപുക്കര

**ദാനിയേൽ മാർവെൽ രാജ് & ജപശീലി**

ഷാഹബത്ത് ഗ്രാമത്തിലുള്ള നവ്യയുടെ അമ്മാവൻ രോഗശയ്യയിൽ മരണത്തോടു പോരാടുകയായിരുന്നു. വിശ്വാസിയായ നവ്യയുടെയും കുടുംബത്തിന്റെയും വിശ്വാസത്തോടു കൂടിയ ആത്മാർത്ഥമായ പ്രാർത്ഥനയാൽ ദൈവം അയാൾക്കു അത്ഭുത സൗഖ്യം നൽകി. വേദപഠന ക്ലാസ്സിൽ സജീവമായി പങ്കെടുത്തു പ്രാർത്ഥിക്കുന്ന ദിരിയ ഗ്രാമത്തിലെ ബാവനെ ദൈവം അനുഗ്രഹിച്ചു. അവനു ദൈവകൃപയാൽ നല്ല ശമ്പളമുള്ള ജോലി ലഭിച്ചു. വിവാഹ മോചനത്തിനായി കോടതിയെ സമീപിക്കുവാൻ തീരുമാനിച്ച പ്രീതി, ദൈവമക്കളുടെ പ്രാർത്ഥനയുടെ ഫലമായി മനസ്സ് മാറി. ഇപ്പോൾ അവൾ ഭർത്താവിനോടു കൂടെ സമാധാന ജീവിതം നയിക്കുന്നു. സരിതയുടെ കോറോണ നിമിത്തം അടച്ച കട വീണ്ടും തുറന്നു പ്രവർത്തനം ആരംഭിക്കുവാൻ ദൈവം കൃപ നൽകി.

സർക്കാർ പരീക്ഷ എഴുതിയ വിശ്വാസികളായ വിജയ്, അനു, രാംകന്യ എന്നിവർക്കു നല്ല സർക്കാർ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ രേഖ വിജയിക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇന്ദ്രോത്ത ഗ്രാമത്തിൽ ഒന്നിനു പുറകെ ഒന്നായി രണ്ടു പേർ മരിച്ചതു നിമിത്തം വിഷാദത്തിലായ പൂനം, മാനിഷ, സംഗീത, രേശ്മ എന്നിവരുടെ സമാധാനത്തിനും ആശ്വാസത്തിനുമായി പ്രാർത്ഥിക്കുക. ഈ മാസം വയലിൽ നിന്നു വിളവെടുക്കുവാൻ തയ്യാറെടുക്കുന്ന വിശ്വാസികൾക്ക് വയലിൽ നല്ല വിളവും കൊയ്ത്തിനു അനുകൂലമായ കാലാവസ്ഥയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ജാലൗൻ

**രാകേഷ് രത്തിലാൽ ഗവിത് & ഇർഗർ രേശ്മ മാരുതി**

രാത്രിയോഗങ്ങൾ, സുവിശേഷയോഗങ്ങൾ, ചെറു പ്രാർത്ഥനക്കൂട്ടങ്ങൾ, വിശ്വാസികളുടെ പ്രാർത്ഥനക്കൂട്ടം എന്നിവ ദൈവകൃപയാൽ തടസ്സങ്ങളില്ലാതെ ഭംഗിയായി നടക്കുന്നു. ദൈവം സഹായിച്ചതിനാൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു. പുതിയ വിശ്വാസികളും അവരുടെ കുടുംബാംഗങ്ങളും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഒരു പൈതൽ ജനക്കേണ്ടതിനായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന ഹേമലത, ദിനേശ് എന്നിവരെ കർത്താവ് ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന റാം ബഹദൂർ, ശരീര വേദനയാൽ വലയുന്ന റാം ഗാന്ധി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒരു വയസ്സു പ്രായമുള്ള കുഞ്ഞ് പനിയാൽ കഷ്ടപ്പെടുന്നു, പിദോലി ക്ഷയരോഗം നിമിത്തം ബുദ്ധിമുട്ടുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന അവസരം ലഭിക്കേണതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ജസ്റ്റിൻ വൈ,
നിരുപമ ഘോശാല

### ഭർത്താന

**എസ് രാജൻ & ജപമലർ**

വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ ജാൻവി, ഡെങ്കു പനിയാൽ കഷ്ടപ്പെട്ട മാനിഷ എന്നിവരെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസിയായ സഞ്ജീവനെ അപകടത്തിൽ നിന്നും ദൈവം അത്ഭുതകരമായി വിടുവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അനിത, രാംവീർ, വിൽബ എന്നിവർ ദൈവകൃപയാൽ വിടുതൽ പ്രാപിച്ചു.

മേഘ്ന സഭക്കെതിരെയും സുവിശേഷകരായ വിജയകുമാർ, ജയകരൻ, ശ്യാംസുന്ദർ, സഭാ നേതാവായ തുളസിറാം എന്നിവർക്കെതിരെയുള്ള കോടതിക്കേസിനു വേഗത്തിൽ തീർപ്പുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതം ബാധിച്ച രാംപെടി സിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗീത, അനിൽ, പ്രിലത എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്ധ്യക്കു അനുയോജ്യനായ ജീവിത പങ്കാളിയയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസത്തിനു നേതൃത്വം കൊടുക്കുന്ന സർവ്വേശും കുടുംബവും ഇപ്പോൾ ആവേശപൂർവ്വം സഭയുടെ പ്രവർത്തനങ്ങളിലും പങ്കളികളാകുന്നു. ദൈവനാമ മഹത്വത്തിനായി ദൈവം ഇവരെ എടുത്തുപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### ധരണി & കാന്തുവ ബാലഭവനം & ബാലിക ഭവനം

**ഏകലവ്യൻ ജയിംസ് & ബറിൽ**

ദൈവകൃപയാൽ ശക്പുര ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ജിൽപിവർ, ജമാപാലിയ എന്നീ ഗ്രാമങ്ങളിൽ ദൈവസ്നേഹം പങ്കുവെക്കുന്നതിനു അവസരം കർത്താവ് നൽകി. പട്ടോന്ദ ഗ്രാമത്തിലെ രണ്ടു വയസ്സുള്ള പൈതൽ വൃക്കരോഗത്താൽ കഷ്ടപ്പെട്ടു. ഡോക്ടറന്മാർ ശസ്ത്രക്രിയ ചെയ്യണമെന്നു വിധിച്ചെങ്കിലും മിഷനറിമാരും വിശ്വാസികളും ഒരുമിച്ചു ചേർന്ന പ്രാർത്ഥിച്ചപ്പോൾ ദൈവം പൈതലിനെ സൗഖ്യമാക്കി. ജോതിയാദവിന്റെ ത്വക്കുരോഗവും കാലിലെ മുറിവുകളും പ്രാർത്ഥനയാൽ സൗഖ്യമായി. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ കാർത്തിക്കിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

അന്നനാളത്തിൽ ഉണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന ലീലഭായി, വിവിധ രോഗങ്ങളാൽ വലയുന്ന ശോഭ, വാതരോഗത്താൽ കഷ്ടപ്പെടുന്ന വത്സലഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വായിൽ അണുബാധയുണ്ടായ ഒരു വയസ്സുള്ള പുതാൻ എന്ന പൈതലിന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. നാഗാട്, മുകെട് എന്നീ ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സഞ്ജെമാർഷൽ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**9**
**വെള്ളി**

## ജന്മദിനാശംസകൾ

വഗേര പ്രമോദ്കുമാർ,
മുത്തു സെൽവി എസ്

## അസം

### ലക്കിപൂർ

**ആരോൺ സിങ് നർസാരി & റീന**

ദൈവകൃപയാൽ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. രാത്രിയോഗങ്ങളിലൂടെ വിശ്വാസികളെ ഉത്സാഹിപ്പിച്ചു. പ്രാദേശിക സുവിശേഷകന്റെ ഭാര്യക്കു ദൈവീക സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മാസം പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും കർത്താവിന്റെ സഹായത്താൽ അനുഗ്രഹകരമായി നടത്തി.

പുതിയ വിശ്വാസികൾ വിശ്വാസ ജീവിതത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴു ഗ്രാമങ്ങളിൽ വിഘ്നങ്ങളില്ലാതെ അനുധാവന പ്രവർത്തനം നടത്തി. പുതിയ പ്രാർത്ഥനക്കൂട്ടം ഉരുവാക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനടിമകളായ പെപുൽ, ബാബുൽ സൺഗ്രാങ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ ഭാര്യയുടെ ആത്മീക വർദ്ധനവ്വിനായും അവൾ താൽപര്യപൂർവ്വം സുവിശേഷ വേലയിൽ പങ്കാളിയാകേണ്ടതിനുമായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യേ നരെൻ ഷിണ്ഡെ, സുരഭി ഷിണ്ഡെ എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗോഗമുഖ് & ധാക്കുവഖാന (പുതിയ)

**ഡെൻസിങ് ആർ & കവിത**

അപസ്മാരവും നാഡി സംബന്ധവുമായ രോഗത്താൽ വലഞ്ഞ ലോകി നോരക്കിനെ വിശ്വാസികളുടെ ഉപവാസത്താലും പ്രാർത്ഥനയാലും ദൈവം സൗഖ്യമാക്കി. അയാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഗോലിഗാൻ, പാലി ചപോരി, കമൻ ചപോരി, രെഹം ചപോരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായ മുഴ നിമിത്തം കഠിന വേദനയനുഭവിക്കുന്നതിനാൽ ഭക്ഷണം കഴിക്കുവാൻ ബുദ്ധിമുട്ടിയ ജയപാന്ദിയെ കർത്താവ് അത്ഭുതകരമാം വിധം സൗഖ്യമാക്കി. പൂജകൾ നടത്തിക്കൊണ്ടിരുന്ന ഒയ്ക്കനകാങ് ശങ്കരൻ സാമ്പത്തീക ഞെരുക്കത്തിൽ ഭക്ഷണത്തിനു പോലും ബുദ്ധിമുട്ടിയ വേളയിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവം അവരുടെ സ്ഥിതിക്കു മാറ്റം വരുത്തി.

മയക്കു മരുന്നിന്റെ അമിത ഉപയോഗത്താൽ മാനസിക രോഗിയായ നിബുത്തെയിയുടെ സൗഖ്യത്തിനും മാനസാന്തരത്തിനുമായി പ്രാർത്ഥിക്കുക. കമ്പോത്തിക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേത്ര സംബന്ധമായ രോഗത്താലും കാലു വേദനയാലും പ്രയാസപ്പെടുന്ന മെമോറിക്കാമന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹദിയമോറ ഗ്രാമത്തിൽ ആരാധന യോഗത്തിനെതിരെയുള്ള വിരോധം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

കെന്നത് കരിയപ്പ, രത്തനമ്മ സന്ധ്യ,
ജയഗൗരി സെൽവിൻ സാം,
ശാന്തമ്മാൾ ജോൺസൺ,
ചരണി ഡിഹെ, വും ബിക് ലാൽ,
ഹെന്റി സോളമൻ ജി,
ഷീബ പുഷ്പ റാണി,
ബങ്കരു നായ്ക് കാരി, രശ്മി പ്രവ,
ദാനിയേൽ ധനസിങ് എസ്,
സംഗീത ജസീന്ത

## ജാർഖണ്ഡ്

### ഗംഗുപാഡ ബാലഭവനം

**ഈവ്‌ലിൻ പാക്കിയ;**
**എസ്ഥേർ സാവിത്രി**

ബാലഭവനത്തിലെ എല്ലാ കുട്ടികളും വാർഷിക പരീക്ഷ നല്ലവണ്ണം എഴുതി. നമുക്കു ശരിയായ കളിക്കളം ഇല്ലെങ്കിലും നമ്മുടെ കുട്ടികൾ പങ്കെടുത്ത കായിക മത്സരങ്ങളിൽ നിന്നും 15 സമ്മാനങ്ങൾ നേടി. പുതിയ കെട്ടിടത്തിന്റെ പണി വേഗത്തിൽ പുരോഗമിക്കുന്നു.

നമ്മുടെ ബാലഭവനത്തിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന പ്രിസില്ലയുടെയും അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന മറിയത്തിനന്റെയും മാതാവ് രോഗം നിമിത്തം മരണമടഞ്ഞു, ഈ കുഞ്ഞുങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വേനൽക്കാലത്തു നേരിടുന്ന ജലക്ഷാമം കർത്താവ് പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ കുട്ടികളെ മുണ്ടുനീര്, അഞ്ചാംപനി മലേറിയ തുടങ്ങിയ വേനൽക്കാല പകർച്ച വ്യാധികളിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവധിക്കു വീട്ടിലേക്കു പോയ നമ്മുടെ കുട്ടികളുടെ ആത്മീകവും ഭൗതികവുമായ വളർച്ചക്കായി പ്രാർത്ഥിക്കുക. സ്കൂൾ ഫീസ് അമിതമായി വർദ്ധിപ്പിച്ചത് നമ്മുടെ കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ പഠനത്തിനാവശ്യമായ പുസ്തകങ്ങൾ യൂണിഫോം ഭക്ഷണം എന്നിവ ദൈവം നൽകിത്തരേണ്ടതിനായി പ്രാർത്ഥിക്കുക.

### അവന്റെ ചിറകിൻ കീഴിൽ

രജസ്ഥാനിൽ ഹനുമാൻഘട്ട് മിഷൻ വയലിൽ പ്രവർത്തിക്കുന്ന നമ്മുടെ മിഷനറി രാജു നായക് രോഗിയായ തന്റെ അമ്മയെ സന്ദർശിച്ചിട്ടു മടങ്ങിവരുന്ന വേളയിൽ ഹനുമാൻഘട്ട് പോലീസ് സ്റ്റേഷനിലെ ആഫീസർ നമ്മുടെ മിഷനറിയെ ഫോണിൽ വിളിച്ചു സഭയുടെ രജസിട്രരും വിശ്വാസികളുടെ വിശദവിവരങ്ങളും ആവശ്യപ്പെട്ടു. മിഷൻ വയലിൽ എന്തോ പ്രശ്നമുണ്ടെന്നു മിഷനറി മനസ്സിലാക്കി. ഈ സമയം അവർ രോഗിയായ തന്റെ മകനെയും കൊണ്ടു ട്രെയിനിൽ റിസർവേഷൻ ഇല്ലാതെ യാത്ര ചെയ്യുകയാണ്. അതുകൊണ്ട് അമ്മയുടെ ഭവനത്തിലേക്കു തിരികെ പോയി കുട്ടികളെ അവിടെയാക്കിട്ടു വരാമെന്നു അവർ തീരുമാനിച്ചു. വിശ്വാസികൾ മിഷനറിയെ ഫോണിൽ വിളിച്ചു പറഞ്ഞു പോലീസുകാർ മിഷനറിയെ തേടി വന്നു മിഷൻ വയലിന്റെ കാര്യങ്ങളും മിഷനറിയെ കുറിച്ചും അന്വേഷിച്ചു. മിഷനറിയെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പരുകളും ചോദിച്ചു. കുറച്ചു ദിവസം കഴിഞ്ഞു വന്നാൽ മതിയെന്നു വിശ്വാസികൾ പറഞ്ഞു. ഈ സംഘർഷ ഭരിതമായ സ്ഥിതിക്കു മാറ്റം വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിക്കു സ്വതന്ത്രമായി ശുശ്രൂഷ ചെയ്യുന്നതിനുള്ള സാഹചര്യം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**11**
**ഞായർ**

## ജന്മദിനാശംസകൾ

അഗസ്റ്റസ് പുഷ്പരാജ്, ജോൺസ് സ്വീറ്റ്‌ലീൻ, ജിൻസി ശാന്തകുമാർ
അനന്ത കുമാർ സെൽവരാജ്

### നോനിഹാട് : എം ബൻഹൂർ & മേരി ജോൺസി റാണി

മരത്തിൽ നിന്നു വീണ ദെഹലാൽ മുർമ്മുവിന്റെ രഹസ്യ ഭാഗത്തെ ഞരമ്പ് മുറിഞ്ഞ് മരണത്തോടടുത്തെങ്കിലും വിശ്വാസികളുടെ പ്രാർത്ഥനയാൽ അത്ഭുത സൗഖ്യം പ്രാപിച്ചു. കാന്ദിനിമ മാറാണ്ടിയുടെ ഗർഭാശയത്തിലെ ട്യൂമർ ദൈവകൃപയാൽ ശസ്ത്രക്രീയയിലൂടെ നീക്കം ചെയ്തു. പ്രാർത്ഥനയുടെ ഫലമായി ബഹമുനി ഹൻസ്തയെ മഞ്ഞിപിത്തത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. ഒമ്പതു സ്ഥലത്തു ആത്മീക ഉണർവ്വ് യോഗങ്ങൾ നടത്തി. പക്ഷാഘാതത്താൽ ശയ്യാവലംബയായ ദലമായിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ഇപ്പോൾ നടന്നു ദൈവാലയത്തിൽ പോകുന്നു.

വിഷാദ രോഗത്തിൽ നിന്നും ജീത്ത്‌ലാൽ ടുഡു, ദിവാസി സൊറൻ, ബുധ്‌ലാൽ സൊറൻ എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും അപസ്മാരത്തിൽ നിന്നും പുതിയ വിശ്വാസിയായ ബാബൈ മുർമ്മു, ശ്വാസകോശ സംബന്ധമായ രോഗത്തിൽ നിന്നും സോണലാൽ കിസ്കു, അപസ്മാര രോഗത്തിൽ നിന്നും ബാബ്ലു ഹസ്ത, വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദോർബാരി മുർമ്മു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ മരണമടഞ്ഞ ബാക്കു ഹെമ്രത്തിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ധാമ്ന സഭയിലെ സഭാമൂപ്പനും പരമസിയ ആരാധനക്കൂട്ടവും ദൈവവചനത്താൽ സ്വയം കാക്കേണ്ടതിനായി പ്രാർത്ഥിക്കുക

### കീരബാനി ബാലഭവനം
### മനോജ് കുമാർ പാനി & ശാന്തിനി പാനി

നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കു ക്രമമായി വേദപഠന ക്ലാസ്സുകൾ നടത്തുന്നു. TWR നടത്തിയ ബൈബിൾ ക്വിസ് പ്രോഗ്രാമിൽ നമ്മുടെ കുട്ടികൾ ആദ്യ സ്ഥാനം കരസ്ഥമാക്കി. ഇവിടെ സംഘടിപ്പിച്ച രക്ഷിതാക്കളുടെ യോഗത്തിൽ 70 പേർ പങ്കെടുത്തു. ബാലഭവനത്തിലെ കുട്ടികൾക്കു ഉന്നത പഠന സാധ്യതയെ കുറിച്ചു ആലോചന നൽകി.

പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതിയ ഏഴു കുട്ടികൾ തുടർ പഠനത്തിനുള്ള കോളജുകൾ സൂക്ഷ്മതയോടെ ദൈവഹിതപ്രകാരം തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇംഗ്ലീഷ് വിഷയം പഠിക്കുന്നതിൽ ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികൾക്കു ദൈവീക ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽക്കാലത്തു ഈ പ്രദേശത്തുള്ള ജലക്ഷാമത്തിനു ദൈവം പരിഹാരം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ സ്ഥിരോത്സാഹത്തിന്റെ ആത്മാവിനാൽ നിറയേണ്ടതിനും അവർ ബാലഭവനത്തിൽ വസിച്ചു പഠനം തുടരേണ്ടതിനുമായി പ്രാർത്ഥിക്കുക. കാലിൽ പൊട്ടലുണ്ടായ ദൊരം ദേവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

കുമാർ പോൾ കെ,
മിത്‌ലേശ് ദീപരത്ന

**തേലോ**

**അരുളാനന്ദം & ലിസ പീറ്റർ**

വലിയൊരു അപകടത്തിൽ നിന്നും തോണ്ടി ഗ്രാമത്തിലെ രമേശ് സൊറനെ കർത്താവ് രക്ഷിച്ചു. സ്വന്തമായ ഒരു ഭവനത്തിനു വേണ്ടി മാർത്ത ഹെംബ്രം കഴിഞ്ഞ ഒരു വർഷമായി പ്രാർത്ഥിക്കുകയായിരുന്നു. ദൈവകൃപയാൽ സർക്കാർ പദ്ധതിയിൽ അവൾക്കു ഒരു ഭവനം ലഭിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ദൈവം അക്നേശിഷിനെ സംരക്ഷിച്ചു. കുട്ടിപേട ഗ്രാമത്തിൽ നടത്തിയ സുവിശേഷ മേളയിൽ 3800 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ക്രിസ്തുവിലുള്ള പരിജ്ഞാനത്തിൽ പുതിയ വിശ്വാസികൾ വളരേണ്ടതിനായി പ്രാർത്ഥിക്കുക. മലമ്പ്രദേശത്തു ക്രമീകരിച്ച രാത്രി യോഗത്തിൽ ധാരാളം പേർ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂട്‌ലി, റൂൻസാര, പതോർക്കാത്ത എന്നീ ആരാധനക്കൂട്ടങ്ങളിലുള്ളവർ യേശു ക്രിസ്തുവിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. റോഗാൻ മേഖലയിൽ ദിനപരിപാലന കേന്ദ്രം ആരംഭിക്കുന്നതിനു അനുയോജ്യമായ ഇടം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രങ്ക സഭയിലെ മൂപ്പൻ പല്ലു ബസ്കി, രാജോൻ സഭയിലെ ബർന്നബാസ് ഹസ്താക്ക്, പ്രിസ്കില്ല ഭസ്കി, ശാന്തി മുർമ്മു എന്നിവർ ക്ഷയ രോഗത്തിൽ നിന്നും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

**അമലഗാച്ചി : ഗജൻ ചമ്പ്രമേരി & രോഷില മോച്ചാരി**

സിക്കവാൻ സഭയിൽ 30 വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ച വേളയിൽ മേൽക്കൂരയിൽ ചുറ്റി കിടന്ന വിഷപാമ്പ് ഒരു വിശ്വാസിയുടെ മുകളിൽ വീണെങ്കിലും ഉപദ്രവിക്കാതെ അതു പോയി. ദൈവം നൽകിയ അത്ഭുതകരമായ വിടുതലിനായി സ്തോത്രം. വിശ്വാസികൾക്കായി നടത്തിയ സുവിശേഷ മേള അനുഗ്രഹകരമായിരുന്നു. സുമൻ പഹാഡിയായുടെ പൈതലിന്റെ രോഗം ഗുരുതരാവസ്ഥയിലായി പ്രാർത്ഥന കേട്ടു ദൈവം അവളെ സൗഖ്യമാക്കി.

ജീറിലി ഗ്രാമത്തിൽ വിശ്വാസികൾക്കെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും അവർ യേശുവിലുള്ള വിശ്വാസം ഏറ്റുപറയേണ്ടതിനുമായി പ്രാർത്ഥിക്കുക. വിബിഎസ്, യുവജന ക്യാമ്പ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള വരൾച്ച ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസ പദ്ധതി പ്രായോഗികമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശമുവേൽ ബഹാരിയ, ലൂക്ക ബഹാരിയ എന്നിവരുടെ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൻബഹാർ ഗ്രാമത്തിലെ അരാധന യോഗം നടത്തുന്നതിനു ഒരു സന്നദ്ധ സുവിശേഷകനെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തിനെതിരായി നിൽക്കുന്ന മന്ത്രവാദികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## മെയ് 13 ചൊവ്വ

### ജന്മദിനാശംസകൾ

ആൽബിൻ റ്റി, മിത്രൻ ഇ,
രമേശ് വേൽരാജ് എ, മുത്തയ്യ യു ശമുവേൽ,
പങ്കജം ഹരി ബാബു, ഹന്ന മേരി സ്ലെഷർ,
നെഹമ്യാവ്

### രാജമഹാൾ കമ്യൂണിറ്റി കോളജ്

**സ്റ്റാലിൻ ജീവ & സെൽവ റാണി**

വിഷപ്രാണി, പാമ്പ് പോലെയുള്ള ഷുദ്ര ജീവികളിൽ നിന്നും നമ്മുടെ മിഷനറിമാരും കോളജിലെ പ്രവർത്തകരും കുട്ടികളും സുരക്ഷിതരായിരിക്കുന്നു. കുട്ടികൾ പഠനത്തിലും കായിക മത്സരങ്ങളിലും മികവ് പുലർത്തുന്നു. കമ്യൂണിറ്റി കോളജിന്റെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തന്നു.

അടുത്ത അദ്ധ്യായന വർഷം കമ്പ്യൂട്ടർ, നേഴ്സിംങ്, ഇലക്ട്രോണിക്സ്, വെൽഡിങ് എന്നീ കോഴ്സുകളിലേക്കു കൂടുതൽ വിദ്യാർത്ഥികൾ കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. കമ്പ്യൂട്ടറും നേഴ്സിങും പഠിപ്പിക്കുന്നതിനു സമർപ്പണമുള്ള അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കമ്യൂണിറ്റി കോളജിലെ പൂർവ്വ വിദ്യാർത്ഥികൾ സാക്ഷ്യമുള്ള ആത്മീയ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ കുട്ടികളുടെ പഠനത്തിനും മാനസാന്തരത്തിനുമായി പ്രാർത്ഥിക്കുക. വാതസംബന്ധമായ രോഗത്താൽ വലയുന്ന സ്റ്റാലിൻ ജീവ, സെൽവ സ്റ്റാലിൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള ചാപ്പലിന്റെ മേൽക്കുര അറ്റകുറ്റ പണി ചെയ്യുന്നതിനാവശ്യമായ പണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു ചുറ്റുമതിൽ പണിയുന്നതിനുള്ള അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർഹർവ & പത്തന ബാലഭവനം

**പീറ്റർ പ്രഭാകരൻ & വിമല**

ദൈവകൃപയാൽ മൂന്നു സ്ഥലത്തു നൊയ്മ്പു കാല ഉപവാസ പ്രാർത്ഥനയും മൂന്നു സ്ഥലത്തു സഭാമൂപ്പന്മമാരുടെ യോഗവും വിശ്വാസികൾക്കും വിബിഎസ് അദ്ധ്യാപകർക്കുമായി പരിശീലനക്യാമ്പും വിശ്വാസികളുടെ മക്കൾക്കായി സ്ഥിരീകരണ ക്ലാസ്സും നടത്തി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട ബാബുധാൻ സൊറൻ, സോന കിസ്കു, മറിയം മുർമ്മു, സോഹകിനി ഹൻസ്ത, സീമോൻ കിസ്കു എന്നിവരെ കർത്താവ് സൗഖ്യമാക്കി.

മദ്യ വ്യാപാരം നടത്തുന്ന വിശ്വാസികൾക്കു അതു പേക്ഷിക്കുന്നതിനു മറ്റു ഉപജീവന മാർഗ്ഗം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിരോധിക്കപ്പെട്ട ബർമസിയ, ജിടിയ ആരാധനക്കൂട്ടങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗീസറോ ദൈവാലയം പുനർ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിമുൽടാപ്, കുവർപുർ, ജുമുർ, സൂചി, കൊക്കര എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോക്കാനി മുർമ്മു, ജീസ്രോ, കാലസാർ എന്നീവർക്കു ദൈവം ആരോഗ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ 210 കുട്ടികളും ഈ അധ്യായന വർഷത്തെ ഫീസ് വീഴ്ച വരുത്താതെ കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മെയ്
14
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ജ്ഞാന പുഷ്പം അരുൾരാജ്, വിനോദ കുമാർ സിങ്, രവി കെ, മമത ജെ വി നാൻസി,

**മഹാരോ : ഇമ്മാനുവേൽ കാർത്തി & ജ്യോതി ലക്ഷ്മി**

സിവക്കോൾ ഗ്രാമത്തിലെ ശിവലാൽ പുജാറിന്റെ മകൾക്കു വിഷ പാമ്പിന്റെ ദംശനമേറ്റു. വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവളെ സൗഖ്യമാക്കി. പിന്മാറ്റത്തിലായ പാമണ്ടിയ ഗ്രാമത്തിലെ രജ്ജിത് പൂജാറ, വിശ്വാസികൾ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചതിനെ തുടർന്നു ആരാധനയിൽ സംബന്ധിക്കുന്നു.

പസ്തിര ഗ്രാമത്തിലെ ചന്ദ്രകാന്തിയുടെ വൃക്ക സംബന്ധമായ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉന്നത പഠനത്തിനു തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ ദൈവഹിതപ്രകാരം ഉചിതമായ കോഴ്സ് തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ വിഷയങ്ങളിൽ ആസക്തരായ യുവജനങ്ങൾ അതിൽ നിന്നും മോചനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### താപാൻ

**ഹരമോഹൻ പ്രഭുദാസ് നായക് & കുമാരി സുസമ പാനി**

കഴിഞ്ഞ സാമ്പത്തീക വർഷം അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. മൂക്കിലൂടെ രക്തം വരുന്ന ജയ്ദീപ് മൂർമ്മു, തളർവാത രോഗിയായ ബജൈ മൂർമ്മു എന്നിവരെ കർത്താവ് സൗഖ്യമാക്കി. ദൈവകൃപയാൽ പരുൾ ടുഡുവിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

ആരാധനയിൽ സംബന്ധിക്കാതിരിക്കുന്ന സിരിമോൾ, ജത്തിൻ കിസ്കു എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. താപാൻ മിഷൻ വയലിൽ പ്രവർത്തിക്കുവാൻ പ്രതിബദ്ധതയുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന സബീന ഹെബ്രം, കൈകൾക്കു കഠിന വേദനയനുഭവപ്പെടുന്ന ലക്കി ടുഡു, അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന അന്തലാൽ ടുഡു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ശത്രുവിന്റ മുമ്പിൽ മാനിക്കുന്ന ദൈവം

കർണ്ണാടകയിൽ നിദഗുണി ഗ്രാമത്തിലെ വിശ്വാസിയായ വിജയലക്ഷ്മി സ്വന്ത ഗ്രാമത്തിലെ ബാലവാടിയിൽ ജോലി ചെയ്യുന്നു. ക്രിസ്തീയ വിശ്വാസിയായ അവൾക്കെതിരെ സുവിശേഷ വിരോധികൾ അപവാദ പ്രചരണം നടത്തുന്നു. അവൾ കുട്ടികൾ ഭക്ഷണം നൽകുന്നില്ല, നല്ലവണ്ണം പഠിപ്പിക്കുന്നില്ല എന്ന കുറ്റം ആരോപിച്ചതിനാൽ അവൾക്കു ജോലി നഷ്ടപ്പെട്ടു. അന്യായമായി പിരിച്ചു വിട്ടതിനാൽ നിരന്തരം പ്രാർത്ഥിക്കുകയും നീതിക്കായ് കോടതിയെ സമീപിക്കുകയും ചെയ്തു. വിജയകരമായ നീതി ലഭിച്ചു. അവളുടെ ജോലിൽ ആരും ഇടപെടരുതെന്ന കോടതി വിധി ഉണ്ടായി അവളുടെ ഗ്രാമത്തിൽ ദൈവനാമം മഹത്വപ്പെട്ടു. ഹല്ലെലുയ്യ!

**മെയ്**
**15**
**വ്യാഴം**

## ജന്മദിനാശംസകൾ

ജാൻസി രാജേന്ദ്രൻ, തോമസ് മാത്യു,
ബാബു പുഷ്പരാജ് ഡി,
ശാന്തി ജ്ഞാനപണ്ഡിതൻ,
വിൽസെന്റ് ക്രിസ് എൽ, മെലിതാക്
സെൽവറാണി ഭരണീധരൻ,
ലക്ഷ്മി വേദിയപ്പൻ, ബിജുലാൽ,
ഭഗീരഥി ബിസോയ്, സുരേഷ് മാൾട്ടോ,
ഹിമ്പാൾ ദിലീപ് ബായ് രഘുബായ്,
അജയ് ബർദെ, ദേവാശീഷ് ഹെമ്പ്രം

### മാൽധ

### ഹരമോഹൻ പ്രഭുദാസ് നായക് & കുമാരി സുസമ പാനി

ഷിത്തൽപൂർ, നഗരാം എന്നീ റീജിയനുകളിൽ ആരാധന യോഗങ്ങൾ പുനരാരംഭിച്ചു. അനേക പുതിയ വ്യക്തികൾ ഈ ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു. പശ്ചിമ ബംഗാളിലുള്ള മാൾട്ടോ ജനങ്ങളുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരെയും സുവിശേഷകരെയും സന്നദ്ധ സുവിശേഷകരെയും സംരക്ഷിച്ചു അവർക്കു യാത്ര വേളയിൽ ദൈവകൃപ നൽകുന്നു.

സീതൽപൂർ ഗ്രാമത്തിലെ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സുഡാനി, കേലാരി, സുരിയെൽ തുടങ്ങി പശ്ചിമ ബംഗാളിലെ ഇതര ഗ്രാമങ്ങളിലുള്ള മാൾട്ടോ ജനങ്ങളെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായും പ്രാർത്ഥിക്കുക. സുനിറാം, സുക്കു, ലോഡില എന്നിവരുടെ കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈവിരലിലുള്ള ട്യൂമറിൽ നിന്നും ആരതി ബഹാരിയും മുട്ടു വേദനയിൽ നിന്നും ബഹാരിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗാരാമ്പൂർ

### ഡിഹെ ജയിംസ് & ചരണി

16 ഗ്രാമങ്ങളിൽ സുവിശേഷ യോഗം നടത്തുന്നതിനു ദൈവം കൃപ ചെയ്തു. ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. വിശ്വാസികളുടെ യോഗം നടത്തി. പൽത്താൻ സിറന്റെ മദ്യപാനം നിമിത്തം ഭാര്യയുമായി നിരന്തരം ശണ്ഠയിടുന്നു. സഭയിലെ വിശ്വാസികളുടെ പ്രാർത്ഥനയാൽ അയാൾ ഇപ്പോൾ സമാധാനം ജീവിതം നയിക്കുന്നു.

ഉടനെ നടത്തുവാൻ പോകുന്ന യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങളുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ യോഗങ്ങളിൽ വിശ്വാസികൾ ആവേശപൂർവ്വം പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സ്വർഗ്ഗീയ വൈദ്യൻ

രാജസ്ഥാനിൽ തപുക്കാര മിഷൻ വയലിലെ ലാവെന്ദർ ഗ്രാമത്തിലെ ഈശ്വർ മാനസിക രോഗിയായതിനെ തുടർന്നു ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവനെ സൗഖ്യമാക്കുന്നതിനു മരുന്നില്ല എന്ന പറഞ്ഞു ഡോക്ടറന്മാർ അവനെ വീട്ടിലേക്കു തിരികെ അയച്ചു. നമ്മുടെ വിശ്വാസിയായ സീമ ഈശ്വറിനു വേണ്ടി പ്രാർത്ഥിക്കുവാൻ മിഷനറിയെ ക്ഷണിക്കുകയും വീട്ടിലുള്ളവരോടു പ്രത്യാശയുടെ സുവിശേഷം പങ്കുവെക്കുകയും ചെയ്തു. നമ്മുടെ മിഷനറി ആ വീട്ടിൽ ചെന്നു പ്രാർത്ഥിച്ചപ്പോൾ തന്നെ അവൻ സൗഖ്യം പ്രാപിച്ചു. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ!

## മെയ് 16 വെള്ളി

### ജന്മദിനാശംസകൾ

വിൽസൺ ഡി, എബനേസർ ജി സാം,
സിനിഗ്ദ മോഹിനി ദേവി,
കിസ്റ്റി ജയന്തി,

### കരൺഡിഗാൾ

**കൈത്തെഗിൻ വായ്ഫെൽ & മെലഡി**

സുവിശേഷ പ്രഘോഷണവും രാത്രി യോഗങ്ങളും അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. പട്ടായ ടുഡുവിന്റെ ശരീര വേദനയും നീർവീക്കവും കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി. വിശ്വാസികൾക്കു കൃഷിയിടങ്ങളിൽ നിന്നും സമൃദ്ധിയായ വിളവ് ലഭിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ഹൊപ്പൻ ഹസ്ത, സിപ്പു പസ്കി എന്നീ കുടുംബങ്ങൾ വിശ്വാസ പാതയിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി പ്രവർത്തനത്തെ എതിർക്കുന്ന മതഭ്രാന്തന്മാരുടെ ഹൃദയത്തിൽ ദൈവം ക്രീയ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്കുട്ട്, സത്നികുട്ട് എന്നീ ഗ്രാമങ്ങളിൽ ഞായറാഴ്ച ആരാധന ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം സോഹർഗാവ് ഗ്രാമത്തിലെ വിശ്വാസികളെ ഗ്രാമത്തിൽ നിന്നും പുറത്താക്കി. അവരുടെ സുരക്ഷിതത്തിനും ക്ഷേമത്തിനുമായി പ്രാർത്ഥിക്കുക. നടക്കുവാനുള്ള ശേഷിയില്ലാത്ത ആറു വയസുകാരൻ സുദീപ് മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ബാലൂർഘാട്

**കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ**

മിലൻ മുർമ്മു ആവേശപൂർവ്വം സുവിശേഷീകരണ പ്രവർത്തനം നടത്തുന്നു. ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാസികൾ തങ്ങളുടെ അയൽക്കാരുടെ മാനസാന്തരത്തിനും സമാധാനത്തിനുമായി ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നു. എല്ലാ വിശ്വാസികൾക്കും ഒരുമിച്ചു കൂടി ആരാധിക്കുന്നതിനായി ആരാധനാലയം പണിയുന്നതിനായി പൊൻഹാട് ഗ്രാമത്തിലെ നമ്മുടെ വിശ്വാസി ആവശ്യമായ സ്ഥലം സൗജന്യമായി നൽകുവാൻ തയ്യാറായി.

ഈ സാമ്പത്തീക വർഷത്തിലെ പ്രവർത്തനത്തിനു നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക ഗ്രാമങ്ങളുള്ള ഈ പഞ്ചായത്തിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങൾ കൂട്ടത്തോടെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും ശീമോൻ മുർമ്മുവും ത്വക്കുരോഗത്തിൽ നിന്ന് ജോഹാൻ മുർമ്മുവും ടൈഫോയ്ഡ്, മഞ്ഞപിത്തം എന്നീ രോഗങ്ങളിൽ നിന്ന് അരതി ഹൻസ്ത, സുസന്ന ഹൻസ്ത എന്നിവരും ടൈഫോയ്ഡിൽ നിന്ന് രൂപ ഹെബ്രവും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും മുർമ്മു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ കുട്ടികൾ സണ്ടെസ്കൂളിലും ആരാധന യോഗത്തിലും സജീവിമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ് 17 ശനി**

## ജന്മദിനാശംസകൾ

ആശീർ റ്റി വൈ പി, ഉൽഛാൾ മാഗി എസ്ഥേർ, വാസന്തി ജപകുമാർ, ജ്ഞാനജപ ഷീല റ്റി, മുധവാത്തു രാജു നൈക്

## റാണിഗഞ്ച്

### ധ്രുബരാജ് & ബബർത്ത; പുഷ്പാജ്ഞലി

ഹാസിമാസി ഗ്രാമത്തിലെ എലീന മുർമ്മു, സാത്തകേര ഗ്രാമത്തിലെ മുങ്കിലി സൊറൻ എന്നിവർ വയറിളക്കത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. എട്ടു പുതിയ ഗ്രാമങ്ങളിലായി തടസ്സമില്ലാതെ 14 രാത്രി യോഗങ്ങൾ നടത്തുവാൻ ദൈവം സഹായിച്ചു. രണ്ടു ഗ്രാമങ്ങളിൽ എതിർപ്പുകൾ ഇല്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സഭാ ആരാധനയിൽ പങ്കെടുക്കാതിരുന്ന സുനിറാം ടുഡുവും കുടുംബവും വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഇപ്പോൾ വിശ്വാസത്തിലേക്കു തിരിക വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഇവിടെ നടത്തിയ ഉപവാസ പ്രാർത്ഥനയിൽ ധാരാളം യുവജനങ്ങൾ മനസ്സോടെ പങ്കെടുത്തു. നൊയമ്പു കാലഘട്ടത്തിൽ നമ്മുടെ വിശ്വാസികൾ ഓരോരുത്തരുടെയും ഭവനം സന്ദർശിച്ചു അവരോടു കൂടെ ഉപവസിച്ചു പ്രാർത്ഥിച്ചു.

ഉടനെ നടത്തുവാൻ പോകുന്ന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഉന്നത വിദ്യാഭ്യസത്തിനായുള്ള പ്രവേശന പരീക്ഷ എഴുതുന്ന വിശ്വാസികളുടെ മക്കൾക്കു നല്ല മാർക്ക് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാനൂർ ഗ്രാമത്തിലെ നേതാക്കന്മാരെ ദൈവസ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകനു നല്ല ആരോഗ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ താൽപര്യപൂർവ്വം സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറിപ്പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളും യുവജനങ്ങളും സഭാമൂപ്പന്മാരും ഞായറാഴ്ച ആരാധനകളിൽ മുടക്കമില്ലാതെ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദുർമന്ത്രവാദിയുടെ വിശ്വാസത്തിലേക്കുള്ള യാത്ര

ഒറിസയിൽ ജാഷിപ്പൂറിലുള്ള ബുദിഗൗൺ ഗ്രാമത്തിലെ കണ്ടെ ഹിബ്രു പ്രബലനായ ദുർമന്ത്രവാദിയായിരുന്നു. ബലിയർപ്പിക്കുന്നതിലും ഭൂതങ്ങളെ പുറത്താക്കുന്നതിലും രോഗികളെ സൗഖ്യമാക്കുന്നതിലും പ്രസിദ്ധനായ വ്യക്തി. അങ്ങനെയിരിക്കെ അയാൾ രോഗിയായി. ആർക്കും അയാളെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ അയാൾ സഹായത്തിനായി സിയാലിനൈ ഗ്രാമത്തിലെ ക്രസ്ത്യാനികളെ നോക്കി. വിശ്വാസികളുടെ പ്രേരണയാൽ അയാൾ യേശുവിൽ വിശ്വസിച്ചു ഒരാഴ്ചക്കുള്ളിൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു. തത്ഫലമായി അയാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കണ്ടെ സ്വന്ത ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ തുടങ്ങി.

അയാളുടെ പുതിയ വിശ്വാസം നിമിത്തം എതിർപ്പു വർദ്ധിച്ചു. മതപരിവർത്തനത്തിൽ രോഷാകുലരായ ജനങ്ങൾ അയാളെ മർദ്ദിച്ചു. കുടിവെള്ള സ്രോതസ്സ് അടച്ചു. അയാളെ ചാക്കിൽ കെട്ടി നദിയിൽ എറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചു. പോലീസിൽ പരാതിപ്പെട്ടെങ്കിലും അവർ അനങ്ങിയില്ല. വിശ്വാസികളുടെ പ്രാർത്ഥനയാൽ ജില്ല കളക്ടർ ഇടപ്പെട്ടതിനെ തുടർന്നു പീഢനം നിലെച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.




## ജന്മദിനാശംസകൾ

രാജമ്മാൾ ജോൺസൺ,
എലിസബേത്ത് സോളമൻ,
കൊങ്കാനി ചന്ദ്രികബൻ ചങ്കൻഭായ്
സ്റ്റീഫൻ ആർ, പൊർസെൽവി കമാലിയോൾ,
റീത്താഞ്ജലി കരോട, ഝാൻസി റാണി,
മുത്തു കുമാർ എം, ഷീബ വെങ്കിടേഷ്,
ചിങ് ഖാൻ മാവി തങ്ഖാൻ സങ്,
ഗവിത് രാകേശ് രത്തിലാൽ

### പക്കുവഹാട്

**രാമകൃഷ്ണ & അഞ്ജലി ദേവി ബത്തുമിലി**


മറിയം ടുഡുവിന്റെ ഭർത്താവ് ബാങ്കലൂരിൽ കുടിയേറ്റ തൊഴിലാളിയായി പോയി. അയാളുടെ ഓർമ്മ നഷ്ടപ്പെട്ടു കൂട്ടുതൊഴിലാളികളിൽ നിന്നും വേർപെട്ടു കാണാതെ പോയി. അവരുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി അയാളെ കണ്ടെത്തി തിരികെ ഭവനത്തിൽ സുരക്ഷിതനായി എത്തിച്ചു. നരേശിന്റെ കുടുംബം കടഭാരത്തിൽ നിന്നും ദൈവകൃപയാൽ മുക്തനായി. സുശീല പെസറയുടെ അമ്മ, വിശ്വനാഥ് ടുഡു, രാജൻ മുർമ്മു എന്നിവർക്കു രോഗസൗഖ്യം ലഭിച്ചു.


നീംദങ്ക, സിൽത്താനി എന്നീ മേഖലകളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വനാഥ ടുഡു, കരു ഹസ്ത എന്നിവർ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. വയോജന വിദ്യാഭ്യാസ പദ്ധതി വേഗത്തിൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാണിക്പൂർ ഗ്രാമത്തിലെ കോമാലി ഹൻസ്തയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാൽട്ടോപാട, പദാത്തിയ, ഗോപാൽപൂർ എന്നി സഭകളുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. ദൈവാലയം പണിയുന്നതിനു സാമ്പത്തീക സഹായം നൽകുന്ന കുടുംബാംഗങ്ങളെ അനുവദിക്കാത്ത സുജോൻ ഹെംബ്രത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഉത്തർഘാമ മേഖലയിൽ വർദ്ധിച്ചു വരുന്ന കള്ളപ്രവാചകന്മാരിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭകളിൽ നിന്നും സമർപ്പണമുള്ള നേതാക്കന്മാരെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള ജനങ്ങൾ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ദൈവം നമ്മുടെ സങ്കേതവും കോട്ടയും ആകുന്നു

രാജസ്ഥാനിൽ തപുക്കാര മിഷൻ വയലിലുള്ള ലാവെന്ദർ ഗ്രാമത്തിലെ പ്രാർത്ഥനക്കു ശേഷം മിഷനറി ഈശ്വർ ഭവനത്തിലേക്കു തിരികെ വരുമ്പോൾ മിത്തിയവാസ ഗ്രാമത്തിലൂടെ കടക്കേണ്ടിവന്നു. ആ ഗ്രാമത്തിലെ ഗുരുദ്വാര കമ്മറ്റിയംഗങ്ങൾ മിഷനറിയെയും ഭാര്യയെയും മർദ്ദിക്കുന്നതിനായി പിന്തുടർന്നു. ദൈവകൃപയാൽ അവർ അവിടെ നിന്നു രക്ഷപ്പെട്ടു ഭവനത്തിൽ തിരികെ എത്തി. അന്നു മുതൽ എതിരാളികൾ റായ് സിക്ക് സമുദായത്തിലുള്ള നമ്മുടെ വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിച്ചു വിശ്വാസം ത്യജിക്കുവാൻ ഭീഷണിപ്പെടുത്തുന്നു. വിശ്വാസികൾക്കു പഴയ വിശ്വാസത്തിലേക്കു തിരികെ വരുന്നതിനു ഒരു മാസത്തെ സമയം നൽകിയിരിക്കുന്നു. രണ്ടു കുടുംബം വിശ്വാസം ത്യജിച്ചു തിരികെപ്പോയി. റായ് സിക്ക് വിശ്വാസികളുടെയും നമ്മുടെ മിഷനറിമാരുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഹേമന്ത കുമാർ സാബർ
ഝാൻസി ബാലാജി സാബർ

## ഛത്തീസ്ഘട്ട്

### ലുടെഗ്

**കെ കരുണാകരൻ & എലിസബേത്ത്**

ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട 16 വയസ്സുള്ള അഞ്ജലിയെ കർത്താവ് സൗഖ്യമാക്കി. 14 വയസ്സുള്ള റോഷിൻ മിൻജ് അനേക മാസങ്ങളായി സംസാരിക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. ദൈവം അവനെ സൗഖ്യമാക്കി. പ്രാർത്ഥനയുടെ ഫലമായി നോഗർസായിക്കു തന്റെ സ്ഥലം വീണ്ടെടുക്കുന്നതിനും അവിടെ വീടു പണിയുന്നതിനും കർത്താവ് കൃപ നൽകി. പ്രാദേശിക സുവിശേഷകരായ സജ്ജൈ എക്കയും അമൃതയും സഞ്ചരിച്ച വാഹനം അപകടത്തിൽ പെട്ടെങ്കിലും ദൈവം അവരെ അത്ഭുതകരമാം വിധം വിടുവിച്ചു.

മാറിടത്തിൽ കാൻസർ ബാധിച്ച കോകിയാഗർ ഗ്രാമത്തിലെ ജയയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഞ്ചാബിയുടെ നഷ്ടപ്പെട്ടുപോയ കാഴ്ച ശക്തി വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനിഷ്, സന്തോഷ്, അമിത്, ബാസന്തി എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും വിശ്വാസിയായ ജന്തോവറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### അഹ്വ & പിഷൽവാട

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുമൻ ബന്നിനെ കർത്താവ് സൗഖ്യമാക്കി മാൽക്കദേവ് ഗ്രാമത്തിലുള്ള പുതിയ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. റോഡപകടത്തിൽ അഭിഷേകിനെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. പൈശാചിക ബന്ധനത്തിലായിരുന്ന 20 വയസ്സുകാരൻ സജ്ജൈ ഭായിയുടെ വിടുതലിനായി വിശ്വാസികൾ മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവനു സമ്പൂർണ്ണ വിടുതൽ നൽകി.

ബാലിക ഭവനത്തിന്റെ അഭാവത്താൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെടുന്നു. അഹവ മിഷൻ വയലിൽ വേഗത്തിൽ ബാലിക ഭവനം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമധാവ ഗ്രാമത്തിലെ ആനന്ദി ഭായ് പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എട്ടു സ്ഥലത്തു നടക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഹവ മിഷൻ വയലിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മേഖലയിൽ ഒരു അമ്പലത്തിന്റെ പണി പുരോഗമിക്കുന്നതിനാൽ ദൈവാലയം നിർമ്മിക്കുന്നതിനെ ശക്തമായി എതിർക്കുന്നു. എതിർപ്പുകൾ ഇല്ലാതായി ഇവിടെ ദൈവനാമ മഹത്വത്തിനായി ഒരു ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമത്തിലുള്ള ജനത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സ്റ്റാൻലി ജോർജ്, എസ്ഥേർ എസക്കിയ,
ജ്ഞാനാലിൻ സെൽവ വിജില,
മിർജിയോ കിസ്കു, ഇളങ്കോവൻ എസ്,
എഡ്വേർഡ് രാജദുരൈ,

## സിൽവാസ

**ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

ഷൈലി ഗ്രാമത്തിലെ തക്കുലുബൻ നടത്തുന്ന ഹോട്ടലിൽ ഗ്യാസ് സിലണ്ടർ പൊട്ടിയതിനെ തുടർന്നു തീപിടുത്തം ഉണ്ടായി എല്ലാ നഷ്ടപ്പെട്ടു. അവിടെയുണ്ടായിരുന്ന ആളുകൾക്കു ഒരു ദോഷവും വരാതെ ദൈവം പരിപാലിച്ചു. വിഷ പാമ്പിന്റെ ദംശനത്താലും പൈശാചിക ബന്ധനത്താലും ഭാരപ്പെട്ട വിശ്വാസികളെ കർത്താവ് വിടുവിച്ചു. ആയിരം മണിക്കൂർ പ്രാർത്ഥന, യുവജന ക്യാമ്പ്, വിശ്വാസ പ്രഖ്യാപന യോഗം എന്നിവ തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി.

വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ കഷ്ടപ്പെടുന്ന സലീമിന്റെയും പക്ഷഘാതത്താൽ വലയുന്ന പാവനി ബൻ, രാമ്പെ ബൻ എന്നിവരുടെയും നാഡി സംബന്ധമായ രോഗത്താൽ പ്രയാസപ്പെടുന്ന കാകടു ബന്നിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിബിഎസും യുവജന സമ്മേളനവും തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സമ്മേളനങ്ങളിൽ അനേക കുഞ്ഞുങ്ങളും യൗവ്വനക്കാരും പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നും മാന്ത ഭായ്, സോമൽ ഭായ്, സമർബാസ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. 14 വയസ്സുള്ള എലിശബന്നിനെ പൈശാചിക ബന്ധനത്തിൽ നിന്നും കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മോതപോണ്ട

**മർക്കൂസ് മാൾട്ടോ & സാറ മാൾട്ടോ**

എല്ലാ ആരാധനക്കൂട്ടങ്ങളിലും ഞായറാഴ്ച ആരാധന ക്രമമായി സംഘടിപ്പിക്കുന്നു. യുവജനങ്ങളുടെ ക്യാമ്പ്, സ്ത്രീജന യോഗം എന്നിവ തടസ്സമില്ലാതെ നടത്തി. ഞായാറാഴ്ച കൊയ്ത്തുൽസവം വിശ്വാസികൾ അവിസ്മരണിയമാം വിധം നടത്തി. ഞായറാഴ്ച ആരാധനയിൽ കുറെ ആളുകൾ പുതുതായി സംബന്ധിക്കുവാൻ തുടങ്ങി. വിവിധ യോഗങ്ങൾ സംഘടിപ്പിച്ചതിന്റെ ഫലമായി രണ്ടു യുവാക്കൾ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു. പിന്മാറ്റ ജീവിതം നയിക്കുന്ന കുടുംബങ്ങളെ ഉത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തതിന്റെ ഫലമായി അവർ വിശ്വാസത്തിലേക്കു തിരികെ വന്നു.

ആരാധന യോഗത്തിൽ സംബന്ധിക്കുന്ന പുതിയ ആളുകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യൗവനക്കാർക്കു ക്രിസ്തീയ വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊഴിലില്ലാതെ കഷ്ടപെടുന്ന വിശ്വാസികൾക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും പ്രാദേശിക സുവിശേഷകരും നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരത്തോടെ സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

വിജയറാണി ആൽബീൻ

### സൂറത്ത്

**മാധവറായ് & ജപതങ്കം**

സമീർ ഭായ്, മോനിഷ എന്നീ ദമ്പതികൾ വിവിധ കുടുംബ പ്രശ്നങ്ങൾ നിമിത്തം വിവാഹ മോചനത്തിനു ഒരുങ്ങിയെങ്കിലും വിശ്വാസികളുടെ പ്രാർത്ഥനയെ തുടർന്നു ഇപ്പോൾ അവർ നിരപ്പ് പ്രാപിച്ചു സമാധാന ജീവിതം നയിക്കുന്നു. അപകടത്തിൽ നിന്നും നിസ്സാര പരുക്കുകളോടെ കുൽദീപ് റായ്, മാധവറായ് എന്നിവരെ കർത്താവ് വിടുവിച്ചു. വൈദ്യുതാഘാതത്തിൽ നിന്നും പുഷ്പാബന്നിനെയും ദീപക് ഭായിയെയും കർത്താവ് രക്ഷിച്ചു. രക്തവാതത്താലും ക്ഷയ രോഗത്താലും കഷ്ടപ്പെട്ട ഗുഡിയായെ കർത്താവ് സൗഖ്യമാക്കി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട വിശ്വാസികളെ ദൈവ മക്കളുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി..

പിങ്കി ബന്നിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സഞ്ജെജ മുക്തതനാകേണ്ടതിനായി പ്രാർത്ഥിക്കുക. രോഹിത്, ഹിനീഷ എന്നിവർക്കു തങ്ങളുടെ പഠനം തുടരുന്നതിനു താൽപര്യമുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരമാസകലം ചൊറിച്ചിൽ അനുഭവപ്പെട്ട ഗണേഷ് ഭായ്, ശ്വാസന സംബന്ധമായ ബുദ്ധിമുട്ട് അനുഭവിക്കുന്നു ഊർമ്മിള, കാലിലുണ്ടായ നീർവീക്കത്താലും വേദനയാലും കഷ്ടപ്പെടുന്ന സുജിത് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുന്ന എല്ലാ പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### കവാന്ത്

**അഖിലേഷ് കുമാർ & കിരൺ ദേവി**

മഹദുബാരി, കദമ്പാടി എന്നീ ഗ്രാമങ്ങളിൽ ദൈവാലയ നിർമ്മാണം ആരംഭിക്കുന്നതിനു ദൈവം കൃപ നൽകി. ഏഴു മാസമായി തലവേദനയാൽ കഷ്ടപ്പെടുന്ന ഗജലിബന്നിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പുതിയ വിശ്വാസിയായ ഗീതബന്നിന്റെ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പുതിയ വിശ്വാസിയായ കുമാർ ഭായിയെയും രണ്ടു മക്കളെയും ഉപേക്ഷിച്ചു രാഷില ബൻ പോയി. ദൈവം ഈ കുടുംബത്തിൽ സമാധാനം നൽകി അവരെ ഒരുമിച്ചു പാർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന റീതബന്നിന്റെയും മാറിടത്തിൽ ട്യൂമർ ബാധിച്ചതിനാൽ വർഷങ്ങളായി കഷ്ടപ്പെടുന്ന രാഗബന്നിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തൊറാലിബന്നിനെ മർദ്ദിച്ചിരുന്ന ഭർത്താവ് മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെ സ്വദേശു സുവിശേഷകന്റെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനക്കൂട്ടങ്ങളും വേദപഠനക്ലാസ്സുകളും തടസ്സമില്ലാതെ നടക്കേണതിനായി പ്രാർത്ഥിക്കുക.

## മെയ് 22 വ്യാഴം

### ജന്മദിനാശംസകൾ

ജയശേഖർ പി റ്റി, സുനിൽ ദത്തകര, ബിപിൻ ബീഹാരി പ്രധാൻ

### നിസാർ & സെളംമ്പ

**യുവനേശ് & ഝാൻസി റാണി**

ദൈവത്തിന്റെ കൃപയാൽ പുതിയൊരു ആരാധനക്കൂട്ടം ഉരുവാക്കി. ദൈവം സഹായിച്ചതിനാൽ വിശ്വാസികളുടെ മക്കൾ പരീക്ഷ നല്ല വണ്ണം എഴുതി. ഹദുനയിയുടെ ചെവിവേദന കർത്താവ് സൗഖ്യമാക്കി. മിഷനറിമാരുടെ യാത്രയിൽ ദൈവം നൽകിയ സുരക്ഷിതത്വത്തിനായി സ്തോത്രം.

വിശ്വാസികളുടെ മക്കൾക്കു ഉന്നതപഠനത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിനടിമയായ മുണ്ടിയഭായ് ശ്വസിക്കുന്നതിനു പ്രയാസമനുഭവിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസിൽ ധാരാളം കുട്ടികൾ പങ്കെടുക്കേണ്ടതിനും അവർ യേശുവിൽ വിശ്വസിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഘോരമ്പ & ഖാദോദ്

**പുഷ്പരാജ് & ജോകി നിർമ്മല**

ഹെർണിയ നിമിത്തം കഷ്ടപ്പെടുന്ന അജിത് സിങ് ഭായിക്കു ശസ്ത്രക്രിയ ഇല്ലാതെ ദൈവം പൂർണ്ണ സൗഖ്യം നൽകി. ജങ്കരവ് ദൈവാലയ പ്രതിഷ്ഠ ശുശ്രൂഷ അനുഗ്രഹകരമായി നടത്തി ദൈവനാമം മഹത്വപ്പെട്ടു. കരിമ്പു കയറ്റിക്കൊണ്ടു പോയ സുമൻ ഭായിയുടെ വാഹനം മറിഞ്ഞെങ്കിലും തൊഴിലാളികളെ എല്ലാം ദൈവം അത്ഭുതകരമായി പരിപാലിച്ചു.

സംസാരിക്കുവാൻ ബുദ്ധിമുട്ടുന്ന ആയുഷ്, പൈശാചിക ബന്ധനത്താൽ വലയുന്ന സങ്കുബൻ, റുംസിഭായ്, പക്ഷാഘാതത്താൽ വലയുന്ന കാനിബൻ, ഗർഭാശയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ഹെൻസിഭായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അരവിന്ദ് ഭായിയുടെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കെതിരെ നിൽക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### ചോപ്ര

**വസാവ ഭാങ്സിങ് & യമൻബൻ**

സുനിൽ, ബബിത എന്നിവർ മാതൃകാപരമായ ക്രീസ്തീയ ജീവിതം നയിക്കുന്നതിനാൽ അവരുടെ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു. അജയിയുടെ കാലിൽ ഉണ്ടായിരുന്ന മുഴ പ്രാർത്ഥനയാൽ സൗഖ്യമായി. ബാലഭവനത്തിലെ കുട്ടികൾക്കായി മൂന്നു ദിവസത്തെ വിബിഎസ് നടത്തി.

എതിർപ്പു നിമിത്തം താൽക്കാലികമായി നിർത്തിവെച്ച ചോപ്ഡ ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽക്കാലത്തെ ചൂടിൽ നിന്നും നമ്മുടെ ബാലഭവനത്തിലെ കുട്ടികളെ കർത്താവ് ആരോഗ്യത്തോടെ പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലങ്കി ഗ്രാമത്തിലെ രാകേഷിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

കണ്ണുസ്വാമി തോമസ്, വിജയ് ബാബു എസ്,
ഗോപികൃഷ്ണൻ എം,
എസ്ഥേർ നിഷോണി ജെ

### ഇഗദ്പുരി

**നാഗരാജ് & തിലകവതി**

അനേക വർഷങ്ങളായി ഉദര വേദനയാൽ വലഞ്ഞ അംബികാവതിയെ ദൈവം പ്രാർത്ഥനയിലൂടെ അത്ഭുത സൗഖ്യം നൽകി അനുഗ്രഹിച്ചു. മദ്യാസക്തിയിൽ നിന്നും കലു, കങ്കരുദേവ് എന്നിവർ വിടുതൽ പ്രാപിച്ചു. ഡാമ്നി ഗ്രാമത്തിലെ ജയഭായിയുടെ കുടുംബത്തെ അലട്ടുന്ന രോഗങ്ങളിൽ നിന്നും പ്രാർത്ഥനയാൽ അവർ മുക്തരായി. ഡാമ്നി ഗ്രാമത്തിന്റെ തലവൻ ക്രിസ്തീയ ആരാധന നടത്തുന്നതിനെ തടയുക മാത്രമല്ല ആരാധനയിൽ സംബന്ധിക്കുന്ന ജനത്തെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഈ എല്ലാ പ്രശ്നങ്ങളിൽ നിന്നും ദൈവം നമ്മെ വിടുവിക്കുന്നു.

രക്തസമ്മർദ്ദത്താലും പ്രമേഹത്താലും കഷ്ടപ്പെടുന്ന താകോഗാവ് ഗ്രാമത്തിലെ നന്ദ ഭായിയുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. തൊണ്ടക്കുണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടുന്ന കിഷന്റെയും മീരയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ കീർത്തിയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ഭർത്താവിന്റെയും മക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അംഗീതയുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പെയിന്റ്

**അലക്സ് പ്രഭു & പ്രിയഹത്തെയ്**

വലിയൊരു അപകടത്തിൽ അകപ്പെട്ട അരുണിനെ ദൈവം കൃപയാൽ വിടുവിച്ചു പുതു ജീവൻ നൽകി. നക്കോപാട ഗ്രാമത്തിലെ ശ്യാമിന്റെ ചെറുകുടലിൽ നടത്തിയ എൻഡോസ്കോപിക് ശസ്ത്രക്രീയ അനേകരുടെ പ്രാർത്ഥനയുടെ ഫലമായി വിജയകരമായിരുന്നു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ നൽഷേത് ഗ്രാമത്തിലെ കമല ഭായ്, സാക്ഷി ഭായ് എന്നിവരെ ദൈവം പരിപാലിച്ചു..

ഒരു വയസ്സുള്ള സത്തവാനു, പൊങ്കലഗർ ഗ്രാമത്തിലെ പല്ലവി എന്നിവരെ അപസ്മാരത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ നീർവീക്കമുണായ കൽപന, തലയിൽ മുഴയുള്ള സരള, നെഞ്ചു വേദനയനുഭവിക്കുന്ന താരാഭായ്, രണ്ടു മാസത്തിലധിമായി പനിയാൽ കഷ്ടപ്പെടുന്ന മനോഹർ എന്നിവരുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അജ്ഞന തന്റെ കഴിഞ്ഞ കാല ജീവിതത്തെ കുറിച്ച് അനുതപിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു 15 വർഷമായ ശങ്കർ, പത്തിഭായ് എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലിക ഭവനത്തിൽ സമർപ്പണമുള്ള ഒരു പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**24**
**ശനി**

## ജന്മദിനാശംസകൾ

വേദമാണിക്യം അഷാദൂരെ

**നേർ : മൂർത്തി & ഭാരതി മൂർത്തി**

അനേക പുതിയ വ്യക്തികൾ സഭാ ആരാധനയിൽ സംബന്ധിക്കുന്നു. തടസ്സങ്ങളില്ലാതെ ചങ്ങല പ്രാർത്ഥനയും അഞ്ച് സ്ഥലത്ത് രാത്രി യോഗങ്ങളും നടത്തുവാൻ ദൈവം കൃപ ചെയ്തു. സ്ത്രീകളുടെ കൂട്ടായ്മയും കുട്ടികളുടെ ക്ലാസ്സുകളും അനുഗ്രഹകരമായി നടത്തി.

ഭീൽ സമുദായത്തിലുള്ള എല്ലാ ജനങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീസസ് ഫിലിം കണ്ട എല്ലാവരും സത്യ ദൈവമായ യേശുവിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പരഹുദാദയെ അജ്ഞാത രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭ നടത്തുന്ന എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

**സർഗണ**

**റ്റി മയിൽസ്വാമി & യേശുമണി റ്റി**

കഴിഞ്ഞ മാസം നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ ദൈവം പുതിയ ആത്മാക്കളെ നൽകി. വിശ്വാസത്തിൽ നിന്നും പിന്മാറിപോയവർ വിശ്വാസികളുടെ പ്രാർത്ഥനയാൽ തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും റോൻജി വിടുതൽ പ്രാപിച്ചു.

പുതിയ വ്യക്തികൾ തടസ്സമില്ലാതെ സഭാ ആരാധനയിൽ പതിവായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാമൂഹ്യപരമായ എതിർപ്പു കാരണം വിശ്വാസികൾ തങ്ങളുടെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ തയ്യാറാകുന്നില്ല. ഈ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. സോമനാഥ്, മന്തഭായ് എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബോറാഡി : ഓംപ്രകാശ് & സപ്ന**

സ്ത്രീകളുടെ യോഗം സത്സാംഗ് പ്രോഗ്രാം, യുവജന യോഗം. ഉപവാസ പ്രാർത്ഥന എന്നിവയിലെല്ലാം കർത്താവ് അത്ഭുതം പ്രവർത്തിക്കുന്നു. നമ്മുടെ വിശ്വാസി ആസ്രംഭായിയെ അപകടത്തിൽ നിസ്സാര പരുക്കുകളോടെ ദൈവം വിടുവിച്ചു. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന വ്യക്തികൾക്കായും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറെടുക്കുന്നവർക്കുമായി പ്രാർത്ഥിക്കുക.

വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുനിൽ ഭായിക്കു സമ്പൂർണ്ണ സൗഖ്യം ലഭിക്കേണ്ടണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്ന താരമസിങ് ഭായ്, പ്രമേഹ രോഗികളായ ദുഷഭായ്, സുഭിഭായ്, തലയിൽ ട്യൂമർ ബാധിച്ച മീനക്ക ഭായ് എന്നിവരുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന കങ്കിഭായ്, സാഗുഭായ്, സുഗൾഭായ്, മങ്കില എന്നിവരുടെയും സംസാര ശേഷി നഷ്ടപ്പെട്ട മീനഭായ്, ദീപക് ഭായ്, ബിന്ദുഭായ് എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ജനുഭായ്, കവിതതഭായ് എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**25**
**ഞായർ**

## ജന്മദിനാശംസകൾ

ഫ്രീഡ സാം, രാജരത്തിനം എബ്രഹാം, ക്രിസ്റ്റ രവി കുമാർ, കിൻസ്ലി എ ആർ, ഷൈല കുപ്പുസ്വാമി, സാമ്മിൻലുൻ റ്റി വിജയകുമാർ

### ചാലീസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

വൃക്ക സംബന്ധമായ രോഗത്താലും അണുബാധയാലും കഷ്ടപ്പെട്ട രണ്ടു മാസം പ്രായമുള്ള ബട്ടോന്ദ ഗ്രാമത്തിലെ പിഞ്ചു പൈതലിനു ഡോക്ടറന്മാർ ശസ്ത്രക്രിയ ആവശ്യമാണെന്നു പറഞ്ഞ സാഹചര്യത്തിൽ മിഷനറിമാരും വിശ്വാസികളും ഒത്തുച്ചേർന്നു പ്രാർത്ഥിച്ചപ്പോൾ കർത്താവ് സൗഖ്യം നൽകി. ത്വക്കിലുണ്ടായ അണുബാധയാലും കാലു വേദനയാലും കഷ്ടപ്പെട്ട ജോതി യാദവിനെ കർത്താവ് സൗഖ്യമാക്കി.

അന്നനാളത്തിൽ അണുബാധയുണ്ടായ ലീലഭായി, വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന ശോഭാഭായ്, വാതരോഗത്താൽ വലയുന്ന വത്സലഭായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വായിൽ അൾസർ ബാധിച്ച ഒരു വയസ്സുള്ള പുത്താന്റെ വിടുതലിനായി പ്രാർത്ഥിക്കുക. നാഗാട്, മുകേത് എന്നീ ഗ്രാമങ്ങളിലെ ശുശ്രൂഷയെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**ഗാഡ്ച്ചന്ദൂർ : പോൾ ആൽബർട്ട് & റാണി ജസ്സിലെറ്റ്**

അഗുർക്കാവ ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുവാൻ ഗ്രാമക്കാർ അനുവദിച്ചു. റാഗെപ്പള്ളി, നിരാല എന്നീ ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. 46 സ്ഥലത്തു വേദപുസ്തകപഠന ക്ലാസ്സുകൾ നടത്തി. സുവിശേഷ മേളയും സൗഖ്യദായക കൺവൻഷനും അനുഗ്രഹകരമായി നടത്തി.

പുതിയ വിശ്വാസിയായ രാധഭായ് ക്രിസ്തുവിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന കമത്ക്കുണ്ട ഗ്രാമത്തിലുള്ളവരെ യേശുവിന്റെ സ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്രീകാന്ത ഭാവൻ, ഗൗതം എന്നിവരുടെ കാലുകളെ ശക്തികരിച്ചു അവർക്കു നടക്കുവാനുള്ള കഴിവ് ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. അജ്ഞാത രോഗത്താൽ വലയുന്ന കിഷൻ, ജ്യോതി, മജ്ജുള എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## വിടുതൽ പ്രാപിച്ചു

മദ്ധ്യപ്രദേശിൽ കെൽവ മിഷൻ വയലിലെ സേജപാത് ഗ്രാമത്തിലുള്ള 25 വയസ്സുകാരി പാർവ്വതിക്കു അവളുടെ പിതാവിന്റെ ശവസംസ്കാര വേളയിൽ അവളുടെ ബന്ധുക്കളിൽ ഒരാൾ ശവത്തിനരികിൽ വെച്ചിരുന്ന തേങ്ങ എടുത്ത് നൽകി. ആ സമയം മുതൽ അവൾ ദുരാത്മാവ് ബാധയാൽ ആറു മാസത്തോളം കഷ്ടപ്പെട്ടു. മാനസികമായി അവൾ അസ്വസ്തയായി. അങ്ങനെയിരിക്കെ അവളുടെ ബന്ധുക്കളിൽ ഒരാളായ നമ്മുടെ വിശ്വാസി ഫുൽഗൈ കെല്ലു, അവളോടു സുവിശേഷം പങ്കുവെച്ചു അവളെ ദൈവാലയത്തിലേക്കു കൂട്ടിക്കൊണ്ടു വന്നു. വിശ്വാസികളെല്ലാവരും കൂടി ചേർന്നു പ്രാർത്ഥിച്ചു. അവൾ വിടുതൽ പ്രാപിച്ചു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഹല്ലെലുയ്യ!

മെയ്
26
തിങ്കൾ

### ജന്മദിനാശംസകൾ

സിസിലി ജ്ഞാനം രാജ്കുമാരി, ബാബുരാജ് കെ, മീഖായേൽ അമ്മൽ, ജപല വിജയകുമാർ, ഹെപ്സി സെൽവം തവമണി, തുമ്പാട റാസില രാമുബായ്, ദനിയേൽ രാജാമണി എസ്

### തൽസാരി

**ഗദ്ദാം ശ്രീനിവാസറാവു & രാജലക്ഷ്മി**

സുവിശേഷീകരണ പ്രവർത്തനം നടത്തുന്നതിനും ഭഗത്പാട, വാർവ് എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗം നടത്തുന്നതിനും ദൈവം സഹായിച്ചു. ഒസർവീര, സാരി എന്നീ സഭകളെ പ്രാർത്ഥനക്കൂട്ടത്തിലുള്ളവർ സന്ദർശിച്ചു അവരെ ഉത്സാഹിപ്പിച്ചു. വലിയൊരു അപകടത്തിൽ നിന്നും കാകദുദെവൽ സ്നിഗ്ദയെ കർത്താവ് അത്ഭുതകരമായി സംരംക്ഷിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഗോദാവരി മേളയുടെ എല്ലാ ക്രമീകരണങ്ങൾക്കായും അതിന്റെ സകല ആവശ്യങ്ങളും സന്ധിക്കപ്പെടേണ്ടതിനായും പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് 14 വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെടുന്ന ഗുന്ദ ദിലീപ്, സുനിത, സജ്ജന എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേദപഠന ക്ലാസ്സുകളും സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടങ്ങളും തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

**ഷിഗ്ഗൗൺ : നരേന്ദ്ര കുമാർ**

കഴിഞ്ഞ ഒരു വർഷമായി ട്യൂമറിനാൽ കഷ്ടപ്പെടുന്ന ഫാത്തീമ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു. പുഷ്പയുടെ കയ്യിലെ – ഓപ്പറേഷൻ ചെയ്തു നീക്കേണ്ടതായിരുന്ന – മുഴ പ്രാർത്ഥനയുടെ ഫലമായി അപ്രത്യക്ഷമായി. വൃക്ക സംബന്ധമായ രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഗിരിജമ്മയുടെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

പ്രാദേശിക നേതാക്കന്മാരുടെയും തഹസിൽദാർ തുടങ്ങി മറ്റു സർക്കാർ ഉദ്യോഗസ്ഥരുടെയും ഹൃദയങ്ങളിൽ ദൈവം പ്രവർത്തിച്ച് ക്രിസ്ത്യാനികൾക്കു സെമത്തേരിക്കു ആവശ്യമാ യ സ്ഥലം അനുവദിച്ചു നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വചന ധ്യാനത്തിലൂടെ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനം നിമിത്തം സംസാരിക്കുന്നതിനോ നടക്കുന്നതിനോ കഴിയാതെ ഭാരപ്പെടുന്ന മല്ലവയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### മുദുഗോണ്ട്

**കൊങ്ക ഗിരി ബാബു & ലൂർദ്ദു മേരി**

വസക്കൊപ്പു, മജ്ജുക്കേരി, ഹാനഗുണ്ടു, പങ്കപുര എന്നീ ഗ്രാമങ്ങളിലെ ജനങ്ങൾ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭസ്ഥ ശിശുവിന്റെ വേർപാടിൽ ദുഃഖിക്കുന്ന രേശ്മ, സുരേഷ് ദമ്പതികളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. 20 വ്യക്തികൾ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നുണ്ടെങ്കിലും അവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മടിക്കുന്നു. അവർ ഭയത്തെ മറികടന്നു ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മെയ്**
**27**
**ചൊവ്വ**

## ജന്മദിനാശംസകൾ

ജോസഫ് ദുരരാജ്,
റിബേക്കമ്മാൾ ജ്ഞാനം ചാൾസ് ചെല്ലകുമാർ,
അരുൾ മേരി അൻപയ്യ, ഡേവിഡ് ആർ
ശമുവേൽ ജപകുമാർ എ,
മായാ സൂസൻ സുനിൽ, എലിശ ഡൈമെ

**ഷീരഹട്ടി : ആശ പ്രപ്ത പാൽ & ദീന ബബോർത്ത**

വിശ്വാസികൾ ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി മജ്ജുള പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. വിവാഹം കഴിഞ്ഞു നാലു വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെട്ട ലക്ഷ്മിക്കു ദൈവം കരുണ ചെയ്തു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

വിശ്വാസി മുത്തുവിന്റ മകനെ കഴിഞ്ഞ രണ്ടു വർഷമായി കാണ്മാനില്ല. അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വരുന്നതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ മൗനേഷ്, പ്രകാശ്, മജ്ജു, ധർമ്മ, രമേശ്, ദീപ, മജ്ജുള എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ഗജേന്ദ്രഗഢ**

**ലുബീൻ മുർമ്മു & ശലോമി ഹസ്ത**

കഴിഞ്ഞ ഒരു വർഷത്തിലധികം രക്താർബുദത്താൽ വലഞ്ഞ പത്തു വയസ്സുള്ള പ്രതിഭയെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. സുവിശേഷത്തോടു എതിർപ്പുള്ള മേഖലകളിൽ ജീസസ് ഫിലിം പ്രദർശിപ്പാൻ ദൈവം കരുണ ചെയതു.

കുർബ, വാല്മീകി, കോൻജി ക്കോരി എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ സുവിശേഷം പ്രഘോഷിക്കുന്നതിനായി എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയ്ഡിനാൽ കഷ്ടപ്പെടുന്ന ഭാരതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഹലിയാൽ**

**തങ്കലാൽ സൗ & നെംസവാഹ്**

നമ്മുടെ വിശ്വാസയായ ശോഭ മാരുതിക്കു താലുക്ക് ഓഫിസിൽ സർക്കാർ ജോലി ലഭിച്ചു. ഈശ്വർ രാത്രിയിൽ വീടിനു വെളിയിലേക്കു ഇറങ്ങിയപ്പോൾ ഒരു പാമ്പിന്റെ മേൽ ചവിട്ടി. അത് ഈശ്വറിന്റെ കാലിൽ ചുറ്റിയെങ്കിലും കടിച്ചില്ല. ദൈവം അത്ഭുതകരമായി പരിപാലിച്ചു.

പുതിയ വിശ്വാസികൾ ക്രിസ്തുവിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. കടക്കെണിയിൽ നിന്നും ഗീതയുടെ കുടുംബം രക്ഷിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വിശ്വാസിയായ നംദേവിന്റെ ഭാര്യയുടെ വിടുതലിനായി പ്രാർത്ഥിക്കുക. മജ്ജുള, പ്രേമ, പാർവ്വതി എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണതിനായി പ്രാർത്ഥിക്കുക. നന്ദക്കാട്ട് മേഖലയിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണതിനും വേഗത്തിൽ ദൈവാലയ നിർമ്മാണം ആരംഭിക്കേണതിനുമായി പ്രാർത്ഥിക്കുക.

**മെയ് 28 ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജയസെൽവി മണിമാരൻ

### മുന്ദാർഗി

**ശമുവേൽ ബബർത്ത**

വാൽമീകി ജനവിഭാഗം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കോപാൽ റീജിയനിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. വിവിധ രോഗങ്ങളാൽ വലയുന്ന സന്നദാസർ സമുദായത്തിലുള്ള ദുർഗ്ഗപ്പയെ ദൈവം സൗഖ്യമാക്കി. അനേക പുതിയ ആളുകൾ സഭയിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

സാധുക്കൾക്കു ഭവനം നൽകുന്ന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചമിക്കും ഒരു വീടു ലഭിക്കുന്നതിനു പഞ്ചായത്ത് അധികൃതരുടെ മനസ്സിൽ പഞ്ചമിയോടു അനുകമ്പ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മൂന്നു വർഷമായി കോടതി കേസിൽ ഉൾപ്പെട്ടിരിക്കുന്ന പ്രാദേശിക സുവിശേഷകൻ സന്തോഷിന്റെ കേസിനു ന്യായമായ വിധി ഉണ്ടായി കേസ് അവസാനിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനാവശ്യമായതെല്ലാം ദൈവം നൽകിത്തരേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും മഹിർഷിൻ ബബർത്ത സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിദുഗുണ്ടി

**മജ്ജിയ നായ്ക് & എൽ രത്ന**

കഴിഞ്ഞ രണ്ടു വർഷമായി ശരീര വേദനയാൽ കഷ്ടപ്പെട്ട നേത്രക്കു കർത്താവ് അത്ഭുത സൗഖ്യം നൽകി. നാലു വയസ്സുള്ള സരികയുടെ തലയിലെ ട്യൂമർ ശസ്ത്രക്രീയയിലൂടെ നീക്കം ചെയ്തു.

വിളർച്ച രോഗം നിമിത്തം മാസം തോറും രക്തം നൽകേണ്ടി വരുന്ന 15 വയസ്സുകാരി ശിൽപയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകൾ തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## യേശുവിന്റെ പാദപീഠത്തിലേക്കുള്ള മടങ്ങിവരവ്

ഉത്തർഖാണ്ഡ് ബാസ്പൂർ ഗ്രാമത്തിൽ ദേവിപുര ഗ്രാമത്തിലെ ചൗദരി വിശ്വാസത്തിൽ നിന്നു പിന്മാറി പഴയതിലേക്കു തിരികെ പോയി. വിശ്വാസം ത്യജിക്കുന്നതിനു മറ്റുള്ളവരെയും അവൾ പ്രേരിപ്പിച്ചു. ബക്കേദ ഗ്രാമത്തിലെ ഞായറാഴ്ച ആരാധന നിറുത്തുന്നതിനായി അവൾ പരിശ്രമിച്ചു. പെട്ടെന്ന് ഒരു ദിവസം അവളുടെ സഹോദരി രോഗിയായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവളുടെ കാലിന്റെ പകുതി മുറിച്ചു മാറ്റണമെന്നു ഡോക്ടറന്മാർ പറഞ്ഞു, ശസ്ത്രക്രീയയിലൂടെ കാൽ മുറിച്ചു മാറ്റി. അവൾ ഗ്രാമത്തിൽ മടങ്ങിവന്നപ്പോൾ ഗ്രാമക്കാർ മുഴുവൻ അവൾക്കെതിരാണെന്നു തിരിച്ചറിഞ്ഞു. അവൾ തന്റെ പിന്മാറ്റ ജീവിതം ഗ്രഹിച്ച് കണ്ണുനീരോടെ ദൈവസന്നിധിയിൽ തന്റെ പാപം ഏറ്റു പറഞ്ഞു. സഹോദരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ അവൾ വിശ്വാസികളോടു അഭ്യർത്ഥിച്ചു.

മെയ്
29
വ്യാഴം

### ജന്മദിനാശംസകൾ

ഷക്കീന കൃപ,
ഇമ്മാനുവേൽ എസ്

## ആന്ധ്രാ പ്രദേശ്

### പാലമ്നെർ

**പോൾ കുപ്പുസ്വാമി & ഷൈല**

ഗുരുസ്വാമിയെയും ഭാര്യയെയും അപകടത്തിൽ നിന്നും ദൈവം അത്ഭുതകരമായി വിടുവിച്ചു. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന സൗമ്യ, മാദുമാട്ടി, വിക്കി, സർവ്വേശ്വരി എന്നിവർക്കായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി നടക്കുവാൻ കഴിയാതിരുന്ന ജയരാജ് പ്രാർത്ഥനയുടെ ഫലമായി വടി ഉപയോഗിച്ചു നടക്കുവാൻ തുടങ്ങി.

തൊണ്ടക്കുണ്ടായ ട്യൂമറിനാൽ നമ്മുടെ വിശ്വാസി വെങ്കിടലക്ഷ്മി കഷ്ടപ്പെടുന്നു സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. ബസവരാജകന്ദരിഗ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുദത്താൽ കഷ്ടപ്പെടുന്ന ദീയ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിറ്റൂർ റീജിയനിൽ നമ്മുടെ നേതൃത്വത്തിലുള്ള എല്ലാ സഭകൾക്കു പ്രാദേശിക ആധികാരികളിൽ നിന്നും പട്ടയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗംഗുലമ്മയുടെ വാർദ്ധക്യ കാല പെൻഷൻ കഴിഞ്ഞ ആറുമാസമായി കുടിശ്ശികയാണ് ദൈവം കൃപ ചെയ്തു അതു വേഗത്തിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവളുടെ കൊച്ചു മകൻ കാലിലുണ്ടായ പൊട്ടലിനാൽ ഭാരപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കൊത്തച്ചെരിവ്

**ദേശായ് ദീലീപ് ഭായ് & രാമെഡ ലക്ഷ്മിബെൻ നവാസു ഭായ്**

സുവിശേഷീകരണ യജ്ഞത്തിലൂടെ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സായ്നഗറിൽ സ്ത്രീകൾക്കായി നടത്തിയ യോഗം അനുഗ്രഹമായിരുന്നു. അതിലൂടെ ദൈവനാമം മഹത്വപ്പെട്ടു. രണ്ടു ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം രൂപീകരിച്ചു. ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നു ഇമ്മാനുവേലും നെഞ്ചു വേദനയിൽ നിന്നു അജയിയും ശരീര ബലഹീനതയിൽ നിന്നു ഒപുലാമയും വിടുതൽ പ്രാപിച്ചു.

അജയ്, താൻജുഭായ് എന്നിവർക്കു നല്ല ജോലി അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീര ബലഹീനതയിൽ കഷ്ടപ്പെടുന്ന ഇമ്മാനുവേൽ ഉബേന്ദർ, കാലിലും മുട്ടിലും വേദനയനുഭവിക്കുന്ന മറിയാമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുത്തയാലമ്മ, ശശികല എന്നിവർക്കു നല്ല ജോലിയും അനുയോജ്യമായ ജീവിത പങ്കാളിയെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന നരസിംഹ, ഗംഗാത്രി എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. പനിയിൽ നിന്നും പാർവ്വതി സൗഖ്യം പ്രാപിക്കേണ്ടതിനായും അവളുടെ കുടുംബത്തിന്റെ സാമ്പത്തീക ബുദ്ധിമുട്ട് പരിഹരിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മെയ് 30 വെള്ളി**

## ജന്മദിനാശംസകൾ

രൂബൻ രവി, മെർലിൻ ഫ്രാങ്കളിൻ, ഗ്ലാഡി ബ്യൂല സാം, യിസ്രായേൽ നഥാനിയേൽ എഡ്വേർഡ്, വാവച്ചൻ എം പി, ഉഷ യേശുബാബു, അഞ്ജലി ദേവി ബി

**സാധം : അനിൽ മഹാലി & ദിഗുമാർത്തി പ്രശാന്തി**

മാരുതിവാരിപ്പള്ളി, മോത വാരിപ്പള്ളി, മധുതരപള്ളി, കാന്തലപ്പള്ളി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവകൃപയാൽ അനേകരെ വ്യക്തിഗതമായി സന്ധിച്ച് അവരോടു സുവിശേഷം പങ്കുവെച്ചു. ഡാമലച്ചെരിവു സഭയിലെ വിശ്വാസികൾ സജീവമായി മുഴു രാത്രി പ്രാർത്ഥനയിലും ഞായറാഴ്ച ആരാധന യോഗത്തിലും പങ്കെടുക്കുന്നു. രാമപുരം ഗ്രാമത്തിലെ ഈശ്വരമ്മ ദൈവകൃപയാൽ സുഖ പ്രസവത്തിലൂടെ ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനു ജന്മം നൽകി.

MBA പഠനം പൂർത്തീകരിച്ച കേമന്തരാജുവിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ശ്രീകാന്ത് മുക്തനായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുബ്രമണ്യൻ, അമൃത, സുകന്യ, ഗുരുനാഥൻ, സൗമതി, വിജയകുമാർ, യോകേഷ്, സത്തിരമ്മ, അരുണ, ശോഭന, ലോകനാഥൻ, ഓലമ്മ, കുമാരി, ഗിരിത എന്നവർ സുവിശേഷം നിമിത്തം എതിർപ്പിനെ അഭിമുഖീകരിക്കുന്നു. ഇവർ ധൈര്യപൂർവ്വം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മി, സ്വരൂപ എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### വേടവാലം

**ബ്രൈറ്റ് ജയകുമാർ & ബ്യൂല**

പെരിയ ഓലപ്പാടി ദൈവാലയ സമുച്ചയത്തെ തങ്കരാജ് നല്ല രീതിയിൽ കാത്തു പരിപാലിക്കുന്നു. തങ്കരാജിനും ക്രിഷിനും സുവിശേഷം പ്രസംഗിക്കുന്നതിനു അവസരം ലഭിച്ചു. കലൈസൊരത്തൂർ, പെരിയ ഓലപ്പാടി എന്നീ സഭകളിൽ നടത്തുന്ന കുട്ടികളുടെ ബൈബിൾ ക്ലാസ്സിൽ കുട്ടികൾ ആവേശ പൂർവ്വം പങ്കെടുക്കുന്നു. പൈശാചിക ബന്ധനത്താൽ ഭയാനകമായ സ്വപ്നങ്ങൾ കണ്ടിരുന്ന ശരണ്യ, അവളുടെ മകൻ ലോകേഷ് എന്നിവരെ കർത്താവ് വിടുവിച്ചു. അവളുടെ ഭർത്താവ് അൻപരശ് മദ്യപാന സ്വഭാവത്തിൽ നിന്നും മുക്തനായി, അവരുടെ കുടുംബം ഇപ്പോൾ സമാധാന ജീവിതം നയിക്കുന്നു.

സണ്ടെസ്കൂൾ ക്ലാസ്സുകളിൽ ആവേശ പൂർവ്വം പങ്കെടുക്കുന്ന കുട്ടികളും അവരുടെ കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓലപ്പാടി ഗ്രാമത്തിലെ വേൽമുരുകൻ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാഹുലിനു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ചന്ദ്രൻ കെ വി, വിജയൻ റ്റി,
അരുൾ ആശീർ ഡി,
ശാന്തനി പാനി, സ്വാതി ശർമ്മ

### പൗവ്റി വേദപുസ്തക പരിഭാഷ

**ജയിൻ അമുധ കൃപൈ**



സങ്കീർത്തനം, എസ്ഥേർ എന്നീ പുസ്തകങ്ങളുടെ പരിഭാഷ സംബന്ധമായ എല്ലാ വേലയും വിജയകരമായി പൂർത്തീകരിച്ചു. പുറപ്പാട് പുസ്തകത്തിന്റെ പത്തു അദ്ധ്യായം സദൃശ്യവാക്യം എന്നീവയുടെ പരിഭാഷ പൂർത്തീകരിച്ചു.



വിബിഎസ്, സണ്ടേസ്കൂൾ എന്നിവക്കായുള്ള പുസ്തകങ്ങൾ പൗവ്റി ഭാഷയിലേക്കു പരിഭാഷപ്പെടുത്തുന്നതിനു ആവശ്യമായ പരിജ്ഞാനവും ദൈവകൃപയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പരിഭാഷപ്പെടുത്തുന്ന മിഷനറിയുടെ വലതു കയ്യുടെ വേദനയും ഗർഭപാത്രത്തിലെ മുഴയും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ഓഡിയോ ബൈബിൾ കരസ്ഥമാക്കി അതു കേൾക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൗവ്റി ഭാഷയിലുള്ള പുതിയനിയമം ആരാധന യോഗത്തിൽ വായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ വചനം പതിവായി വായിക്കേണ്ടതിനും അതിൻപ്രകാരം ജീവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മിഷനറിയുടെ രണ്ടാമത്തെ മകൾ നാലത്താമയുടെ ഉന്നത വിദ്യാഭ്യാസത്തിനായി പ്രാർത്ഥിക്കുക.

### ദൈവത്തിന്റെ ഭവനം ചൂഷണം ചെയ്യുന്നു

ഉത്തർപ്രദേശിൽ ബർധാന മിഷൻ വയലിലെ മേഘന ദൈവാലയം എതിർപ്പിനെ തുടർന്നു പൂട്ടി. ഈ പശ്ചാത്തലത്തിൽ എതിരാളിയും രാഷ്ട്രീയക്കാരനുമായ പഞ്ചായത്ത് ഉദ്യോഗസ്ഥൻ റാണ നമ്മുടെ സ്വദേശ സുവിശേഷകൻ വിജയകുമാറിനെ ഫോണിൽ വിളിച്ചു മേഘന ദൈവാലയത്തിന്റെ താക്കോൽ ആവശ്യപ്പെട്ടു. സർക്കാർ പണിയുന്ന പശുത്തൊഴുത്തിന്റെ സാധനങ്ങൾ സൂക്ഷിക്കുന്നതിനാണ് പള്ളി തുറക്കുവാൻ ആവശ്യപ്പെട്ടത്. സുവിശേഷകൻ താക്കോൽ നൽകാഞ്ഞതിനെ തുടർന്നു താഴ് തകർത്തു സാധനങ്ങൾ ദൈവാലയത്തിൽ കയറ്റി വെച്ചിരിക്കുന്നു. ഈ അനീതിപരമായ പ്രവൃത്തിയിൽ ഏർപ്പെട്ടവരുടെ മാനസാന്തരത്തിനും അവർ യേശുവിനെ രക്ഷിതാവായ സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഉപവാസത്തിന്റെ ശക്തി

മഹാരാഷ്ട്രയിൽ ദാദഗൗൺ മിഷൻ വയലിലെ ഗാദികിയ ഗ്രാമത്തിലുള്ള കരുണ മെഡിസിൻ പഠനം പൂർത്തീകരിച്ച് സർക്കാർ ജോലിക്കു വേണ്ടി കാത്തിരിക്കുകയായിരുന്നു. കോറോണ നാളുകളിൽ അവൾക്കു താൽക്കാലിക ജോലി ലഭിച്ചിരുന്നു. തുടർന്നു അവൾ സർക്കാർ പരീക്ഷ എഴുതി പാസ്സായി. കരുണയും അവളുടെ കുടുംബവും നീണ്ട ഒമ്പതു മാസം ഉപവസിച്ചു പ്രാർത്ഥിച്ചു. അങ്ങനെ അവൾക്കു ഇന്റർവ്യൂവിനുള്ള ക്ഷണം ലഭിച്ചു. അതു പാസ്സായതിനെ തുടർന്നു അവൾക്കു മഹാരാഷ്ട്ര സർക്കാരിൽ മെഡിക്കൽ ആഫീസർ ആയി സ്ഥിര നിയമനം ലഭിച്ചിരിക്കുന്നു. ഹല്ലേലുയ്യ!



401
മിഷനറി
ആൽബം

# ശ്രീ. കിങ്സ്ലി ലിവിങ്സ്റ്റൺ & ശ്രീമതി. ഡെൽഫിൻ കുടുംബം

ശ്രീ. രാജേന്ദ്രന്റെയും ശ്രീമതി മേരി പാക്കിയത്തിന്റെയും മൂത്ത മകനായി 1987 മെയ് ഒന്നാം തീയതി രണ്ടു സഹോദരിമാരുടെ ഏക സഹോദരനായി ചെന്നയിൽ ജനിച്ചു. ശക്തമായ ആത്മീക അടിസ്ഥാനത്തിൽ നശിച്ചു പോകുന്ന ആത്മാക്കളെ കുറിച്ചു എരിവുള്ളവരായി മാതാപിതാക്കൾ മക്കളെ വളർത്തി. പതിമൂന്നാമത്തെ വയസ്സിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ ദൈവവേലക്കായി സമർപ്പിതനായി പ്രാദേശിക സഭയിൽ കുട്ടികളുടെ മദ്ധ്യെ കർത്താവിന്റെ വേല ചെയ്തു. പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ NLAG ദൈവാലയത്തിൽ നടന്ന സായാഹ്ന യോഗത്തിൽ ജമ്മു കാശ്മീരിൽ നിന്നു വന്ന മിഷനറിയുടെ സാക്ഷ്യം ശ്രവിക്കുകയുണ്ടായി. ആ സാക്ഷ്യം നശിച്ചു പോകുന്ന ആത്മാക്കളെ രക്ഷിക്കുന്ന ശുശ്രൂഷക്കായി സ്വയം സമർപ്പിക്കുന്നതിനു കാരണമായി. തുടർന്നു ദൈവീക നടത്തിപ്പിനാൽ ബാച്ചിലർ ഓഫ് തീയോളജി (B.Th.) പഠിക്കുവാനായി ചേർന്നു. അവിടെവെച്ചു യെശയ്യാവ് 61:1-2 ലൂടെ ദൈവം തന്റെ സമർപ്പണത്തെ ഉറപ്പിച്ചു. ദൈവ നിയോഗത്തോടുള്ള അനുസരണമായി 2007 ൽ അദ്ദേഹം FMPB ചേർന്നു. NIM ലെ പരിശീലനം പൂർത്തീകരിച്ച് 2008 ൽ ജാർഖണ്ഡിൽ സന്താൾ സമൂഹത്തിന്റെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി നിയോഗിച്ചു. ഹിരൺപൂർ റീജിനൽ ആഫീസിലും കോതൽപൂർ മിഷൻ വയലിലും പ്രവർത്തിച്ചു.

തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ ശ്രീ. പെരിയ നായകത്തിന്റെയും ശ്രീമതി റോസ്ലിൻ മേരിയുടെയും മൂത്തമകളായി 1990 മാർച്ച് 19 ന് സഹോദരി ഡെൽഫിൻ ജനിച്ചു. അവൾക്കു മൂന്നു സഹോദരിമാർ ഉണ്ട്. 2012 ൽ FMPB സംഘടിപ്പിച്ച മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുക്കുന്ന വേളയിൽ ഡെൽഫിൻ ദൈവവേലക്കായി തന്നെ സമർപ്പിച്ചു. മത്തായി 9:37 "കൊയ്ത്തു വളരെയുണ്ടു സത്യം, വേലക്കാരോ ചുരുക്കം" ഈ വാക്യത്തിലൂടെ തന്റെ സമർപ്പണത്തെ ദൈവം സ്ഥിരീകരിച്ചു. 2014 ൽ FMPB യിൽ ചേർന്നു NIM ൽ പരിശീലനം പൂർത്തീകരിച്ചു.

2015 ജൂൺ 1 ന് കിങ്സ്ലിയും ഡെൽഫിനും തമ്മിലുള്ള വിവാഹം നടന്നു. ഇവർ കുടുംബമായി 2015 മുതൽ 2022 വരെ പശ്ചിമ ബംഗാളിലുള്ള പതിറാം, മാലതിപൂർ, താപാൻ എന്നീ മിഷൻ വയലുകളിലെ സന്താൾ വർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിച്ചു. ഇപ്പോൾ ഇവർ കുമാർഗഞ്ച്, ബാലൂർഘാട് എന്നീ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്ത മകൻ കെവീൻ റോയി (2016 ജൂൺ 22) നാലാം ക്ലാസ്സിലും ഇളയ മകൾ കെസിയ (2018 മാർച്ച് 19) രണ്ടാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

GO INTO ALL THE WORLD AND PREACH THE GOSPEL TO ALL CREATION

# friends missionary prayer band

Go or Send

## To tend the olive shoots- the second generation believers

# WANTED

## Teachers, Medical professionals

# WE ARE HIRING

**PASSIONATE AND QUALIFIED**

Teachers and Medical professionals

**School at Jharkhand (Pandeni)**

Mathematics / Science / History / PET

**School at Gujarat (Jhawda)**

Mathematics / Physics / Biology / Chemistry

**Hospital at Jharkhand**

Nurses / X-ray Technician / Pharmacist / Anaesthesiologist / Pediatrician


## WHY JOIN US?

- It is an opportunity to serve our Lord through your profession for a few years in your lifetime
- This is an investment for The Lord's Kingdom's sake in the life of young believers.
- An opportunity to transform communties by giving good education or medical services.

## WHO CAN APPLY

- A candidate who is bornagain and with a Missionary heart who are willing to stay on campus
- A candidate with good knowledge of the subject
- A candidate with a good communication skill in English

Join our team as we are involved in shaping the future of the children from the marginalised society!



**Salary for Teachers**

Any UG degree with BEd. - Rs.25000/-

Any PG degree with BEd - Rs. 27000/-

Send your Resume to the HRD **hrd@fmpb.org**

*For further details please contact:*

**FMPB,** 29, High School Road,
Ambattur, Chennai 53. 8073130527
☎ 044-26570404 / 26573353

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***